FMPB
# മിത്രാസമാചാർ
(for private circulation only)

fmpb

വാല്യം **14** | ലക്കം **9** | ആഗസ്റ്റ് 2024

**"ഇവിടെ ഒരു ബാലകൻ ഉണ്ടു; അവന്റെ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനും ഉണ്ടു; എങ്കിലും ഇത്രപേർക്കു അതു എന്തുള്ളു എന്നു പറഞ്ഞു." യോഹ. 6:9**

# ദൈവം എന്നെപ്പോലും ഉപയോഗിക്കുന്നു!



**ദൈവത്താൽ ഉപയോഗിക്കപ്പെടുവാൻ ചെറിയ കുട്ടിയായ ഞാൻ ആരാകുന്നു?**

ഞാൻ ആർ

2 ശമുവേൽ 7:18

# ആമുഖം ...



## നിങ്ങളുടെ **അല്പമായതിനെ** ദൈവസന്നിധിയിൽ കൊണ്ടുവരിക, ദൈവം എന്തു ചെയ്യുമെന്നു കാണുക

അവൻ അനാരോഗ്യം മൂലം പട്ടാളത്തിൽ നിന്നു വിരമിച്ച ഒരു സൈനീകനായിരുന്നു. വിദ്യാഭ്യാസം ഇല്ല, മദ്യാസക്തൻ, ദരിദ്രൻ, തന്റെ സഹോദരിയുടെ അപഥ സഞ്ചാരത്തിന്റെ ഇടനിലക്കാരൻ, പലയാവർത്തി നടത്തിയ മോഷണം നിമിത്തം ജയിലിൽ കിടന്നവൻ. സൗജന്യഭക്ഷണം എന്ന പരസ്യത്തിൽ ആകർഷിതനായി ആഹാരം തേടി ഒരു ദിവസം ദൈവാലയത്തിൽ ചെന്നു. റവ. ഹമ്മണ്ടിന്റെ സന്ദേശത്തിലൂടെ ദൈവം അവനോടു ഇടപെട്ടു. അന്ന് അവൻ തന്റെ ജീവിതത്തെ യേശുവിനായി സമർപ്പിച്ചു. ഒരു ഘട്ടത്തിൽ ജോൺ ജി റിഡ്‌ലി എന്ന ദൈവവേലക്കാരൻ യെശയ്യാവ് 57:15 ലൂടെ നൽകിയ സന്ദേശത്തിലെ നിത്യജീവൻ എന്ന ആശയം അവനു ബോധ്യമായി. നിത്യജീവൻ എന്ന പദം അയാളുടെ ഉള്ളിൽ ശക്തമായി പ്രതിധ്വനിച്ചു. അതു മറ്റുള്ളവരുമായി പങ്കുവെക്കണമെന്ന തീവ്രമായ പ്രേരണ തന്നിൽ ഉളവായി. നിരക്ഷരനായ അയാൾ നിത്യത എന്ന വാക്ക് വരെക്കുവാൻ പഠിച്ചു. ആ വാക്ക് കടകളുടെ വാതിലിലും പാതയോരത്തെ മതിലിലും പാർക്കിലും മറ്റും ആരും അരികിലില്ലാത്തപ്പോൾ വരെച്ചു വെച്ചു. ഈ വാക്കു കണ്ടവരുടെ ഉള്ളിൽ ഭയം ജനിപ്പിച്ചു. അതിനെ കുറിച്ചു സംസാരിക്കുവാൻ തുടങ്ങി. അവർ ചിന്തിക്കുവാൻ തുടങ്ങി. അനേകർ അതിന്റെ പ്രാധാന്യത മനസ്സിലാക്കി നിത്യതക്കായി ഒരുങ്ങി. അയാൾ ഓസ്ട്രേലിയ മുഴുവൻ നിത്യത എന്ന വാക്ക് വരച്ചു വെച്ചു. മിക്കവാറും എല്ലാവർക്കും ആ പദം സുപരിചിതമായി. യേശുക്രിസ്തുവിലൂടെ നിത്യത പ്രാപിക്കാം എന്ന സത്യം രാജ്യം മുഴുവൻ പ്രസിദ്ധമായി. 35 വയസ്സിനുള്ളിൽ ഈ വാക്ക് അയാൾ അഞ്ചു ലക്ഷം തവണ വരെച്ചു. പിന്നീട് കുടുതൽ വ്യക്തതക്കായി 'ദൈവത്തെ അനുസരിക്കുക' എന്ന പ്രസ്താവനയും കൂട്ടിച്ചേർത്തു. ആർതർ മാൽകോം സ്റ്റേസിന്റെ ബഹുമാനാർത്ഥം 2000 ൽ ഓസ്ട്രലീയായിലെ സിഡ്നിയിൽ നടന്ന ഒളിമ്പിക്സിൽ നിത്യത എന്ന വാക്ക് പ്രദർശിപ്പിച്ചു. ഇതു കൂടാതെ അദ്ദേഹത്തിന്റെ ശിലാ പ്രതിമയും കയ്യെഴുത്തിന്റെ രൂപവും കൊത്തിയെടുത്തു സ്ഥാപിച്ചു ഓസ്ട്രേലിയൻ ജനത അദ്ദേഹത്തെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ആർതറിന്റെ അനവധി പരിമിതികളുടെ മദ്ധ്യത്തിലും അവന്റെ ചിത്രകലാ വൈഭവത്തെ ദൈവം ഉപയോഗിച്ചു അനേകർക്കു അനുഗ്രഹമാക്കി. വേദപുസ്തകത്തിൽ അല്പ ഭക്ഷണത്തെ (ചെറുബാലന്റെ കയ്യിലെ അഞ്ചു യവത്തപ്പവും രണ്ടു മീനും) ദൈവം അനേക ആയിരങ്ങൾക്കു അനുഗ്രഹമാക്കി മാറ്റിയത് നാം കണുന്നു. അല്പ ബലത്തെ (ഗിദയോൻ), അല്പമായ മാവ് (സാരാഫാത്തിലെ വിധവയുടെ) അല്പമായ ധൈര്യം (ദാവിദ്), ചെറിയ സമർപ്പണം (ശമുവേൽ) ഇവരെല്ലാം അസാദ്ധ്യമായ കാര്യങ്ങൾ നേടിയെടുത്തു. ഇന്ന് നമ്മുടെ കൈവശമുള്ള അല്പമായത് - നമ്മുടെ സമയം, താലന്ത്, സമ്പത്ത് - ദൈവസന്നിധിയിൽ സമർപ്പിച്ചാൽ ദൈവം വങ്കാര്യങ്ങൾ ചെയ്യും. നമ്മിൽ അനേകരും നമ്മുടെ പോരായ്മകൾ നിമിത്തം മടിക്കുന്നു. എന്നാൽ അവന്റെ കരങ്ങളിൽ നമ്മെ ഭരമേല്പിച്ചാൽ സമ്പൂർണ്ണനായ ദൈവം നമ്മെ സമൃദ്ധിയായി ഉപയോഗിക്കും. ദൈവനാമ മഹത്വത്തിനായി ദൈവം അവയെ ഉപയോഗിക്കുമെന്ന വിശ്വാസത്തോടെ നമുക്കുള്ളതെല്ലാം ദൈവകരങ്ങളിൽ നമുക്കു സമർപ്പിക്കാം.

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും"

– ഫിലിപ്പിയർ. 4:19

നിങ്ങൾക്കായി കരുതുവാൻ ദൈവത്തെ ഓർമ്മപ്പെടുത്തേണ്ട അവശ്യമില്ല, ദൈവം നിങ്ങളുടെ ദാതാവാണെന്നു സ്വയം ഓർമ്മപ്പെടുത്തിയാൽ മതി.

"... നിങ്ങൾക്കു ആവശ്യമുള്ളതു ഇന്നതെന്നു നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവു അറിയുന്നുവല്ലോ "

– മത്തായി. 6:8

" മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടെന്നു ദൈവം ഉറപ്പു വരുത്തും. നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾക്കായ് ദൈവം നോക്കിക്കൊള്ളും."

– ജോയൽ ഓസ്റ്റീൻ

എല്ലായ്പ്പോഴും നാം പ്രതീക്ഷിക്കുന്നതു പോലെയല്ല മറിച്ച് എല്ലായ്പ്പോഴും നമ്മുടെ നന്മയ്ക്കായി ദൈവം കൃപയോടെ പ്രതികരിക്കുകയും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു.

– ജോൺ പൈപ്പർ


## മിത്രസമാചാർ

**ഞങ്ങളുടെ ദർശനം**

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

**ഞങ്ങളുടെ ദൗത്യം**

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

**കേരള സോൺ:-**

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്രസമാചാർ

FMPB യുടെ പ്രതിമാസ സൂനം

*Publisher & Editor*
S. ജോൺ ബർലിൻ

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur, Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb



# ജനറൽ സെക്രട്ടറിയുടെ കത്ത്...

സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

നമ്മുടെ പ്രീയപ്പെട്ട രാജ്യം അതിന്റെ 78–ാം സ്വാതന്ത്ര്യ ദിനം ഈ മാസം 15 ന് ആഘോഷിക്കുവാൻ പോകുന്നു. 1947 ആഗസ്റ്റ് 15 അർദ്ധരാത്രിയിലെ ആദ്യത്തെ സെക്കന്റിൽ ബ്രിട്ടിഷുകാരുടെ ഭരണത്തിൽ നിന്നും നമുക്കു സ്വാതന്ത്ര്യം ലഭിച്ചു. നമുക്കു സ്വാതന്ത്ര്യം നേടിത്തരുന്നതിനു അസംഖ്യം ആളുകൾ തങ്ങളുടെ ജീവിതം, സമ്പത്ത്, വിദ്യഭ്യാസം, സുരക്ഷിതത്വം, ക്ഷേമം എന്നിവ ത്യാഗം ചെയ്തു. ഈ രാജ്യത്തെ പൗരന്മാരാൽ സ്മരിക്കപ്പെടുവാൻ അവർ അർഹരാകുന്നു.

നാം രാഷ്ട്രീയപരമായി സ്വാതന്ത്ര്യം നേടിയെടുത്തു. എന്നാൽ അതുപോലെ നമ്മുടെ ജനം ആത്മീക സ്വാതന്ത്ര്യം പ്രാപിച്ചു എന്നു പറയുവാൻ സാധിക്കയില്ല. 2 കൊരിന്ത്യർ3:17 പറയുന്നു "കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ അത്മാവുള്ളിടത്തു സ്വാതന്ത്ര്യം ഉണ്ട്." ജനങ്ങളുടെ ജീവിതങ്ങളിലേക്ക് കർത്താവിനെ അനുവദിച്ചു കൊണ്ട് ആത്മിക സ്വാതന്ത്ര്യം നേടണം. നമ്മുടെ സഹപൗരന്മാർക്കു യേശു കർത്താവിനെ പരിചയപ്പെടുത്തിക്കൊടുക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. നമ്മുടെ പ്രാപ്തി ദൈവത്തിങ്കൽ നിന്നാണ് വരുന്നതെന്ന് 2 കൊരിന്ത്യർ മൂന്നാം അദ്ധ്യായം ഊന്നിപ്പറയുന്നു (വാ.5).

### ഡിവിഷണൽ സെക്രട്ടറിമാരുടെ യോഗം

ഡിവഷണൽ സെക്രട്ടറിമാരുടെ പതിനൊന്നാമത് രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയും രണ്ടു ദിവസത്തെ ആസുത്രണ യോഗവും ജൂൺ 18 മുതൽ 21 വരെ നടത്തി. ദൈവസന്നിധിയിൽ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി രണ്ടു ദിവസം ചിലവഴിച്ചത് ദേശത്തെ നേടുക എന്ന നമ്മുടെ ദർശനത്തെ ശക്തിപ്പെടുത്തുകയും നിരവധി അനിശ്ചിതങ്ങളുടെ നടുവിൽ ഒരുപാട് പ്രതീക്ഷകൾ നൽകുകയും ചെയ്തു. FMPB ഈ രാജ്യത്തിലേക്ക് കൂടുതൽ ആഴത്തിലും പരപ്പിലും ചെന്ന് എത്തുമെന്ന് ദൈവസാന്നിധ്യം ഞങ്ങൾക്കു പ്രത്യാശ നൽകി.

### IBT യുമായുള്ള മീറ്റിംഗ്

ഇന്ത്യ ബൈബിൾ ട്രാൻസലേറ്റേഴ്സ് നേതാക്കളുമായി ചെന്നയിൽ വെച്ചു കൂടിയാലോചിച്ചു നമ്മുടെ രാജ്യത്തു നടക്കുന്ന വേദപുസ്തക പരിഭാഷ പ്രവർത്തനം കൂടുതൽ ശക്തീകരിക്കുന്നതിനുള്ള ധാരാണപത്രം തയ്യാറാക്കി.

### CIM യുമായുള്ള മീറ്റിംഗ്

FMPB യിലെ നേതാക്കന്മാരെ പരിശീലിപ്പിക്കുന്നതിൽ സഹകരിക്കാനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനായി

ക്രിസ്റ്റ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പരിശീലന വിഭാഗത്തിന്റെ ചുമതലക്കാരുമായി ചർച്ച നടത്തി.

### ഇന്റർവ്യൂ

ജൂൺ മാസത്തിൽ നടത്തിയ ഇന്റർവ്യൂവിൽ എട്ടു പേരെ തിരഞ്ഞെടുത്തു. മെഡിക്കൽ പരിശോധനക്കു ശേഷം സീനിയർ മിഷനറിമാരുടെ സഹായത്തോടെ ഓറിയന്റേഷൻ നൽകി. FMPB യുടെ ചരിത്രവും ദർശനവും നേരിട്ടു മനസ്സിലാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടവരെ പെരിയമലയിലേക്കു കൂട്ടിക്കൊണ്ടു പോയി

### സെയനാംവിളൈ സഭയിലെ യോഗം

കന്യാകുമാരി ജില്ലയിലെ സെയനാവിള എന്റെ മാതൃ ഇടവകയാകുന്നു. സഭയിലെ വികാരിയും സഭാ കമ്മറ്റിയും ഞായറാഴ്ച ആരാധനയിൽ പ്രസംഗിക്കുന്നതിനായി എന്നെ ക്ഷണിച്ചു. ഈ സഭയും ഇതിലെ വിശ്വാസികളും എന്റെ ആരംഭകാല ക്രിസ്തീയ ജീവിതത്തിൽ ഏറെ സ്വാധിനം ചെലുത്തിയിരുന്നു. അവരിൽ ചിലർ ഇപ്പോൾ ജീവനോടില്ല. ഞാൻ അവരെയെല്ലാം സ്മരിക്കുന്നു. അവരുടെ സംഭാവനകൾക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഞായറാഴ്ച ആരാധനയിലും പുരുഷന്മാരുടെ യോഗത്തിലും ദൈവവചനം പങ്കുവെച്ചു.

### ഉത്ഘൽ റീജിയൻ (ഒടിഷ) സന്ദർശനം

മിഷൻ വയൽ നേതാക്കളുമായി ഒടിഷയിൽ കർത്താവിനെ സേവിക്കുന്ന മിഷനറി കുടുംബങ്ങളെ സന്ദർശിച്ചു. മിഷനറി കുടുംബങ്ങളുമായുള്ള ആശയ വിനിമയം ശുശ്രൂഷയുമായി ബന്ധപ്പെട്ടുള്ള വെല്ലുവിളികളും അവസരങ്ങളും ഗ്രഹിക്കുന്നതിനു ഞങ്ങളെ സഹായിച്ചു. പുതിയ ധാരണകളുടെ അടിസ്ഥാനത്തിൽ ഭാവി ശുശ്രൂഷയിൽ വരുത്തേണ്ട ചില രീതി ശാസ്ത്രപരമായ മാറ്റങ്ങളെ കുറിച്ചു ഞങ്ങൾ ഒരുമിച്ചു ചർച്ച ചെയ്തു.

### സന്താൾ പശ്ചിമ ബംഗാൾ റീജിയൻ സന്ദർശനം.

പശ്ചിമ ബംഗാളിൽ സന്താളികളുടെ മദ്ധ്യേ ശുശ്രൂഷ ചെയ്യുന്ന മിഷനറിമാരെ സന്ദർശിച്ചു. പശ്ചിമ ബംഗാളിലെ സന്താളികൾക്കിടയിൽ സുവിശേഷത്തോടുള്ള സ്വീകാര്യത ജാർഖണ്ഡ് സന്താളികളിൽ നിന്ന് വ്യത്യസ്തമാണ്. പശ്ചിമ ബംഗാളിലെ ശുശ്രൂഷ വിപുലമായ രീതിയിൽ വർദ്ധിക്കേണ്ടതിനു നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

### OTC, ബോർഡ് മീറ്റിംഗ് ദുംങ്ക, ജാർഖണ്ഡ്

കീരബാനി, ഔട്ട് റീച്ച് പരിശീലന കേന്ദ്രത്തിന്റെ ബോർഡ് മീറ്റിംഗ് 2024 ജൂലൈ 10 ന് നടത്തി. നോർത്തേൺ ഇവാൻജലിക്കൽ ലൂഥറൻ സഭയുടെ മോഡറേറ്ററും ബിഷപ്പും സഭാ നേതാക്കന്മാരോടു കൂടെ ഈ മീറ്റിംഗിൽ സംബന്ധിച്ചു. സഭയും FMPB യും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനെ കുറിച്ചു ഞങ്ങൾ ചർച്ച ചെയ്തു.

### ക്രോസ് കൾച്ചറൽ കമ്മ്യൂണിക്കേഷൻ പരിശീലനം

ഇതര സംസ്കാരത്തിലുള്ളവരുമായി ആശയവിനിമയം ചെയ്യുന്നതിനുള്ള പരിശീലനം വെസ്റ്റേൺ

സോണിലുള്ള മിഷനറിമാർക്കായി ഗുജറാത്തിലെ ഫൊക്ടിയിൽ സംഘടിപ്പിച്ചു. 44 മിഷനറിമാർ ഈ പ്രോഗ്രാമിൽ സംബന്ധിച്ചു. ശുശ്രൂഷയെ പുതിയ വീക്ഷണത്തിൽ കാണുന്നതിനു ഈ പ്രോഗ്രാം അവരെ സഹായിക്കുകയും ഇതുവരെയുള്ള പ്രവർത്തനത്തെ വിലയിരുത്തുന്നതിനു മിഷനറിമാർക്കു അവസരം നൽകുകയും ചെയ്തു.

### ആഗസ്റ്റ് മാസത്തെ പ്രോഗ്രാമുകൾക്കായി പ്രാർത്ഥിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു

### NIMപരിശീലനം

ദൈവഹിതമെങ്കിൽ ജൂലൈ അവസാനത്തിലും ആഗസ്റ്റ് ആരംഭത്തിലുമുള്ള ചില ദിവസങ്ങൾ ഞാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷനിൽ ആയിരിക്കും. ആഗസ്റ്റ് ആദ്യം പരിശീലനം പൂർത്തീകരിച്ച് മിഷൻ വയലുകളിലേക്കു പോകുന്ന യൗവ്വനക്കാരായ മിഷനറിമാരുമായി സംവദിക്കുവാൻ ഈ സമയം എനിക്കു സാധിക്കും. ഇവരെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക,

### കലണ്ടർ കമ്മറ്റി

2025ലെ കലണ്ടർ തയ്യാറാക്കുവാൻ തുടങ്ങി. അടുത്ത വർഷത്തെക്കു ദൈവം നൽകിയ ചിന്താവിഷയത്തിനും കലണ്ടറിന്റെ രൂപകല്പനക്കും വേണ്ടി ദയവായി പ്രാർത്ഥിക്കുക. പല ഭാഷകളിൽ നാം കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനാൽ അതിന്റെ അച്ചടി മെച്ചമായ ഗുണനിലവാരമുള്ളതാകേണ്ടതിനായി പ്രാർത്ഥിക്കുക.

### മിഷൻ നേതാക്കന്മാരുടെ സംഗമം, മധുരൈ

മിഷൻ സംഘടനകളുടെ നേതാക്കന്മാരുടെ നാലു ദിവസത്തെ യോഗം മധുരയിൽ ക്രമീകരിക്കുന്നു. നമ്മുടെ രാജ്യത്തെ നേടുന്നതിനു ഈ യോഗം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### കാൻപൂർ റീജിയൻ (ഉത്തർപ്രദേശ്)

ദൈവഹിതമെങ്കിൽ മിഷൻ വയൽ നേതാക്കളുമായി ഞാൻ കാൺപൂർ റീജിയനിൽ പ്രവർത്തിക്കുന്ന മിഷനറിമാരെ സന്ദർശിക്കുന്നതാണ്. ഈ വിഷമകരമായ സാഹചര്യത്തിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറിമാർക്കു ഈ സന്ദർശനം പ്രോത്സാഹനമാകേണ്ടതിനായി പ്രാർത്ഥിക്കുക.


### മാനേജ്മെന്റ് കമ്മറ്റി

ആഗസ്റ്റ് 24,24 തീയതികളിൽ മാനേജ്മെന്റ് കമ്മറ്റി ചേരുന്നാണ്.

FMPB യുടെ പ്രവർത്തനത്തിലുള്ള നിങ്ങളുടെ മനോഹരമായ പങ്കാളിത്വത്തിനും നിങ്ങളുടെ സാമ്പത്തീക സഹായത്തിനും പ്രാർത്ഥനക്കും നിങ്ങളേവരോടുമുള്ള നന്ദിയറിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സുവിശേഷം ശ്രവിക്കാത്തവരെ സുവിശേഷത്താൽ നേടുന്നതിനു നിങ്ങളുടെ പ്രാർത്ഥന ഏറെ സഹായകരമാകുന്നു. ദൈവം നിങ്ങളോടു കൂടെയിരിക്കുമാറാകട്ടെ.

**നിങ്ങൾക്കെല്ലാവർക്കും സ്വാതന്ത്ര്യ ദിനാശംസകൾ.**

കർത്താവിന്റെ വേലയിൽ നിങ്ങളുടെ കൂട്ടു വേലക്കാരൻ



**റവ. ജോൺ ബർലിൻ എസ്.**

# നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കർത്താവ്



നമ്മുടെ ജീവിതത്തിലെ പല സാഹചര്യങ്ങളിലും നാം നമ്മുടെ ജീവിതത്തിലെ പോരായ്മകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ അപര്യാപ്തതകളിൽ മുഴുകി നാം നമ്മുടെ ജീവിതത്തിലെ അനുഗ്രഹങ്ങളെ അവഗണിക്കുക സ്വഭാവികമാണ്. സമ്പൂർണ്ണനായവൻ നമ്മോടു കൂടെയുണ്ടെന്നത് ക്രിസ്ത്യാനികളായ നാം ഓർക്കണം. നമ്മുടെ എല്ലാ ആവശ്യങ്ങളും ദൈവം എപ്രകാരം നറവേറ്റുന്നു എന്നത് വിശുദ്ധ തിരുവചനത്തിൽ നിരവധി തവണ നാം കാണുന്നു.

## നമ്മുടെ ആവശ്യങ്ങളിൽ സമ്പൂർണ്ണനായവൻ

"ഇവിടെ ഒരു ബാലകൻ ഉണ്ടു; അവന്റെ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനും ഉണ്ടു; എങ്കിലും ഇത്ര പേർക്കു അതു എന്തുള്ളു എന്നു പറഞ്ഞു" (യോഹ.6:9). ശിഷ്യന്മാർ അവരുടെ കയ്യിലുള്ള ചെറിയ അളവിലുള്ള ഭക്ഷണം മാത്രമേ കാണുന്നുള്ളൂ. യോഹന്നാൻ 6:1-13 വരെയുള്ള ഭാഗത്തു വിവരിക്കുന്ന അഞ്ചു അപ്പവും രണ്ടു മീനും കൊണ്ടു 5000 ത്തിലധികം ജനങ്ങളെ പോഷിപ്പിക്കുന്ന യേശുവിന്റെ അത്ഭുതം നാലു സുവിശേഷത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് ഏകദേശം 13000 ആളുകളെ തൃപ്തിയെടുത്തിയിരിക്കുമെന്നു പറയപ്പെടുന്നു. ആവശ്യസന്ദർഭങ്ങളിൽ സമൃദ്ധിയായി നൽകുന്ന പിതാവിനെ യേശുക്രിസ്തു നോക്കി.

നാം ആരാധിക്കുന്ന ദൈവം ഈ മുഴു ലോകത്തെയും സൃഷ്ടിച്ചവനാകുന്നു. ഈ ദൈവം ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യൻ ആകുന്നു. തന്റെ സൃഷ്ടിയുടെ സകല ആവശ്യങ്ങളും അവൻ നിറവേറ്റുന്നു. അഞ്ചു അപ്പവും രണ്ടു മീനും ഒരു കുടുംബത്തിന്റെ ഭക്ഷണത്തിനു മതിയാകുമോ? എന്നിട്ടും ദൈവം അനുഗ്രഹിച്ചപ്പോൾ അത് 5000 പേർ തിന്നു തൃപ്തരായി. പന്ത്രണ്ടു കൊട്ട ബാക്കിയുമായി. മനുഷ്യ നേത്രങ്ങൾക്കു ചെറുതെന്നു തോന്നുന്നത് ദൈവകരങ്ങളിൽ സമൃദ്ധിയായി തീരുന്നു. ദൈവത്തിന്റെ ശക്തിയെയും സ്നേഹത്തെയും ഒരിക്കലും വിലകുറച്ചു കാണരുത്.

## നമ്മുടെ ആവശ്യങ്ങളിൽ ഒരു പ്രതീക്ഷ

ഈ അത്ഭുതം നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങളിലുള്ള ദൈവ

ത്തിന്റെ കരുതലും അവനിലുള്ള നമ്മുടെ വിശ്വാസത്തിന്റെ ആവശ്യകതയും വ്യക്തമാക്കുന്നു. ദൈവം നമ്മുടെ ഭൗതീക ആവശ്യങ്ങൾ മാത്രമല്ല നമ്മുടെ വൈകാരികവും ആത്മീകവുമായ ആവശ്യങ്ങളും നിറവേറ്റുന്നു. കാരണം അവന്റെ നാമം 'യഹോവ യിരെ', കരുതുന്ന ദൈവം എന്നാകുന്നു. ദൈവീക കരുതലിനായി നാം അവനെ വിശ്വസിക്കണം. സകലവും ദൈവത്തിന്റെ നീയന്ത്രണത്തിലാണെന്നും നമ്മുടെ ആവശ്യങ്ങളിൽ അവൻ മതിയായവനാണെന്നും ഈ അത്ഭുതം ജനത്തിനും ശിഷ്യന്മാർക്കും വീണ്ടും ഉറപ്പു നൽകുന്നു.

യോഹന്നാൻ 6:9 ന്റെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതം യേശുക്രിസ്തുവിന്റെ കരങ്ങളിൽ ആകുന്നു. നാം ചിന്തിക്കുന്നതിലപ്പുറമായി ദൈവത്തിനു നമ്മെ ഉപയോഗിക്കുവാൻ കഴിയും. നമ്മുടെ പക്കലുള്ള അൽപം ദൈവകരങ്ങളിൽ സമർപ്പിച്ച് വിശ്വാസത്തോടു കാത്തിരിക്കുമ്പോൾ അവൻ അത് സമൃദ്ധിയായി വർദ്ധിപ്പിച്ച് അവന്റെ നാമത്തെ മഹത്വപ്പെടുത്തും.

## നമ്മുടെ ആവശ്യങ്ങളിൽ ഒരു സമർപ്പണം.

മർക്കൊസ് 6:38 ൽ യേശു തന്റെ ശിഷ്യന്മാരോടു നിങ്ങളുടെ പക്കൽ എത്രത്തോളം ഭക്ഷണം ഉണ്ടെന്നു ചോദിച്ചപ്പോൾ അന്ത്രയോസ് ഒരു ബാലനെ യേശുവിന്റെ മുമ്പിൽ കൊണ്ടു വന്നു. യേശു ശിഷ്യന്മാരോടു അവർക്കു ഭക്ഷണം കൊടുപ്പിൻ എന്ന് ആവശ്യപ്പെടുന്നതുവരെ ആ ബാലനെ ആർക്കും അറിയില്ലായിരുന്നു. ആ ബാലൻ കൊണ്ടു വന്ന ഭക്ഷണത്തെ യേശു ആശീർവദിച്ചു വിതരണം ചെയ്തപ്പോൾ ജനക്കൂട്ടം തിന്നു തൃപ്തി പ്രാപിച്ചു. നാം നമ്മുടെ ജീവിതത്തെ, താലന്തുകളെ, വിദ്യഭ്യാസത്തെ, ഭൗതിക നന്മകളെ, നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ ദൈവത്തിനു നമ്മെ ഉപയോഗിച്ച് ഈ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുവാൻ സാധിക്കും.

## ആവശ്യങ്ങളുടെ മദ്ധ്യേ ഒരു അത്ഭുതം

“അപ്പോൾ മോശെ: എന്നോടുകൂടെയുള്ള ജനം ആറു ലക്ഷം കാലാൾ ഉണ്ടു; ഒരു മാസം മുഴുവൻ തിന്മാൻ ഞാൻ അവർക്കു ഇറച്ചി കൊടുക്കുമെന്നു നീ അരുളിച്ചെയ്യുന്നു. അവർക്കു മതിയാകും വണ്ണം ആടുകളെയും മാടുകളെയും അവർക്കു വേണ്ടി അറുക്കുമോ? അവർക്കു മതിയാകുംവണ്ണം സമുദ്രത്തിലെ മത്സ്യത്തെ ഒക്കെയും അവർക്കു വേണ്ടി പിടിച്ചു കൂട്ടുമോ? എന്നു ചോദിച്ചു. യഹോവ മോശെയോടു യഹോവയുടെ കൈ കുറുതായിപ്പോയോ? എന്റെ വചനം നിവൃത്തിയാകുമോ ഇല്ലയോ എന്നു നീ ഇപ്പോൾ കാണും എന്നു കല്പിച്ചു.” (സംഖ്യ 11:21 –23). ദൈവം വാഗ്ദത്തം ചെയ്തതുപോലെ ജനത്തെ പോഷിപ്പിച്ചു. പഴയ നിയമത്തിൽ ദൈവം ധാരാളം അത്ഭുതം ചെയ്തതു പോലെ പുതിയ നിയമത്തിൽ യേശുവും ധാരാളം അത്ഭുതങ്ങൾ ചെയ്തു. കാനാവിലെ കല്യാണ വിരുന്നിൽ വീഞ്ഞില്ലാതെ വന്നപ്പോൾ മുമ്പു നൽകിയതിലും അധികം മെച്ചമായ വിഞ്ഞു നൽകി യേശു അത്ഭുതം പ്രവർത്തിച്ചു (യോഹ.2:1–11)

## ആവശ്യങ്ങളുടെ മദ്ധ്യത്തിൽ ഒരു പ്രാർത്ഥന

1999 ൽ ഛത്തീസ്ഘട്ടിലെ റാണിപ്പൂരിൽ കർത്താവിന്റെ വേല ചെയ്യുന്ന വേളയിൽ നിർമൽപാദ എന്ന

വിശ്വാസി ഭക്ഷണത്തിനായി ഞങ്ങളുടെ കുടുംബത്തെ ക്ഷണിച്ചു. ശുശ്രൂഷ കഴിഞ്ഞ് സുവിശേഷകരും സഭാമൂപ്പന്മാരും ഉൾപ്പടെ പത്തു പേർ ഞങ്ങളോടു കൂടെ ചേർന്നു. ആ കുടുംബം ഇത്ര വലിയൊരു കൂട്ടത്തെ പ്രതീക്ഷിച്ചിരുന്നില്ല. കഴിഞ്ഞ ആഴ്ചയിലെ ആരാധനയിൽ പ്രസംഗിച്ച അഞ്ച് അപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച അത്ഭുതം ഓർത്തു കൊണ്ട് കുടുംബനാഥ പ്രാർത്ഥിച്ചു. അവിടെയുള്ള ഭക്ഷണം കൊണ്ട് എല്ലാവരും തൃപ്തരാകുമെന്നു വിശ്വസിച്ചു കൊണ്ട് അവൾ പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥനക്കു ഉത്തരം നൽകി. എല്ലാവരും ഭക്ഷിച്ചു തൃപ്തരായതിനു ശേഷവും ഭക്ഷണം ബാക്കിയുണ്ടായിരുന്നു. അടുത്ത ഞായറാഴ്ച ആരാധന യോഗത്തിൽ അവൾ സന്തോഷത്തോടെ ഈ സാക്ഷ്യം പ്രസ്താവിച്ചു.

ആത്മീകവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങളാലും ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. പാപമോചനവും നിത്യരക്ഷയും ദൈവം നൽകിത്തന്നു. നാം പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ ആശ്രയിക്കണം. അഞ്ചു അപ്പവും രണ്ടു മീനും യേശുവിനു നൽകിയ ചെറു ബാലനെ പോലെ, യേശുവിനെ അനുസരിച്ച ശിഷ്യന്മാരെ പോലെ നാം നമ്മെ ദൈവസന്നിധിയിൽ സമർപ്പിച്ചു ദൈവവചനം അനുസരിക്കണം. പലപ്പോഴും ദൈവത്തിങ്കൽ നിന്നു ഉടനടി പരിഹാരം നാം പ്രതീക്ഷിക്കുന്നു. ദൈവത്തിന്റെ സമയത്തു ദൈവം എല്ലാം ഭംഗിയായി ചെയ്യുമെന്നു നാം ദൈവത്തിൽ വിശ്വസിക്കണം. "ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും; യഹോവയെ കാത്തിരിക്കുന്നവർക്കോ ഒരു നന്മെക്കും കുറവില്ല". (സങ്കീ.34:10).

## പോരായ്മകളിൽ നമ്മുടെ പങ്ക്

ഇന്ന്, നമുക്ക് ചുറ്റുമുള്ള പലരും ആത്മീകവും ഭൗതീകവുമായ വിശപ്പ് അനുഭവിക്കുന്നു. ഭൗതീക വിശപ്പിനെ തൃപ്തിപ്പെടുത്തുവാൻ അനേകർ തയ്യാറാണ്. എന്നാൽ ആത്മീക വിശപ്പിനെ തൃപ്തിപ്പെടുത്തുവാൻ കുറച്ചു പേർക്കെ കഴികയുള്ളു. പാപത്തിൽ നഷ്ടപ്പെട്ടവരെ രക്ഷയിലേക്കു നയിക്കുന്നതിനും ദൈവക്രോധത്തിൽ നിന്നു അവരെ രക്ഷിക്കുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകുന്നതിനു വ്യക്തികളെ നമുക്ക് ആവശ്യമുണ്ട്. വന്നു കൂടിയ ജനത്തിന്റെ ഭൗതിക വിശപ്പിനെ തിരിച്ചറിഞ്ഞ് അവർക്കു ഭക്ഷണം നൽകുവാൻ ശിഷ്യന്മാർ ശ്രമിച്ചതു പോലെ നമുക്കു ചുറ്റുമുള്ളവരുടെ ആവശ്യങ്ങളെ ദൈവീക കാഴ്ചപ്പാടിൽ നമുക്കു കാണുവാൻ സാധിക്കണം. ജീവന്റെ നായകനായ യേശുക്രിസ്തുവിനെ ആവശ്യമുള്ളവരുമായി പങ്കുവെക്കുവാൻ ദൈവം നമ്മെ ഉപയോഗിക്കുമാറാകട്ടെ. നമുക്കു വേണ്ടി ജീവിക്കാതെ മറ്റുള്ളവർക്കു വേണ്ടി ജീവിക്കുവാൻ നമുക്കു ശ്രമിക്കാം. നമ്മുടെ കുറവുകളിലും ദൈവീക അനുഗ്രഹം കാണുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും". (ഫിലി.4:19).

**ശ്രീമതി. വിജയറാണി ആൽബിൻ**
മൊബലൈസേഷൻ - കന്യാകുമാരി

# കോതമ്പു മണിയായി വീണു!



## ശ്രീ. എം. ഫ്രാൻസിസ്

ശ്രീ. എം. ഫ്രാൻസിസ് ചെന്നയിൽ പുരശൈവക്കത്തുള്ള ശ്രീ. മറിയദാസിന്റെയും ശ്രീമതി ആരോഗ്യ മേരിയുടെയും മകനായി 9/9/1937 ൽ ജനിച്ചു. അദ്ദേഹത്തിനു ഒരു സഹോദരിയും രണ്ടു സഹോദരന്മാരും ഉണ്ട. കത്തോലിക്ക കുടുംബത്തിൽ ജനിച്ച ഫ്രാൻസിസ് 25 വയസ്സു വരെ ആ രീതിയിൽ വളർന്നു. 9/9/1961 ൽ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. പലവിധ ലോകമോഹങ്ങൾക്കധീനനായി സാമാധാനമില്ലാതെ ജീവിച്ച സാഹചര്യത്തിൽ ഫ്രാൻസിസ് രക്ഷാനിർണ്ണയം പ്രാപിച്ചു. അതിനെ തുടർന്നു രണ്ടു മാസം ജോലിയില്ലാതെ ക്ഷീണിച്ച അവസരത്തിൽ ലൂക്കോസ് 17:8 ലൂടെ ദൈവം സംസാരിക്കുകയും കർത്താവിന്റെ വേലക്കായി വിളിക്കുകയും ചെയ്തു. 1971 ൽ തനിക്കു ലഭിച്ച ദൈവവിളി സ്ഥിരീകരിക്കുവാനായി ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ യെശയ്യാവ് 33:17 ലെ വാഗ്ദത്തം നൽകി കർത്താവ് തന്റെ ദൈവവിളി സ്ഥിരീകരിച്ചു. തുടർന്നു സുവിശേഷ പ്രഘോഷണത്തിനായി ഉത്തരേന്ത്യയിൽ പോകുന്നതിനു സ്വയം സമർപ്പിക്കുകയും 9/2/1970 ൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിൽ പൂർണ്ണ സമയ മിഷനറിയായി ചേരുകയും ചെയ്തു. 18/1/1971 ൽ സഹോദരി ഒലിവിനെ വിവാഹം കഴിക്കുകയും ഈ ദിവ്യ ശുശ്രൂഷ ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലുമായി തുടരുകയും ചെയ്തു. ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി ദൈവം ഈ കുടുംബത്തെ സീതാമടി, മധുപനി, നാഗപ്പൂർ, ബർഹർവ, തൽജാരി, ബാരഗൗൺ, ഗോണ്ട, ഹിസ്സാർ, മഹാരാഷ്ട്ര, തമിഴ്നാട് എന്നിവിടങ്ങളിൽ ഉപയോഗിച്ചു. ചില വ്യക്തിപരമായ കാരണങ്ങളാൽ ശുശ്രൂഷ തുടർന്നു ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ 1998 ൽ അദ്ദേഹം സ്വമേധയാ വിരമിച്ചു. തന്റെ ജീവിതത്തിന്റെ അവസാന നാളുകൾ മഹാരാഷ്ട്രയിൽ കർത്താവിന്റെ വേല ചെയ്യുന്ന ഇളയമകളുടെ കൂടെ ആയിരുന്നു. 1/7/2024 ൽ ശ്രീ. ഫ്രാൻസിസ് കർത്താവിൽ നിദ്ര പ്രാപിച്ചു. ഭൗതീക ശരീരം ചന്ദ്രപൂരിൽ സംസ്കരിച്ചു. അദ്ദേഹം വിട്ടിട്ടു പോയ ഭാര്യയുടെയും മക്കളായ യോശുവ ഉമ്രനാടു, മേരി, മാർത്ത എന്നിവരുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### പരിപാലിക്കുന്ന ദൈവകൃപ

നമ്മുടെ സ്വദേശ സുവിശേഷകൻ സുരേഷ് ബായി, മണിലാൽ ബായിയുടെ കുടുംബത്തോടും നമ്മുടെ മിഷനറി വിഘ്നേശിനോടും കൂടെ ഒരു മോട്ടർ സൈക്കിളിൽ ഗുജറാത്തിൽ അഹവ മിഷൻ വയലിലെ അജൻകുണ്ട് ഗ്രാമത്തിലെ ഉണർവ്വ് ക്യാമ്പിന്റെ സമാപന യോഗം നടത്തുന്നതിനായി പോകുകയായിരുന്നു. പെട്ടെന്നു അവരുടെ മുമ്പിലേക്കു ഒരു കടുവ വന്നു. അത്ഭുതകരം! അത് അവരെ ഉപദ്രവിക്കാതെ കാട്ടിലേക്കു പോയി. ദൈവം തന്റെ ദാസന്മാരെ അത്ഭുതകരമായി പരിപാലിച്ചു.

ഞാൻ നിങ്ങളെ ബദ്ധന്മാരായി
കൊണ്ടുപോകുമാറാക്കിയ പട്ടണത്തിന്റെ
നന്മ അന്വേഷിച്ചു
**അതിനു വേണ്ടി യഹോവയോടു പ്രാർത്ഥിപ്പിൻ;**
അതിനു നന്മ ഉണ്ടെങ്കിൽ
നിങ്ങൾക്കും നന്മ ഉണ്ടാകും

••• യിരെമ്യാവ്. 29:7 •••

*സ്വാതന്ത്ര്യ ദിനാശംസകൾ*

# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## BARCODE

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# മിഷനറി ജീവചരിത്രം



**കുമാരി. എസ്ഥേർ മങ്ക**
(1948-1998)

ഈ ഭൂമിയിൽ ദൈവീക ദൗത്യം നിറവേറ്റുന്നതിനായി ദൈവം തന്റെ പരിജ്ഞാനത്താൽ ചിലരെ തീഷ്ണതയുള്ളവരായി വിളിച്ചു. അവർ ദൈവരാജ്യവ്യാപനത്തിനായി മാത്രം ജീവിക്കുന്നു. സഭകൾ സ്ഥാപിക്കുന്നതിനായി ഇതര സംസ്കാരമുള്ളവരുടെ മദ്ധ്യേ തീഷ്ണതയോടെ പ്രവർത്തിക്കുന്നതിനായി ദൈവം തിരഞ്ഞെടുത്ത ഇത്തരത്തിലുള്ള ഒരു മിഷനറിയായിരുന്നു സഹോദരി എസ്ഥേർ മങ്ക. ജനിച്ചതും വളർന്നതും തമിഴ്നാട്ടിലെ ഒരു ബ്രാഹ്മണ കുടുംബത്തിലാണ്. 1948 ജനുവരി 31 ന് അവൾ ജനിച്ചു. അവൾക്കു നാലു സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ട്. വലിയ കുടുംബമായതിനാൽ പലപ്പോഴും സാമ്പത്തീക പരാധീനതയിൽ ആയിരുന്നു. ക്രിസ്തുവിനെ വ്യക്തിപരമായി ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ഒരു കുടുംബത്തിലാണ് എസ്ഥേർ മങ്ക വളർന്നു വന്നത്.

സ്കൂൾ പഠനം പൂർത്തീകരിച്ച എസ്ഥേർ മങ്ക ഉന്നത പഠനത്തിനു പോകുവാൻ ആഗ്രഹിച്ചെങ്കിലും കുടുംബത്തിന്റെ സാമ്പത്തിക നില അതിനനുവദിച്ചില്ല. ഇതേ സമയം അവളുടെ സഹോദരിമാരിൽ ഒരാൾ രോഗിയുമായി. കുടുംബം അവളെ പല ആശുപത്രികളിൽ കൊണ്ടു പോയി അനേക ഡോക്ടറന്മാരെ കാണിച്ചു ചികിത്സിച്ചെങ്കിലും ഒരു ഫലവും ഉണ്ടായില്ല. അവളെ പല അമ്പലങ്ങളിൽ കൂട്ടിക്കൊണ്ടു പോയി. അവരുടെ ഈ പരിശ്രമങ്ങൾക്കും ഒരു ഗുണവും ലഭിച്ചില്ല. ഈ സങ്കടകരമായ സാഹചര്യം മുഴു കുടുംബത്തെ ബാധിക്കുകയും ഉലെക്കുകയും ചെയ്തു.

എസ്ഥേർ മങ്കയുടെ സ്നേഹിതരിൽ ഒരാൾ അവളെ ഒരു ക്രിസ്തീയ ദൈവാലയത്തിലേക്കു കൂട്ടിക്കൊണ്ടു പോയി. അവിടെവെച്ചു അവൾ ആദ്യമായി സുവിശേഷം ശ്രവിച്ചു. ആ പാസ്റ്ററുടെയും സുവിശേഷകരുടെയും പ്രസംഗത്തിന്റെ പൊരുൾ അവൾക്കു മനസ്സിലായില്ല. അവളുടെ സ്നേഹിതയുടെ ദൈവത്തോടു അവൾക്കു പ്രാർത്ഥിക്കണമായിരുന്നു. അവളുടെ ഹൃദയത്തിന്റെ തുടിപ്പുകൾ എല്ലാം രോഗിയായ സഹോദരിയുടെ സൗഖ്യത്തെ കുറച്ചു നാളുകൾക്കു മുമ്പ് അവൾക്കു നഷ്ടയമായ സാധനങ്ങളെ കുറിച്ചുമായിരുന്നു. അവൾ പാസ്റ്ററെ കണ്ടു. അദ്ദേഹം വളരെ ലളിതമായ രീതിയിൽ സുവിശേഷം പങ്കുവെക്കുകയും തുടർന്നും യേശുവിനോടു പ്രാർത്ഥിക്കുവാൻ അവളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ദൈവം അവളുടെ പ്രാർത്ഥന കേട്ടു. അവളുടെ സഹോദരി ആരോഗ്യം വീണ്ടെടുത്തു. അതിനെ തുടർന്നു ആ

സഹോദരി വിവാഹിതയായി. കുറച്ചു നാളുകൾക്കു മുമ്പു എസ്ഥേറിനു നഷ്ട പ്പെട്ടു പോയതെല്ലാം തിരികെ ലഭിച്ചു. ഈ രണ്ടു സംഭവങ്ങൾ എസ്ഥേറിന്റെ ഹൃദയത്തെ സ്പർശിച്ചു. ക്രിസ്തുവിനെ കുറിച്ചു കൂടുതൽ അറിയണമെന്നു അവൾ ആഗ്രഹിച്ചു. അങ്ങനെ അവൾ ഒരു വേദപുസ്തകം സ്വന്തമാക്കി ആത്മാർത്ഥമായി വായിക്കുവാൻ തുടങ്ങി. സത്യം മനസ്സിലാക്കിയ അവൾ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു 1974 ൽ സ്നാനപ്പെടുകയും ചെയ്തു.

## രക്ഷയും എതിർപ്പും

ക്രിസ്തീയ വിശ്വാസത്തോടുള്ള എസ്ഥേറിന്റെ താൽപര്യത്തെ കുറിച്ചു കുടുംബം അറിഞ്ഞു. അവൾ ദൈവാലയത്തിലെ ആരാധനയിൽ പങ്കെടുക്കുന്നു എന്ന മനസ്സിലാക്കിയ കുടുംബാംഗങ്ങൾ കോപിഷ്ഠരായി അവളെ ഉപദ്രവിക്കുവാൻ തുടങ്ങി. പുതിയ വിശ്വാസം ഉപേക്ഷിക്കുവാൻ അവളെ നിർബന്ധിച്ചു. അവർ വേദപുസ്തകം വലിച്ചു കീറി തീയിൽ ഇട്ടു കത്തിച്ചു കളഞ്ഞു. എന്നാൽ എസ്ഥേർ മങ്ക വിശ്വാസത്തിൽ ഉറച്ചു നിന്നു ക്രിസ്തുവിനെ അന്വേഷിച്ചു. കുടുംബത്തിലുള്ളവർ അറിയാതെ രഹസ്യമായി ആരാധന യോഗങ്ങളിൽ സംബന്ധിച്ചു. പല വിധത്തിൽ അവളെ ഭീഷണിപ്പെടുത്തിയ ബന്ധുക്കൾ ഒടുവിൽ അവളോടു വീട്ടിൽ നിന്നും ഇറങ്ങിപോകുവാൻ ആവശ്യപ്പെട്ടു. ഈ പ്രയാസകരമായ ചുറ്റുപാടിൽ ദൈവം അവളുടെ മുമ്പിൽ ഒരു പുതു വാതിൽ തുറന്നു. അവൾക്കു ഒരു ചെറിയ സ്കൂളിൽ അദ്ധ്യാപികയായി ജോലി ലഭിച്ചു. അങ്ങനെ വീടു ഉപേക്ഷിച്ചു ഇറങ്ങി. പുതിയൊരു ഭവനത്തിൽ തനിയെ ജീവിക്കുവാൻ തുടങ്ങി. ആറു മാസത്തെ അദ്ധ്യാപക ജോലിയിൽ അവൾക്കു ദൈവവചനം പഠിക്കുന്നതിനും ധ്യാനിക്കുന്നതിനും ധാരാളം സമയം ലഭിച്ചു. അങ്ങനെ അവൾ ക്രിസ്തുവിൽ വളർന്നു. ദൈവവചനം അവൾക്കു അവർണ്ണനിയമായ സന്തോഷം നൽകി. അവൾ കർത്താവിനായി സാക്ഷ്യമുള്ള ജീവിതം നയിച്ചു.

## ശുശ്രൂഷക്കായുള്ള ദൈവവിളി

കുടുംബത്തിൽ നിന്നു അകന്നു ആറു മാസം ജീവിച്ചപ്പോൾ ജീവനുള്ള ദൈവവുമായുള്ള അവളുടെ ബന്ധം ശക്തിപ്പെട്ടു. ദൈവം തന്റെ ശുശ്രൂഷക്കായി അവളെ വിളിച്ചു. പാപക്ഷമ നൽകിയ ദൈവസ്നേഹം അവൾ രുചിച്ചറിഞ്ഞു. ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച ദൈവത്തിന്റെ മകളായി തീർന്നു. എല്ലാവരോടും ഈ സുവിശേഷം പ്രഘോഷിക്കുവാൻ അവൾ തന്റെ ജീവിതം സമർപ്പിച്ചു. പൂർണ്ണ സമയ സുവിശേഷ വേല ചെയ്യുന്നതിനായുള്ള അവസരം അവൾ തേടി. സ്ത്രീകൾക്കു ഇന്ത്യയിൽ സുവിശേഷ വേല ചെയ്യുക വളരെ ബുദ്ധിമുട്ടാണെന്നു അവൾ മനസ്സിലാക്കി. യുവതി യുവാക്കളെ ഉൾപ്പെടുത്തി ഓപ്പറേഷൻ മൊബലൈസേഷൻ ഇന്ത്യ, തമിഴ്നാട്ടിൽ സുവിശേഷം വേല ചെയ്യുന്നുണ്ടായിരുന്നു. ഓപ്പറേഷൻ മൊബലൈസേഷൻ, സ്ത്രീകളുടെ സംഘത്തിൽ പ്രവർത്തിക്കുന്നതിനു എസ്ഥേർ മങ്കക്കു ഒരവസരം നൽകി. അങ്ങനെ അവൾ ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുവാൻ തുടങ്ങി.

## സഭ സ്ഥാപന ശുശ്രൂഷ

സുവിശേഷം പ്രഘോഷിക്കുക എസ്ഥേർ മങ്കയുടെ അഭിനിവേശമായിരുന്നു പ്രത്യേകാൽ സുവിശേഷം ഒരിക്കൽ പോലും ശ്രവിക്കാത്തവരുടെ ഇടയിൽ സുവിശേഷം അറിയിക്കുന്നതിനായിരുന്നു താൽപര്യം. ഈ കാലയളവിൽ അവൾ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിനെ കുറിച്ചു കേൾക്കുകയുണ്ടായി. ഇതര സംസ്കാരത്തിലു

ള്ളവരുടെ മദ്ധ്യത്തിലെ വേല അവൾ ഏറെ ഇഷ്ടപ്പെട്ടു. 1982 ജൂലൈ ഒന്നിന് അവൾ FMPB യിൽ ചേർന്നു. ഒരു വർഷത്തെ മിഷനറി പരിശീലനത്തിൽ ഏർപ്പെട്ടു. പരിശീലന കാലം പൂർത്തീക രിച്ചതിനെ തുടർന്നു ഗുജറാത്തിലേക്കു അയച്ചു. ഗുജറാത്തിലുള്ള വസാവ ജന ങ്ങളുടെ മദ്ധ്യെ പ്രവർത്തിക്കുന്നതിനു ള്ള അവസരം കർത്താവ് നൽകി. മറ്റു സഹോദരിമാരോടു ചേർന്നു അവൾ സന്തോഷത്തോടു കൂടി ദൈവവേല ചെയ്തു.

1983 ൽ എസ്ഥേർ മങ്ക വസാവ ഭാഷ പഠിക്കുവാൻ തുടങ്ങി. സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ ശുശ്രൂഷ ആരംഭിച്ചു. വസാവയിലെ ജനങ്ങൾ സാമൂഹ്യപരമായും വിദ്യാഭ്യാസ പരമാ യും വളരെ പിന്നോക്കം നിൽക്കുന്നവ രായിരുന്നു. മറ്റുള്ളവരെ അപേക്ഷിച്ചു അവരുടെ സാമ്പത്തിക നിലവാരവും വളരെ പരിതാപകരമായിരുന്നു. വയ ലിൽ കൃഷി പണി ചെയ്യുന്നതിനും കന്നുകാലികളെ മേയിക്കുന്നതിനുമായി അവർ പകൽ മുഴുവൻ അദ്ധ്വാനിക്കുമാ യിരുന്നു.

അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, ശൗച്ചാലയം, വൈദ്യുതി, റോഡ്, ഗതാഗത സൗകര്യം തുടങ്ങി യവ ഒന്നുമില്ലെങ്കിലും നമ്മുടെ മിഷനറി സഹോദരിമാർ പരാതികളില്ലാതെ ദൈ വവേല ചെയ്തു. വനമേഖലയോട് ചേർന്ന ജീവിച്ച അവർ നേരിട്ട മറ്റൊരു ഭീഷണി വന്യമൃഗങ്ങളുടെ പ്രത്യേ കാൽ കടുവയുടെതായിരുന്നു. വസാവ ജനങ്ങളുടെ ഉന്നമനത്തിനായി അവർ ഏറിയ സമർപ്പണത്തോടെ പ്രവർത്തി ച്ചു. അനുദിനം ദൈവം അവരുടെ ശുശ്രൂഷയെ ആശീർവദിച്ചു. ആയിര ക്കണക്കിനു ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അനേക ആരാധനക്കൂട്ടങ്ങൾ സ്ഥാപിതമായി. ക്രിസ്റ്റോഫർ തോമസും കുടുംബ വും വസാവ ഭാഷയിലേക്കു വേദപു സ്തകം പരിഭാഷപ്പെടുത്തുന്നതിനായി തങ്ങളുടെ ജീവിതത്തെ സമർപ്പിച്ചു. വളരെ വേഗം വസാവ ഭാഷയിൽ പു തിയ നിയമം പരിഭാഷപ്പെടുത്തി ജന ങ്ങൾ ക്രിസ്തുവിൽ വളരുന്നതിനായി അവർക്കു നൽകി. ബാജിപുര, വ്യാര, സെളംമ്പ, ഉച്ചൽ, കേവടി എന്നീ മിഷൻ വയലുകളിൽ എസ്ഥേർ മങ്ക മറ്റു മിഷ നറി സഹോദരിമാരോടു ചേർന്നു പ്ര വർത്തിച്ചു. ഈ സഹോദരിയുടെ കഠി നാദ്ധ്വാനത്താൽ നൂറു കണക്കിനു കുട്ടി കളും സ്ത്രീകളും യേശുവിനെ രക്ഷി താവായി സ്വീകരിച്ചു.

## അന്ത്യനാളുകൾ

ക്രിസ്തുവിനോടുള്ള തീഷ്ണത കാര ണം എസ്ഥേർ മങ്ക അവിവാഹിതയായി ജീവിച്ചു. അവളുടെ അവസാന ശ്വാസം വരെ വസാവ ജനങ്ങളുടെ രൂപാന്ത രീകരണത്തിനായി വിശ്രമമില്ലാതെ അദ്ധ്വാനിച്ചു. 1997 ൽ അവൾ വാടകക്കു താമസിക്കുന്ന വീട്ടിൽ സ്റ്റെയർ കേസ് കയറുന്ന വേളയിൽ താഴെ വീണു നട്ടെ ല്ലിനു ക്ഷതം സംഭവിച്ചു ആശുപത്രി യിൽ പ്രവേശിപ്പിച്ചു. തുടർന്നു മെച്ച മായ ചികിത്സക്കായി അവളെ വെല്ലൂർ CMC യിൽ 1998 ജനുവരി 20 ന് പ്രവേ ശിപ്പിച്ചു. CMC യിൽ മികച്ച വൈദ്യസ ഹായം ലഭിച്ചിട്ടും അവളുടെ ആരോഗ്യ നില വഷളായിക്കൊണ്ടെയിരുന്നു. ഡോക്ടറന്മാരുടെ എല്ലാ ശ്രമത്തെയും നിഷ്ഫലമാക്കി കൊണ്ട് 1998 ജനു വരി 22 ന് എസ്ഥേർ മങ്ക നിത്യരാജ്യ ത്തിൽ പ്രവേശിച്ചു. 15 വർഷത്തോളം കഠിനാദ്ധ്വാനം ചെയ്തു. എല്ലായ്പോ ഴും അവൾ സുവിശേഷം അറിയിക്കുന്ന തിരക്കിൽ ആയിരുന്നു. ആതിഥ്യ മര്യാ ദയിൽ പ്രസിദ്ധയായ അവളുടെ എളിമ യുള്ളതും ലളിതവുമായ ജീവിതത്തെ ആളുകൾ അഭിനന്ദിക്കുകയും ആദ രവോടെ സ്മരിക്കുകയും ചെയ്യുന്നു. അവൾ തന്നാൽ ആവോളം കർത്താ വിനായി പ്രവർത്തിച്ചു.

**റവ. ഡോ. ഇ രാജൻ**

# പിന്തുടരേണ്ട കാൽപാടുകൾ

## ദൈവീക കരത്തിലെ കരിവണ്ട്



എത്യോപ്യയിലെ ആരംഭകാല വൈദ്യ ശുശ്രൂഷ സംരഭങ്ങൾക്കു ഉത്തരവാദിയായ തോമസ് അലക്സാണ്ടർ ലാംബി, എത്യോപ്യ പൗരത്വം സ്വീകരിച്ച ഒരു മിഷനറിയാകുന്നു. അമേരിക്കൻ ഐക്യനാടുകളിലെ പെൻസിൽവാനിയായിലെ പിറ്റിസ് ബർഗിൽ 1885 ൽ അദ്ദേഹം ജനിച്ചു. പ്രെസ്ബിറ്റേറിയൻ ഭക്തനായ തോമസ് 1907 ൽ യുണൈറ്റഡ് പ്രെസ്ബിറ്റേറിയൻ മിഷൻ ബോർഡിന്റെ കീഴിൽ ആഫ്രിക്കയിലെ ആഗ്ലോ ഈജിപ്ഷ്യൻ സുഡാനിലേക്കു പോയി. ഈജിപ്തിലെ അലക്സാണ്ട്രീയയിലൂടെ കടന്നു പോകുമ്പോൾ സുന്ദരിയായ യുവ വനിത മിഷനറി ഷാർലെറ്റ് ക്ലേനിയെ കണ്ടുമുട്ടി. ഏതാനും വർഷങ്ങൾക്കു ശേഷം അദ്ദേഹം അവരെ വിവാഹം ചെയ്തു. അദ്ദേഹം കുടുംബമായി ഒരു മെഡിക്കൽ മിഷനറിയായി സുഡാനിലെ നുയെർ, അനുയാക് എന്നി ജനക്കൂട്ടങ്ങളുടെ മദ്ധ്യേ പ്രവർത്തിച്ചു. പിന്നീട് 1918 ൽ ബറോ നദിയിലൂടെ കപ്പൽ മാർഗ്ഗം സഞ്ചരിച്ച് എത്യോപ്യയിലെ ആദ്യത്തെ അമേരിക്കൻ മിഷനറിയായി തീർന്നു.

### ശുശ്രൂഷ

എത്യോപ്യൻ അതിർത്തിയോട് താരതമ്യേന അടുത്തു കിടക്കുന്ന സോബാറ്റിൽ ആയിരിക്കുമ്പോൾ സുവിശേഷത്തിന്റെ വാതിൽ അടഞ്ഞു കിടന്ന എത്യോപ്യയെ സുവിശേഷീകരിക്കുന്നതിനുള്ള ദൈവവിളി തനിക്കുണ്ടായി. അദ്ദേഹം ഏതാനും വർഷം എത്യോപ്യയുടെ പിൻവാതിലിനുള്ളിൽ താമസിച്ചു പിന്നീട് എത്യോപ്യയുടെ തലസ്ഥാന നഗരവും വലിയ പട്ടണവുമായ ആഡിസിലേക്കു കടന്നു ചെല്ലുകയും ചെയ്തു. 1920 ന്റെ ആരംഭ നാളുകളിൽ ഡോ. ലാംബിയും അദ്ദേഹത്തിന്റെ ഭാര്യയും അടങ്ങുന്ന സംഘം ദക്ഷിണ എത്യോപ്യയിൽ നിന്നു പ്രാദേശിക യുദ്ധ പ്രഭുക്കന്മാരും കൊള്ളസംഘങ്ങളും വാണിരുന്ന അപടകരമായ മേഖലയായ ആഡീസ് അബാബിയിലേക്കു കോവർ കഴുതപ്പുറത്തു ഒരു സാഹസിക യാത്ര നടത്തി. ഒരു രാത്രി അവർ ഉണർന്നപ്പോൾ ആയുധധാരികളായ വലിയൊരു സംഘത്തെ മുന്നിൽ കണ്ടു. അവരുടെ തലവനായ റാസ് തെസേമ നദേവ് വലിയ ദുരിതത്തിലായിരുന്നു. അവന്റെ ചെവിയിൽ ഒരു പ്രാണി കയറി, അത് അവനെ കൊല്ലുമെന്നു ചിന്തിച്ചു. ഡോക്ടർ ലാംബി നേതാവിന്റെ ചെവിയിലെ വണ്ടിനെ നീക്കം ചെയ്തു. അതിനെ നീക്കം ചെയ്തില്ലായിരുന്നെങ്കിൽ അത് അവന്റെ ചെവി തുറന്ന് തലച്ചേറിൽ കയറി അവൻ മരിക്കുമായിരുന്നു.

പിന്നീട് ഈ നേതാവ് റാസ തെസേമ ലാംബിയുടെ അകമ്പടിയായി ആഡിസ് ആബാബയിലേക്കു ചെല്ലുകയും അവിടെ തന്റെ ബന്ധുവായ റാസ് തഫ്രായിയെ പരിചയപ്പെടുത്തുകയും ചെയ്തു. ഇയാൾ പിന്നീട് ഹെയ്ലെ സലാസി എന്ന പേരിൽ എത്യോപ്യയുടെ ചക്ര വർത്തിനിയുടെ രാജപ്രതിനിധിയായി തീർന്നു. ലാംബി ചക്രവർത്തിയുടെ വിശ്വസ്ത സ്നേഹിതനായി. അങ്ങനെ ചെറിയ ഒരു കരിവണ്ട് എത്യോപ്യയിൽ സുവിശേഷത്തിന്റെ വാതിൽ തുറക്കു ന്നതിനു കാരണമായി. വളരെ കഠിന തരമായ സാഹചര്യത്തിൽ അദ്ദേഹം എത്യോപ്യയിൽ വേല ചെയ്തു. ആതുര സേവന രംഗത്തും സഭാ സ്ഥാപന ശുശ്രൂഷയിലും ചില വിലപ്പെട്ട പാഠം ങ്ങൾ അദ്ദേഹം പഠിച്ചു. അദ്ദേഹം പറ ഞ്ഞു "മിഷനറി ഡോക്ടർക്കു അണു മുക്തമാക്കപ്പെട്ട ഉപകരണത്തോളം പ്ര ധാന്യമുള്ളതാണ് പ്രാർത്ഥന. നിസ്സാര ജോലിക്കു പകരമാകില്ല പ്രാർത്ഥന. പ്രാർ ത്ഥനയില്ലാതെ ഞാൻ ഓപ്പറേഷനു ശ്രമി ക്കുന്നത് അണുമുക്തമാക്കാതെയും കയ്യുറ ധരിക്കാതെയും ചെയ്യുന്നതു പോ ലെയാണ്." പ്രാദേശികരെ പാവപ്പെട്ടവ രെന്നു തരംതിരിക്കാതിരിക്കേണ്ടതിന്റെ പ്രാധാന്യത അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട് സൗജന്യമായി വൈദ്യസ ഹായം നൽകാതെ അതിനു ഫീസായി അദ്ദേഹം വയലിലെ ധാന്യങ്ങളോ ആടു കളയോ ഒക്കെ വാങ്ങി. ദൈവാലയ നിർമ്മാണ രംഗത്തേക്കു വന്നപ്പോൾ അദ്ദേഹം മനസ്സാലാക്കിയത്, "വിശ്വാ സികൾ പണിയുന്ന ചെറിയ കെട്ടിടം ഇംഗ്ലണ്ടിലെയോ അമേരിക്കയിലെയോ സാമ്പത്തിക സഹായത്താൽ പണി യുന്ന വലിയ കെട്ടിടങ്ങളെക്കാൾ പ തിന്മടങ്ങ് മൂല്യവും മെച്ചപ്പെട്ടതുമാണ്."

## അദ്ദേഹത്തിന്റെ നേട്ടങ്ങൾ

ലാംബി കുടുംബത്തോടൊപ്പം അഡിസ് അബാബയിലേക്കു യാത്ര ചെയ്യുന്ന വേളയിൽ പട്ടണത്തിനു പുറത്തുള്ള ഗുലേലയിൽ 12 ഏക്കർ വസ്തു ദാന മായി നൽകിയിട്ടു റാസ് തഫ്രാരി അവിടെ ഒരു ആശുപത്രി പണിയുവാൻ ഡോ. ലാംബിയോടു ആവശ്യപ്പെട്ടു. അമേരിക്കയിലേക്കു തിരിച്ചു വന്ന ഡോ. ലാംബി തന്റെ ഈ സംരഭത്തിനു ബോർഡിന്റെ മുമ്പാകെ സഹായം അഭ്യർത്ഥിച്ചു. ആശുപത്രിയുടെ ആവശ്യ കത അവർക്കു ബോധ്യപ്പെട്ടെങ്കിലും ആവശ്യമായ സാമ്പത്തീകം നൽകു വാൻ ബോർഡിനു കഴഞ്ഞില്ല. ഇത് തന്റെ രാജ്യത്തു ഒരു ധന സമാഹ രണ പര്യടനം നടത്തുവാൻ ഡോ. ലാംബിയെ പ്രേരിപ്പിച്ചു. ഒരു ചെറിയ പട്ടണമായ ഓഹോയോയിൽ വിജയക രമായി ബിസിനസ്സ് നടത്തുന്ന ഡബ്ല്യു എസ് ജോർജ്ജിലൂടെ ദൈവം തന്റെ ആവശ്യം നിറവേറ്റി. ഇദ്ദേഹം 7000 യു എസ് ഡോളർ നൽകി ഒരു ആശുപത്രി പണിതുയർത്തി. 1922 ൽ നിർമ്മാണം ആരംഭിച്ച ആശുപത്രി കെട്ടിടം ആ കാലത്തെ എത്യോപ്യയിലെ ഏറ്റവും വലിയ കെട്ടിടമായിരുന്നു. 1932 ൽ ആഡിസ് അബാബയുടെ അരികിൽ ഡോ. ലാംബി ഒരു കുഷ്ഠരോഗാശുപ ത്രി നിർമ്മിച്ചു. റാസ് കസ്സയുടെ നിർബ ന്ധത്തിനു വഴങ്ങി ലാലിബെലയിൽ ഒരു ആശുപത്രി പണിയുന്നതിനെ കുറിച്ചു 1934 ൽ ചിന്തിച്ചെങ്കിലും യുദ്ധം പെ ാട്ടിപുറപ്പെട്ടതിനാൽ സാധിച്ചില്ല.

## അന്ത്യനാളുകൾ

ലാംബി എത്യോപ്യ വിട്ടു; അദ്ദേഹം എത്യോപ്യൻ പൗരത്വം സ്വീകരിച്ചത് ആശുപത്രി കെട്ടിടം പണിത സ്ഥലം സ്വന്തം പേരിലാക്കുന്നതിനു വേണ്ടി യായിരുന്നു. അദ്ദേഹം നൈജീരിയ, സുഡാൻ, പാലസ്തീൻ എന്നിവിടങ്ങ ളിൽ പ്രവർത്തിച്ചു. 1953 ൽ അദ്ദേഹം പാല സ്തീനിലെ ബേത്ലഹേമിൽ 90 കിട ക്കകളുള്ള ബരാക്ക ക്ഷയ രോഗാശുപ ത്രി നിർമ്മിച്ചു. ഈസ്റ്റർ ഞായറാഴ്ച യരുശലേമിനു പുറത്തുള്ള ഗാർഡൻ ടോംബിൽ നടത്തുന്ന സൂര്യോദയ ശുശ്രൂഷക്കു ഡോ. ലാംബി ചില വർഷ ങ്ങൾ ക്ഷണിക്കപ്പെട്ട പ്രസംഗകനായിരു

# ചിക്ലി
# സഭ ചരിത്രം





*എഴുതിയത്: റവ. എൽ മാസിലാമണി*

### പൊതുവിവരം

395 ആളുകൾ പാർക്കുന്ന ചിക്ലി (ലാവ്ചലിസജ) ഗ്രാമം ഗുജറാത്തിലെ ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള ഗ്രാമങ്ങളിൽ 89 –ാം സ്ഥാനത്താണ്. ഈ ഗ്രാമം ഡാങ്സ് ജില്ലയിലെ സുബിർ ഉപജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. ചിക്ലി ഗ്രാമത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തീർണ്ണം ഏഴ് ചതുരശ്രകിലോമിറ്റർ ആകുന്നു. വിസ്തീർണ്ണത്തിന്റെ കണക്കിൽ ഈ ജില്ലക്ക് 73 –ാം സ്ഥാനമാണ്. ഗ്രാമത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിൽ 57 വ്യക്തികളാണ്. 1000 പുരുഷന്മാർക്ക് 1158 സ്ത്രീകൾ എന്നതാണ് ഇവിടുത്തെ ലിംഗപരമായ അനുപാതം.

**ച്ക്സി ജനസംഖ്യ – ഡാങ്സ്, ഗുജറാത്ത്**

ഗുജറാത്തിൽ ഡാങ്സ് ജില്ലയിലെ ഡാങ്സ് താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഇടത്തരം ഗ്രാമമാകുന്ന ചിക്ലിയിൽ 91 കുടുംബങ്ങൾ വസിക്കുന്നു. 2011 ലെ ജനസംഖ്യ കണക്കിൻ പ്രകാരം ചിക്ലി ഗ്രാമത്തിലെ 395 പേരിൽ 183 പുരുഷന്മാരും 212 സ്ത്രീകളും ആകുന്നു.

ഗുജറാത്തിലെ സാക്ഷരത (78.03%) നിരക്കുമായി ഇവിടുത്തെ സാക്ഷരത (56.31%) നിരക്ക് താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാകുന്നു. ചിക്ലിയിലെ പുരഷന്മാരുടെ സാക്ഷരത 66.43% ആകുമ്പോൾ സ്ത്രീകളുടെ സാക്ഷരത 47.93% ആകുന്നു.

---

ന്നു. 1954 ലെ ദുഃഖവെള്ളിയാഴ്ച ഡോ. ലാംബി ഉയിർപ്പു ഞായറാഴ്ച സന്ദേശം തയ്യാറാക്കുന്നതിനായി പുന്തോട്ടത്തിലേക്കു പോയി അവിടെവെച്ചു ഉണ്ടായ ഹൃദയസ്തംഭനത്താൽ അദ്ദേഹം നിത്യതയിൽ പ്രവേശിച്ചു. 1954 ഏപ്രിൽ 14 ന് ക്രൈസ്റ്റ് ടോംബിൽ വെച്ചു അദ്ദേഹം മരിച്ചു. ദൈവത്തിനു തന്റെ ലക്ഷ്യം പൂർത്തീകരിക്കുവാൻ നിനവെയിൽ മത്സ്യത്തെയും എത്യോപ്യയിൽ കരിവണ്ടിനെയും ഉപയോഗിച്ചെങ്കിൽ ഈ രാജ്യത്തു സുവിശേഷം അറിയിക്കുവാൻ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച എന്നെയും നിങ്ങളെയും ദൈവം ഉപയോഗിക്കും.

**മേരി സെൽവിൻ**

ഇന്ത്യൻ ഭരണഘടനയുടെ പഞ്ചായത്ത് രാജ് നിയമ പ്രകാരം ചിക്ലി ഗ്രാമത്തിന്റെ ഭരണം ഗ്രാമത്തിന്റെ പ്രതിനിധികളാൽ തിരഞ്ഞെടുക്കപ്പെടുന്ന സർപഞ്ച് (ഗ്രാമത്തലവൻ) നിർവഹിക്കുന്നു.

**ജാതിഘടകം**

ചിക്ലി ഗ്രാമത്തിലെ ജനങ്ങളിൽ മുഴുവൻ ആളുകളും പട്ടിക വർഗ്ഗത്തിൽ ഉള്ളവരാകുന്നു. ഡാങ്ങ്സ് ജില്ലയിലെ ചിക്ലി ഗ്രാമത്തിൽ പട്ടിക ജാതിക്കാർ ആരും തന്നെയില്ല.

**തൊഴിൽ**

ചിക്ലി ഗ്രാമത്തിലെ ജനങ്ങളിൽ 211 പേർ ജോലി ചെയ്യുന്നു. ജോലി ചെയ്യുന്നവരിൽ 86.73% ആളുകൾ അവരുടെ പ്രധാന തൊഴിലിലൂടെ ആറു മാസത്തിലധികം ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരാണ്. 13.27% ആളുകൾ നാമ മാത്ര തൊഴിൽ ചെയ്യുന്നതിലൂടെ ആറു മാസത്തിൽ കുറവ് ഉപജീവിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തുന്നുള്ളു.

**വളർച്ച നിരക്ക്**

കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ വളർച്ച നിരക്ക് -27.3% മായി കുറഞ്ഞു. 2001 ൽ ഇവിടുത്തെ ജനസംഖ്യ 543 ആയിരുന്നു.

**ആരംഭം**

8.5.1981 ൽ എൽ മാസിലാമണിയും അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി വൻമതിയും അവരുടെ രണ്ടു വയസ്സും എട്ടു മാസവും പ്രായമുള്ള മകൻ എം ജോൺ കിങ്ങ്സ്ലിയുമായി ചെന്നു പിപ്പൽദഹാദ് ഗ്രാമത്തിൽ ഒരു വാടക വീട് എടുത്തു താമസിച്ചു കൊണ്ട് അഹവ മിഷൻ വയൽ ആരംഭിച്ചു. അവിടെ ശുശ്രൂഷ ചെയ്യുന്ന വേളയിൽ സമീപത്തുള്ള ജുന്നെർ ഗ്രാമത്തിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു എന്നു കണ്ടതിനാൽ അവർ ജുന്നെർ ഗ്രാമത്തിലേക്കു 30.11.1981 ൽ താമസം മാറ്റി. ജുന്നെർ ഗ്രാമത്തിലുണ്ടായ എതിർപ്പിനെ തുടർന്നു മിഷനറി ജുന്നെർ ഗ്രാമം 30.8.1982 ൽ ഉപേക്ഷിച്ചു അഹവയിൽ പോയി താമസിച്ചു. ഈ പ്രതികൂല കാലഘട്ടത്തിൽ അഹവയിലെ CNI സഭ അച്ചൻ റവ. ടി വി. ഗ്വായ്ക്കാട് മിഷനറിമാർക്കു വേണ്ട സഹായം നൽകി. ഡോളിയാമ്പർ ഗ്രാമത്തലവൻ മനുബായി മിഷനറിമാരെ അവരുടെ ഗ്രാമത്തിലേക്കു ക്ഷണിച്ചതിനാൽ മിഷനറിമാർ 12.03.1983 ൽ ഡോളിയാമ്പർ ഗ്രാമത്തിൽ പോയി താമസിച്ചു.

ഡോളിയാമ്പർ ഗ്രാമത്തിൽ നിന്നും സമീപ ഗ്രാമങ്ങളിൽ നിന്നും അനേകർ യേശുവിൽ നിന്നുള്ള സൗഖ്യം പ്രാപിക്കുന്നതിനായി ഡോളിയാമ്പർ ഗ്രാമത്തിലേക്കു കടന്നുവന്നു. ദൈവം ധാരാളം അത്ഭുതങ്ങൾ ചെയ്തു അനേകർ യേശുവിൽ വിശ്വാസം അർപ്പിച്ചു. ഡോളിയാമ്പർ ഗ്രാമത്തിൽ നിന്നും പത്തു കിലോമിറ്റർ ആകലെയാണ് ചിക്ലി ഗ്രാമം സ്ഥിതി ചെയ്യുന്നത്. ഡോളിയാമ്പർ ഗ്രാമത്തിലെ ആരാധനക്കൂട്ടം ചുറ്റുപാടുമുള്ള അനേക ഗ്രാമത്തിലുള്ളവർക്കു അനുഗ്രഹ കാരണമായി തീർന്നു. ഡോളിയാമ്പർ സഭയുടെ ശുശ്രൂഷയിലൂടെയാണ് ചിക്ലി ഗ്രാമം യേശുവിനെ അനുഭവമാക്കുന്നത്.

**ചിക്ലി ഗ്രാമത്തിലെ ആദ്യ വിശ്വാസി ജാതരിയ ഭായി ജനയ ഭായി പവാർ (1985 ൽ സ്നാനപ്പെട്ടു) തന്റെ മാനസാന്തര അനുഭവം വിവരിക്കുന്നു.**



“ഞാൻ എന്റെ പൂർവ്വ പിതാക്കന്മാരുടെ വിശ്വാസം പിൻതുടരുകയായിരുന്നു. ഞങ്ങൾക്കു രോഗം വരുമ്പോൾ എല്ലാം ഞങ്ങൾ ഭഗത്തിന്റെ (മന്ത്രവാദി) അടുക്കൽ പോകും. രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കുന്നതിനായി ചില കാര്യങ്ങൾ കാഴ്ച വെക്കാമെന്നു വാഗ്ദത്തം ചെയ്യും. ഒരു നാൾ എന്റെ ഉദരത്തിലും ശരീരം മുഴുവനും അസഹനീയമായ വേദനയനുഭപ്പെട്ടു. ഞാൻ

ഭഗത്തിന്റെ അടുക്കൽ ചെന്നു ഒരു പൂവൻ കോഴിയെയും നാളികേരവും പൂജക്കായി നൽകാമെന്നു വാഗ്ദത്തം ചെയ്തു. എന്നിട്ടും എന്റെ ആരോഗ്യത്തിൽ ഒരു മാറ്റവും സംഭവിച്ചില്ല. ഞാൻ ആശുപത്രിയിൽ പോയി അവിടെ ഒരു മാസം കിടന്നു ചികിത്സിച്ചു. എന്റെ രോഗം മാറിയില്ല. എന്റെ ഉദരത്തിലെയും നെഞ്ചിലെയും വേദന വർദ്ധിച്ചു വന്നതെയുള്ളു. ഒരു നാൾ ഒരു സ്ത്രീ എന്റെ അടുക്കൽ വന്നു പറഞ്ഞു ഡോളിയാമ്പർ ഗ്രാമത്തിൽ ക്രിസ്ത്യാനികൾ ജീവിക്കുന്നു. അവരുടെ അടുക്കൽ ചെന്നാൽ നിനക്കു സൗഖ്യം ലഭിക്കും. ഞാൻ ചിന്തിച്ചു എന്റെ രോഗശമനത്തിനായി ധാരാളം പണം ചിലവഴിച്ചു. എന്നാൽ എനിക്കു സൗഖ്യം ലഭിച്ചില്ല. ഒരു പ്രാർത്ഥനയിലൂടെ എങ്ങനെ എന്റെ രോഗം സൗഖ്യമാകും. രോഗം നിമിത്തം ഞാൻ ഏറെ ക്ഷീണിച്ചു. അതുകൊണ്ട് ഞാൻ ഡോളിയാമ്പർ ഗ്രാമത്തിലെ ഞായറാഴ്ച ആരാധന യോഗത്തിൽ സംബന്ധിച്ചു. സഭാമൂപ്പൻ എന്നോടു പറഞ്ഞു എല്ലാ ഞായറാഴ്ചത്തെ ആരാധനയിലും വീഴ്ച വരുത്താതെ സംബന്ധിക്കുകയും ക്രിസ്തീയ അച്ചടക്ക പ്രകാരം ജീവിക്കുകയും ചെയ്താൽ നിങ്ങൾക്കു സൗഖ്യം ലഭിക്കും. ഇതു പറഞ്ഞതിനു ശേഷം അദ്ദേഹം എനിക്കു വേണ്ടി പ്രാർത്ഥിച്ചു. രോഗസൗഖ്യത്തിനായി മന്ത്രവാദി ജപിച്ചു കെട്ടിയ ഒരു ചരട് എന്റെ കയ്യിൽ ഉണ്ടായിരുന്നു. അത് എറിഞ്ഞു കളയുവാൻ എന്നോടു ആവശ്യപ്പെട്ടു. ഞാൻ അതു എറിഞ്ഞു കളഞ്ഞു. പെട്ടെന്നു എന്റെ മനസ്സിൽ ഒരു ശാന്തത വന്നു. എനിക്കു പൂർണ്ണ സൗഖ്യം ലഭിച്ചു. എല്ലാ ഞായറാഴ്ചയും ഡോളിയാമ്പർ സഭാ ആരാധനയിൽ ഞാൻ ഭാര്യയോടൊപ്പം സംബന്ധിക്കുവാൻ തുടങ്ങി. സുവിശേഷകൻ സമ്പത്ത് ഭായിയും മിഷനറി എൽ മാസിലാമണിയും ക്രിസ്തീയ വിശ്വാസം ഞങ്ങൾക്കു വിശദീകരിച്ചു തന്നു. ഞങ്ങൾ ഗ്രഹിച്ചതും പഠിച്ചതുമായ കാര്യങ്ങളെല്ലാം അനുസരിച്ചു ജീവിക്കുവാൻ തുടങ്ങി. ഞങ്ങളുടെ ഗ്രാമമായ ചിക്ലിയിൽ നിന്നും പത്തു കിലോമിറ്റർ നടന്നാണ് ഞങ്ങൾ ആരാധന യോഗത്തിൽ സംബന്ധിച്ചിരുന്നത്. രോഗത്തിൽ നിന്നും എനിക്കു പൂർണ്ണ സൗഖ്യം ലഭിച്ചിരുന്നു. ഇതു കണ്ട എന്റെ ഗ്രാമത്തിലെ സോമ ഭായി, മങ്കു ഭായി എന്നിവർ തങ്ങളുടെ കുടുംബാംഗങ്ങളുടെ സൗഖ്യത്തിനായി ഡോളിയാമ്പർ ഗ്രാമത്തിലെ ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. പിന്നീട് ദേവറാം ഭായിയും മറ്റു നാലു കുടുംബങ്ങളും യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ തുടങ്ങി. സഭാ ആരാധനക്കായി ഞങ്ങൾ എല്ലാവരും ഡോളിയാമ്പർ ഗ്രാമത്തിലേക്കു പോയി. പിന്നീട് ഞങ്ങൾ സുവിശേഷകനോടും മിഷനറിയോടും ഞങ്ങളുടെ ഗ്രാമത്തിൽ യോഗം നടത്തിയാൽ സൗകര്യപ്രദമാണെന്നു പറഞ്ഞു. അങ്ങനെ 1985 മുതൽ ഞങ്ങളുടെ ഗ്രാമത്തിൽ ആരാധന യോഗങ്ങൾ ആരംഭിച്ചു. സാവധാനത്തിൽ വിശ്വാസികളുടെ എണ്ണം അഞ്ചു കുടുംബത്തിൽ നിന്നും 20 കുടുംബമായി വർദ്ധിച്ചു. ഈ വളർച്ചക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. 1986 ൽ ഞങ്ങളുടെ ഗ്രാമത്തിൽ ഒരു സ്നാന ശുശ്രൂഷ സംഘടിപ്പിച്ചു. ഇപ്പോൾ എന്റെ മുന്നു മക്കളും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പടെ എല്ലാവരും ക്രിസ്തീയ വിശ്വാസം പിൻപറ്റുന്നു. ഞാൻ ഇതിനായി ദൈവത്തെ സ്തുതിക്കുന്നു."

ആദ്യ വിശ്വാസിയായ ജാതരിയ ഭായി ജാനിയ ഭായി പവാറിന്റെ മകൻ സോമ ഭായി ജാതരിയ ഭായി പവാർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ജാതരിയ ഭായിയുടെ കുടുംബം 1985 ൽ സ്നാനപ്പെട്ടു. 1985 ൽ ജാതരിയ ഭായി സുവിശേഷകൻ സമ്പത് ഭായിയെയും മിഷനറി എൽ മാസിലാമണിയെയും സന്ധിച്ചു തങ്ങളുടെ ഗ്രാമത്തിൽ ആഴ്ചയിൽ ഒരു ദിവസം വീതം രാത്രി യോഗം നടത്തുവാൻ അപേക്ഷിച്ചു. 31.12.1985 ൽ റവ. എൽ മാസിലാമണി ചിക്ലി ഗ്രാമ

ത്തിൽ കടന്നു ചെന്നു ഒരു യോഗം സംഘടിപ്പിച്ചു. അങ്ങനെ ചിക്ലി ഗ്രാമത്തിലെ ആദ്യ വിശ്വാസിയായ ജാതരിയ ഭായിയുടെ ഭവനത്തിൽ 1985 മുതൽ രാത്രി യോഗം ആരംഭിച്ചു.

### ചിക്ലി ഗ്രാമത്തിൽ സഭയുടെ വളർച്ച

ആദ്യ വിശ്വാസിയായ ജാതരിയ ഭായിയുടെ സാക്ഷ്യമുള്ള ജീവിതം നിമിത്തം ചിക്ലി ഗ്രാമത്തിലെ അനേകർ യേശുക്രിസ്തുവിന്റെ വല്ലഭത്വത്താലുള്ള സൗഖ്യം തേടി വന്നു. അന്വേഷകർ ആദ്യം ജാതരിയ ഭായിയുടെ ഭവനത്തിൽ നടക്കുന്ന രാത്രിയോഗത്തിലും പല്കാലത്ത് അവിടെ പണിത താല്കലിക ദൈവാലയത്തിലെ ആരാധനയിലും സംബന്ധിച്ചു. 30.1.1987 ൽ ചിക്ലി ഗ്രാമത്തിൽ ഒരു പ്രത്യേക യോഗം സംഘടിപ്പിച്ചു സ്നാന ശുശ്രൂഷ നടത്തി. റവ. യിസ്രായേൽ ദേവദാസ്, ഓഫിസിൽ പ്രവർത്തിക്കുന്ന രാജേന്ദ്രൻ, റവ. എൽ മാസിലാമണി എന്നിവർ ചിക്ലി ഗ്രാമത്തിൽ പോയി പ്രത്യേക രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു അവിടെ താമസിച്ചു. ഡോളിയാമ്പർ, ദാമത്വിഹിർ, ഝാരൻ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ള ആളുകൾ അവിടേക്കു കടന്നുവന്നു. 31.1.1987 ൽ റവ. യിസ്രായേൽ ദേവദാസിന്റെയും എൽ മാസസിലാമണിയുടെയും ഭാര്യമാർ ചിക്ലി ഗ്രാമത്തിലേക്കു വന്നു. റവ. യിസ്രായേൽ ദേവദാസ് അന്ന് 25 പേരെ സ്നാനപ്പെടുത്തി.

രണ്ടു വിശ്വാസികൾ അവർ എങ്ങനെ യേശുവിനെ കണ്ടുമുട്ടിയെന്നു സാക്ഷ്യം പറയുന്നു

**ജാംസു ഭായി കാലു ഭായി (1986 ൽ സ്നാനപ്പെട്ടു)**

"എന്റെ ചെറുപ്പകാലം മുതലെ ഞാൻ വിഗ്രഹത്തെ ആരാധിച്ചു വന്നിരുന്നു. ഞാൻ പിപ്രി സ്കൂളിൽ എട്ടാം ക്ലാസ്സ് വരെ പഠിച്ചു. എന്റെ ദാരിദ്ര്യം നിമിത്തം തുടർന്നു പഠിക്കുവാൻ സാധിച്ചില്ല. എന്റെ പിതാവ് മരിച്ചു. എന്റെ കുടുംബത്തെ പോറ്റുന്നതിനായി എനിക്കു ജോലി ചെയ്തു സമ്പാദിക്കേണ്ടതായി വന്നു. എന്റെ മാതാവും മരിച്ചു. ഞാൻ അതി ദാരിദ്ര്യത്തിലായി. രോഗം വരുമ്പോൾ ചികിത്സിക്കുവാൻ എന്റെ കയ്യിൽ പണമില്ലാത്ത അവസ്ഥ. ഒരു നാൾ ഞാൻ രോഗിയായി തീർന്നു. എന്റെ ഭാര്യയും രോഗിയായി. ഞങ്ങളുടെ ചികിത്സക്കു സാമ്പത്തീകം നൽകുവാൻ ആരും തയ്യാറായില്ല. ദൈവം സൗജന്യമായി സൗഖ്യമാക്കുമെന്നു ക്രിസ്തീയ വിശ്വാസിയായ എന്റെ അമ്മാവൻ ജാതരിയ ഭായി പറഞ്ഞു. എന്റെ അമ്മാവൻ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം ഞങ്ങളെ രണ്ടു പേരെയും സൗഖ്യമാക്കി. സുവിശേഷകന്റെ പഠിപ്പിക്കലുകളിലൂടെയും വേദപുസ്തക പഠനത്തിലൂടെയും ക്രിസ്തീയ വിശ്വാസം ഞാൻ ഗ്രഹിച്ചു. 1986 ൽ ഞങ്ങളുടെ ഗ്രാമത്തിൽ വെച്ചു ഞാൻ സ്നാനപ്പെട്ടു."

**സോണിയ ഭായി റാവ്ജു ഭായി കോതുവ & സാരു ബൻ (താൽക്കാലിക ദൈവാലയം പണിയുന്നതിനു വസ്തു ദാനമായി നൽകിയവർ)**



"ഞാൻ രോഗിയായിരുന്നു. കൈകാലുകളിൽ അസഹനീയമായ വേദനയനുഭവപ്പെട്ടു. എനിക്കു ജോലി ചെയ്യുവാൻ കഴിയത്തില്ലായിരുന്നു. എന്റെ അമ്മാവൻ എന്നോടു പറഞ്ഞു ക്രിസ്തീയ വിശ്വാസത്തിൽ വന്നാൽ നിനക്കു സൗഖ്യം ലഭിക്കുമെന്നു പറഞ്ഞു എനിക്കു വേണ്ടി പ്രാർത്ഥിച്ചു. ജാതരിയ ഭായി എന്നെ കൂട്ടിക്കൊണ്ടു വളൈമിഷൻ ആശുപത്രിയിൽ ചെന്നു. ഞാൻ മരുന്നു കഴിച്ചു. രണ്ടു മാസത്തിനുള്ളിൽ എനിക്കു പൂർണ്ണ സൗഖ്യം ലഭിച്ചു. ഞാൻ ക്രസ്തീയ വിശ്വാസിയായി തീർന്നു. എനിക്കു രണ്ടു ആൺ മക്കളുണ്ട്. അവർ വിവാഹിതരായി അവർക്കു

തലമുറകൾ ജനിച്ചു. താൽക്കാലിക ദൈവാലയം നിർമ്മിക്കുന്നതിനു സ്ഥലം കൊടുക്കുന്നതു നല്ലതാണെന്നു എനിക്കു തോന്നി. ദൈവം എന്നെ അനുഗ്രഹിച്ചു. മുമ്പു ഞാൻ ഒരു ഭ്രാന്തനെ പോലെ ആയിരുന്നു. ദൈവം ഇന്ന് എന്നെ ഒരു നല്ല മനുഷ്യനാക്കി തീർത്തു.

## ദൈവാലയ നിർമ്മാണം

1986 ൽ ആദ്യ വിശ്വാസിയായ ജാതരിയ ഭായിയുടെ ഭവനത്തിന്റെ വരാന്തയിൽ വെച്ചു രാത്രി യോഗം ആരംഭിച്ചു. മൂന്നു വർഷം കഴിഞ്ഞപ്പോൾ ആ ഗ്രാമത്തിൽ ഒരു താൽക്കാലിക ദൈവാലയം പണിതു. 9.7.1987 ൽ ഡോ. പോളും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും (NSM) രാവിലെ അഹവായിൽ എത്തി. അവരുടെ കൂടെ എൽ മാസിലാമണി കുടുംബം, റവ. യിസ്രായേൽ കുടുംബം സഹോദരൻ തങ്കവേലു എന്നിവർ ബസിൽ ചിക്ലി ഗ്രാമത്തിലേക്കു പോയി. താൽക്കാലിക ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ ഡോ. പോൾ നിർവഹിച്ചു. പുതുക്കി പണിത ചിക്ലി ഗ്രാമത്തിലെ ദൈവാലയം റവ ടി വി ഗായ്ക്കാട് 28.11.1991 രാത്രിയിൽ പ്രതിഷ്ഠിച്ചു. സഹോ. രാകേഷും, എൽ മാസിലാമണിയും ഈ സമർപ്പണ ശുശ്രൂഷയിൽ കൂടെയുണ്ടായിരുന്നു. ചിക്ലി ദൈവാലയം ഒരു അക്രൈസ്തവന്റെ ഭൂമിയിലാണ് സ്ഥിതി ചെയ്തിരുന്നത്. 1998 ജൂണിൽ ഈ ദൈവാലയം വിശ്വാസിയുടെ ഭൂമിയിലേക്കു മാറ്റി സ്ഥാപിച്ചു. ഒരു സുവിശേഷ കൺവൻഷനോടു കൂടെ ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷയും നിർവഹിച്ചു

### സ്ഥിരമായ ദൈവാലയ നിർമ്മാണം

20.3.2010 ൽ ദൈവാലയ നിർമ്മാണം പൂർത്തീകരിച്ചു. ജനങ്ങൾ ദൈവാലയത്തിനായി സന്നദ്ധ സേവനം ചെയ്തു. അവർ സൗജന്യമായി ജോലി ചെയ്തു. 25.09.2011 ന് ശ്രീ ധർമ്മദുരയും കുടുംബവും ചേർന്നു ദൈവാലയത്തിന്റെ പ്രതിഷ്ഠ നിർവഹിച്ചു.

## വിശ്വാസികളുടെ സാക്ഷ്യം

### 1. ഷാലു ബൻ ഗോവിന്ദ ഭായി

“ഞാൻ എന്റെ ഭർത്താവിനോടു ചേർന്നു പുർവ്വ പിതാക്കന്മാരുടെ വിശ്വാസത്തെ പിന്തുടർന്നു വന്നു. എനിക്കു തളർവാത രോഗം പിടിപെട്ടു. മന്ത്രവാദികളിലൂടെ ഞാൻ അനേക ആടിനെയും കോഴികളെയും ബലി അർപ്പിച്ചു. എന്നാൽ എനിക്കു സൗഖ്യം ലഭിച്ചില്ല. എന്റെ സൗഖ്യത്തിനായി ഞാൻ ധാരാളം പണം ചിലവഴിച്ചു. എന്നാൽ എനിക്കു സൗഖ്യം വന്നില്ല. ഒടുവിൽ ഞാൻ തളർന്നു നടക്കുവാൻ കഴിയാത്ത അവസ്ഥയിലായി. ഒടുവിൽ എന്റെ ഭർത്താവ് എന്നോടു ഒന്നുകിൽ പഴയ മതത്തിൽ അല്ലെങ്കിൽ മറ്റെതിലെങ്കിലും വിശ്വസിക്കുക. എങ്ങനെയും സൗഖ്യം ലഭിച്ചാൽ മതി. എന്റെ ഗ്രാമത്തിൽ ക്രിസ്തീയ യോഗങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഞാൻ യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. സാവധാനത്തിൽ എനിക്കു സൗഖ്യം ലഭിച്ചു തുടങ്ങി. ഞാൻ നടക്കുവാൻ തുടങ്ങി. അങ്ങനെ ഞാൻ യേശുവിൽ വിശ്വസിക്കുകയും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ചെയ്തു.”

### 2. ദേവറാം ഭായി പാണ്ടു ഭായി

“ഞാൻ പൂർവ്വപിതാക്കന്മാരുടെ വിശ്വാസം പിന്തുടരുകയായിരുന്നു. ഒരു ദിവസം തലവേദനയനുഭവപ്പെട്ട ഞാൻ മയങ്ങി വീണു. ഇങ്ങനെ സംഭവിക്കുക പതിവായിരുന്നു. സാത്താൻ എന്റെ പിന്നാലെ വന്നു. അവൻ എന്നെ ഭയപ്പെടുത്തി. എന്നെ തിന്നുവനായി വന്നു. തുടർന്നു ഞാൻ ഉറക്കെ അലറുകയും ഓടിപ്പോകുകയും ചെയ്യുമായിരുന്നു. എന്റെ ശരീരം മുഴുവൻ വേദനയനുഭവപ്പെട്ടു. അങ്ങനെ എന്നെ മന്ത്രവാദിയുടെ അടുക്കൽ കൊണ്ടു പോയി ആടുകളെയും പൂവൻ കോഴികളെയും ബലിയർപ്പിച്ചു. എന്നാൽ എനിക്കു സൗഖ്യം ലഭിച്ചില്ല. സാത്താൻ എനിക്കു പ്രത്യക്ഷമായി എന്റെ പിന്നാലെ നടക്കുവാൻ തുടങ്ങി. ഈ സമയത്തു സഭാ മൂപ്പ

നായ ജാതരിയ ഭായി ക്രിസ്തീയ വിശ്വാസത്തിലേക്കു കടന്നു വന്നാൽ രോഗത്തിൽ സൗഖ്യം ലഭിക്കും അതോടുകൂടെ സാത്താൻ നിന്നെ വിട്ടു പോകും എന്നു എന്നോടു പറഞ്ഞു. അങ്ങനെ ഞാൻ എന്റെ ഗ്രാമത്തിലെ ക്രിസ്തീയ യോഗങ്ങളിൽ സംബന്ധിക്കുവാൻ തുടങ്ങി. സഭാമൂപ്പനും മറ്റു വിശ്വാസികളും എനിക്കു വേണ്ടി പ്രാർത്ഥിച്ചു. ആ നിമിഷം മുതൽ സാത്താൻ എന്നെ വിട്ടു പോയി. എനിക്കു രോഗ സൗഖ്യം ലഭിച്ചു. ഞാനും എന്റെ ഭാര്യയും യേശുവിൽ വിശ്വസിക്കുകയും 1987 ൽ സ്നാനപ്പെടുകയും ചെയ്തു.

**ആരാധനക്കൂട്ടത്തിന്റെ / സഭയുടെ വിശദ വിവരങ്ങൾ**

**1. 2013 എപ്രിലിൽ ഈ സഭ CNIയുടെ ഗുജറാത്ത് മഹായിടവകയിൽ ലയിപ്പിച്ചു.** ഈ സഭ പിപ്പൽദേവി പാസ്റ്ററേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

**2. ആരാധനക്കൂട്ടത്തിന്റെ ശക്തി**

സ്നാനപ്പെട്ട വിശ്വാസികൾ പിന്മാറ്റത്തിലായവർ ഉൾപ്പടെ ആകെ 150 പേർ കാണും. ഇവരിൽ നിന്ന് 50 പേർ പിന്മാറ്റത്തിലായി. 27 കുടുംബങ്ങൾ വിശ്വാസത്തിൽ തുടരുന്നു. ആകെയുള്ള 100 വ്യക്തികളിൽ ആരും തന്നെ മറ്റു ഗ്രാമങ്ങളിൽ നിന്നില്ല. ഞായറാഴ്ച ആരാധനകളിൽ 35 പേർ പങ്കെടുക്കുന്നു.

**3. ഈ സഭയിലെ ജാതിക്കൂട്ടം:** ഇവിടെയുള്ളവരിൽ ഭൂരിപക്ഷവും ഭീൽ ജാതിയാണ്. കുക്ന സമൂദായത്തിൽ നിന്നും കുറച്ചു പേരുണ്ട്.

**4. സഭാ ശുശ്രൂഷകർ:** ഗുഹാടിയ ഗ്രാമത്തിലുള്ള ലാസിയ ഭായി ലക്ഷ്മൺ ഭായിയാണ് ഇവിടുത്തെ സഭാ ശുശ്രൂഷകൻ. സഭായോഗങ്ങൾക്കു ഈ സന്നദ്ധ സുവിശേഷകൻ നേതൃത്വം നൽകുന്നു.

അച്ചന്മാർ രണ്ടു മാസത്തിൽ ഒരിക്കലോ മാസത്തിൽ ഒരു പ്രാവശ്യമോ കടന്നു വരുന്നു.

**5. സഭയുടെ പ്രവർത്തനം:** ഞായറാഴ്ച ആരാധന, ഭവനക്കൂട്ടായ്മകൾ, വെള്ളിയാഴ്ച പ്രാർത്ഥനക്കൂട്ടങ്ങൾ തുടങ്ങിയവ ക്രമമായി നടത്തുന്നു.

**6. സ്തോത്രകാഴ്ച**

ഓരോ മാസവും സ്തോത്രകാഴ്ചയായി 350 മുതൽ 400 രൂപ വരെ ലഭിക്കുന്നു.

വിവിധതരം കാണിക്കകൾ എടുക്കുന്നു. ഞായറാഴ്ച സ്തോത്രകാഴ്ച, നന്ദി സൂചകമായ സ്തോത്ര വഴിപാട്, ആദ്യഫല കാണിക്ക തുടങ്ങിയവ.

**7. സുവിശേഷീകരണ പ്രവർത്തനം**

ഇവിടെ 550 ആളുകൾ ജീവിക്കുന്നു. ദൈവാലയത്തിലും വനത്തിനുള്ളിലും പ്രാർത്ഥന യോഗങ്ങൾ നടത്തുന്നു. മാസത്തിൽ ഒരിക്കൽ ജനങ്ങളുടെ മാനസാന്തരത്തിനായി ഉപവസിച്ചു പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥനയിൽ 7,8 പേർ പങ്കെടുക്കുന്നു.

ജനങ്ങൾ രോഗത്താൽ വലയുമ്പോൾ വിശ്വാസികൾ സ്വമേധയ കടന്നു ചെന്നു അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അവരോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

**8. കുടിയേറ്റം**

75% ആളുകളും കരിമ്പു തോട്ടത്തിൽ ജോലി ചെയ്യുന്നതിനായി പോകുന്നു. ആ സമയത്തു ആരാധന യോഗത്തിൽ 10, 12 പേരെ കാണുകയുള്ളൂ.

**9. പ്രാർത്ഥന വിഷയങ്ങൾ**

- സഭയിൽ രണ്ടു വിഭാഗങ്ങൾ രൂപപ്പെടുന്നു.
- ജനങ്ങൾ തിന്മ പ്രവർത്തിയിലൂടെ നഷ്ടപ്പെട്ടു പോകുന്നു. അവർ കർത്താവിങ്കലേക്കു കടന്നു വരണം.
- സഭാ ആരാധന ഭംഗിയായി നടക്കണം.
- ക്രിസ്ത്യാനികൾ വിശ്വാസത്തിൽ ശക്തിപ്പെടണം.




## ജന്മദിനാശംസകൾ

ശാന്തി രമ്യ രാജു, മന്ജിയ നായിക് ജി,
രാജാ ബി, ഫ്ളോറൻസ്,
ജപറാണി എബനേസർ സാം,
കൃപ രക്ഷണ ബറെ

## ജമ്മു

### സാമ്പ

**അയ്യനാർ ഡേവിഡ് & മാൻപ്രീത് കൗർ**

പത്തിയാരി സുമ്പു എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ ലഭിച്ചു. കുത്തഹ ഗ്രാമത്തിലെ രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മത്വാൽ ഗ്രാമത്തിലെ കുടിയേറ്റ തൊഴിലാളികൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പട്ടിയാരി ഗ്രാമത്തിലെ രാംപാലിന്റെ കരത്തിലെ പൊട്ടൽ പ്രാർത്ഥനയിലൂടെ സൗഖ്യമായി. കൂട്ടഹ, സുക്മാങ്ക എന്നീ ഗ്രാമങ്ങളിലെ വിശ്വസികൾ മിഷനറിമാരെ അനേക ഭവനങ്ങളിൽ കൂട്ടിക്കൊണ്ടു പോയി സുവിശേഷം പങ്കുവെച്ചു. തീവ്രവാദികളുടെ സാന്നിധ്യമുള്ള കൂട്ടഹ, സുമ്പ എന്നീ ഗ്രാമങ്ങളിൽ ദൈവീക സംരക്ഷണത്തിൽ ശുശ്രൂഷ ഭംഗിയായി നിർവഹിക്കുവാൻ സാധിച്ചു.

കൂത്തഹ ഗ്രാമത്തിലെ സുവിശേഷീകരണ പ്രവർത്തനത്തിനു തടസ്സമായി നിൽക്കുന്ന റോഷന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന പത്തിയാരി ഗ്രാമത്തിലെ ആശാറാണിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുടുംബ പ്രശ്നം നിമിത്തം ആരാധന യോഗത്തിൽ സംബന്ധിക്കുന്നതു നിർത്തിവെച്ച പൊങ്കുവാൽ ഗ്രാമത്തിലെ മധുഭായി, പ്രശ്നങ്ങളെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൂത്തഹ ഗ്രാമത്തിലെ കൊനിക്ക, ശിവ എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാമ്പ ജില്ലയിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബജൽദ

**വസാവെ ഏലേശ് പ്രഭു & സുനിത വെച്ചയ**

65 വ്യക്തികളോടു വ്യക്തിഗതമായി സുവിശേഷം പങ്കുവെച്ചു അവർക്കു വേണ്ടി പ്രാർത്ഥിച്ചു. മഹാശ, ഭഗത് എന്നീ ജനവിഭാഗക്കാർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. മൂന്നു കുടുംബങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു ആരംഭിച്ചു. മാൻവെൽ, സെലിയ എന്നീ ഗ്രാമങ്ങളിൽ സുവിശേഷ യോഗം നടത്തുവാൻ ഗ്രാമത്തിലുള്ളവർ അനുവദിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

സുനിൽ ശർമ്മയുടെ കുടുംബം ദൈവവചനം പഠിക്കുന്നതിനു താൽപര്യം കാണിക്കുന്നു. സുവിശേഷത്തോടു താൽപര്യം കാണിക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.. കൂൺ ഗ്രാമത്തിൽ മതതീവ്രവാദികൾ ഒരു സ്കൂളും അമ്പലവും പണിയുന്നതിനു പദ്ധതിയിടുന്നു. ആ ഗ്രാമത്തിൽ മിഷനറിമാരെ പ്രവേശിപ്പിക്കാതിരിക്കുന്നതിനും ശ്രമിക്കുന്നു. ഈ വിഷയത്തിൽ കർത്താവ് ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക.

## 2
## ആഗസ്റ്റ്
## വെള്ളി

### ജന്മദിനാശംസകൾ

ത്വാങ് ഖാൻ കാപ്. പി,
കുമാരെ ഭാരതി ബരുദെ പ്രതാപ്

**ബസോലി: സർക്കാർ രമേശ് ബായി & ഗവിത് സുനിത ബൻ**

കോർജിവാട ഗ്രാമത്തിൽ നടത്തിയ സുവിശേഷ യോഗത്തിൽ ആറു വ്യക്തികൾ തങ്ങളുടെ പാപ ജീവിതം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സൻജാർ ഗ്രാമത്തിലെ സഭയിൽ ഏഴു കുടുംബങ്ങൾ പുതുതായി കടന്നു വരുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും മാണിക്കദേവി, രമ്പദേവി എന്നിവർ വിടുതൽ പ്രാപിച്ചു. ഏഴു വർഷത്തെ കുടുംബജീവിതത്തിനു ശേഷം രേബാർ ഗ്രാമത്തിലെ മധുദേവിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

ദശരാജ്, ബിട്ടു, ഹർസരാജ്, ഗായത്രി എന്നീ സഭാമൂപ്പന്മാർ ആത്മാഭിഷേകത്തോടു കൂടി സഭയെ പ്രയോജനകരമാം വിധം വഴി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും വിജയറാണി മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ദശരാജ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിബിഎസിൽ പങ്കെടുത്ത 67 കുട്ടികളും സാക്ഷ്യമുള്ളള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും വിശ്വാസികൾ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

**നൗഷേര: സിയാൻലുൻതാങ് സൗ & ലിങ്നെയ്ഹോയ്; സൈക് സുഭാനി & എമി ഭാഗ്യ**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ലാം, ധർള, രാജ്പുരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പത്തു ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിലൂടെ 90 കുട്ടികൾ ദൈവവചനം പഠിച്ചു. പീഢനം നിമിത്തം നിർത്തിവെച്ച കായി ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിക്കുവാൻ ദൈവം കൃപ നൽകി.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ച സുഭാഷിനെതിരെ പോലീസിൽ കേസ് ഫയൽ ചെയ്ത പിതാവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.. സുഭാഷിന് അവകാശപ്പെട്ട വസ്തുവിൽ അമ്പലം പണിയുവാൻ ശ്രമിക്കുന്ന പിതാവിനെ കർത്താവ് ഇടപെട്ടു തടയേണ്ടതിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ചു അവസാന സ്റ്റേജിൽ ആയിരിക്കുന്ന ധ്രിവേന്ദർ സിങ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പ്രാർത്ഥനയിൽ മദ്ധ്യസ്ഥത വഹിക്കാം!

പിഷല്നെറിലെ ജാമ്ത ദൈവാലയത്തിൽ ആരാധന യോഗം നടക്കവെ ജനെക്കർ ശുക്ലയുടെ നേതൃത്വത്തിൽ ഒരു കൂട്ടം ആളുകൾ ദൈവാലയത്തിൽ കടന്നു കയറി വേദപുസ്തകങ്ങളും പാട്ടുപുസ്തകങ്ങളും കലണ്ടറുകളും കത്തിച്ചു കളഞ്ഞു. അവരുടെ ദൈവങ്ങളുടെ ചിത്രങ്ങൾ ദൈവായത്തിൽ സ്ഥാപിച്ചു വിശ്വാസികളെ ആലയത്തിൽ നിന്നു ഓടിച്ചു കളഞ്ഞു. കാന്ദപാറ ഗ്രാമത്തിലെ ആരാധന യോഗത്തിനു തടസ്സം നിൽക്കുന്ന ലക്ഷ്മൺ വികാസിന്റെ മാനസാന്തരത്തിനായി നമുക്കു പ്രാർത്ഥിക്കാം.

**3 ആഗസ്റ്റ് ശനി**

**ഉദമ്പൂർ: അരുൺ ഘാന്ത & റീനു**

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച ഏഴുപേർ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചു. മഹാഷ, ഭഗത് എന്നീ സമുദായങ്ങളിലുള്ള മൂന്നു കുടുംബങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. നാലു ഗ്രാമങ്ങളിൽ വിബിഎസ് നടത്തി. കാത്ര ഗ്രാമത്തിലെ കലിയുടെ കരളിലെ ട്യൂമർ പ്രാർത്ഥനയാൽ സൗഖ്യമായി. വിശ്വാസികൾ കടന്നു ചെന്നു പ്രാർത്ഥിച്ചപ്പോൾ മുഴു കുടുംബവും പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരായി.

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പിലാങ്ക ഗ്രാമത്തിലെ പിമല ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നിഷ, ദീപു, രേഖ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ത്വക്കിലുണ്ടായ അണുബാധയിൽ നിന്നും രോഷ്നി സുഖം പ്രാപിക്കേണ്ടതിനും കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ഹിമാചൽപ്രദേശ്

**ജീയോറി : ജാംഘോൻഗാം & ഐെറിൻ ലിത്തേൻമൗങ്**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 220 വ്യക്തികൾ ആദ്യമായി സുവിശേഷം ശ്രവിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. രണ്ടു സ്ഥലത്തു പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. രോഗിയായ ഷീല പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു ഇപ്പോൾ ജോലി ചെയ്യുവാൻ തുടങ്ങി. വിളർച്ച രോഗത്തിൽ നിന്നും രേഷ്മയെ കർത്താവ് സൗഖ്യമാക്കി.

പുതിയ വിശ്വാസികളുടെ മദ്ധ്യേ അനുധാവന പ്രവർത്തനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായിരിക്കുന്ന സുലോക്ഷനയുടെ വിടുതലിനായി പ്രാർത്ഥിക്കുക. അവൾ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ഭയത്തിൽ നിന്നും ഷീമ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുട്ടുവേദനയാലും നേത്രരോഗത്താലും കഷ്ടപ്പെടുന്ന തുളം പട്ടേലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന സ്വദേശ സുവിശേഷകൻ ഹരിലാലിന്റെയും ഭാര്യയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ദൈവത്തിനു സകലതും സാദ്ധ്യം!**

ഉത്തർഖാണ്ഡിൽ മാൽധാച്ചോറിലുള്ള വദ്രാഫ് ഗ്രാമത്തിലെ സുഖ്‌വെന്ദർ സിങ് പൈശാചിക ബന്ധനത്തിലായി. അവൻ ഭക്ഷണം കഴിക്കുന്നത് നിർത്തി. തലമുടി കത്തിച്ചു കളഞ്ഞു, വസ്ത്രം ഊരിയെറിഞ്ഞു നഗ്നനായി വേദപുസ്തകത്തിൽ പറയുന്ന ലെഗ്യോനെ പോലെ അലഞ്ഞു തിരിഞ്ഞു. അവന്റെ രക്ഷിതാക്കളെ അവനെ വിവിധ സ്ഥലത്തു കൊണ്ടുപോയി എങ്കിലും പരിഹാരമുണ്ടായില്ല. അവരുടെ ഭവനത്തിൽ അവന്റെ സൗഖ്യത്തിനായി ഒരു പ്രത്യേക ഉപവാസ പ്രാർത്ഥന ക്രമീകരിച്ചു. എല്ലാവരുടെയും ഊർജ്ജസ്വലമായ പ്രാർത്ഥന കേട്ടു ദൈവം സുഖ്‌വെന്ദറിനെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിച്ചു. അവൻ വസ്ത്രം ധരിച്ചു ഭക്ഷണം കഴിച്ചു. ഈ അത്ഭുത പ്രവർത്തി കണ്ട കുടുംബം മുഴുവൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദൈവത്തിനു മഹത്വം!




മങ്കിയാർകരസി ബഞ്ചമിൻ,
സുവില ജ്ഞാനാപ്പു ദാനിയേൽ

### റിക്കോങ്പിയോ

**എ ശങ്കർ & രൂത്ത് മേരി**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു സ്ഥലത്തു സുവിശേഷ യോഗങ്ങൾ സംഘടിപ്പിച്ചു. എട്ടു സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. അനേക സ്ഥലങ്ങളിൽ യോഗങ്ങൾ നടത്തുന്നതിനു അവസരം ഉണ്ട്.

ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാലു സ്ഥലത്തു സുവിശേഷ യോഗങ്ങൾ നടത്തി. 20 സ്ഥലത്തു നടത്തിയ രാത്രി യോഗങ്ങളിൽ കൂടുതൽ ആളുകൾ സംബന്ധിച്ചു. 850 ആത്മാക്കളെ നേടുക എന്ന ഈ വർഷത്തെ ലക്ഷ്യം പൂർത്തികരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈക്കു പൊട്ടലുണ്ടായ വിശ്വാസിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കൈക്കു ചെയ്യുന്ന ശസ്ത്രക്രീയയും ചികിത്സയും വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. ദൂരെ സ്ഥലങ്ങളിൽ നിന്നു ആളുകൾ ആരാധനയിൽ സംബന്ധിക്കുന്നതിനാൽ റിക്കോങ്പീയോയിൽ അവർക്കു സൗകര്യ പ്രദമായ സ്ഥലത്തു പുതിയ ആലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു കൂടുതൽ മിഷനറിമാർ കടന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക.

### അന്നി: ജിൻ സ്വാം & ചിങ് ഹൊയ്കിം

രണ്ടു ഗ്രാമങ്ങളിലുള്ള 350 പേരോടു സുവിശേഷം പങ്കുവെച്ചു. 20 സ്ഥലത്തു രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. പ്രാർത്ഥനയുടെ ഫലമായി സോനുവിനു സുഖ പ്രസവത്തിലൂടെ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. നടക്കുവാൻ ബുദ്ധിമുട്ടിയ ജോപ്പു ദേവി പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു.

പക്ഷാഘാതത്തിൽ നിന്നും റാം ദേവ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബത്തിലെ സംഘർഷത്തെ തുടർന്നു വേർപിരിഞ്ഞു ജീവിക്കുന്ന കമലയും ഭർത്താവും പിണക്കം മറന്നു ഒരുമിച്ചു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗാരുധന്റെ എല്ലാ കുടുംബ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു ഭവനത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയായ ഗംഗാദേവിയെ ഉപേക്ഷിച്ച മകനോടു ദൈവം ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക.

### സാധാരണക്കാരന്റെ പ്രാർത്ഥന സർപ്പത്തെ കീഴടക്കി!

മഹാരാഷ്ട്രയിലെ ഘാട്ചോലി മിഷൻ വയലിലുള്ള ഇന്ദിര നഗർ ഗ്രാമത്തിൽ നമ്മുടെ വിശ്വാസി ശ്രീകാന്ത് കഴിഞ്ഞ 12 വർഷമായി ജീവിക്കുന്നു. അവൻ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. ഒരു ദിവസം ഒരു പാമ്പ് അവന്റെ കുടിലിൽ പ്രവേശിച്ചു അവൻ കിടന്നിരുന്ന കട്ടിലിൽ കയറി അവന്റെ നെഞ്ചിൽ ഫണം വിരിച്ചു നിന്നു. ശ്രീകാന്തിനു അനങ്ങുവാനോ സഹായത്തിന് ആരെയെങ്കിലും വിളിക്കുവാനോ കഴിയാത്ത നിലയിലായിരുന്നു. അവൻ കണ്ണുകളടച്ചു നിശ്ശബ്ദ പ്രാർത്ഥനയിലൂടെ ദൈവത്തെ വിളിച്ചപേക്ഷിച്ചു. അത്ഭുതകരം ആ പാമ്പ് സാവധാനത്തിൽ പത്തി താഴ്ത്തി കട്ടിലിൽ നിന്നും ഇറങ്ങി സ്വയം ആ കുടിലിനു വെളിയിലേക്കു പോയി. ഹല്ലേലൂയ്യ!

## 5 ആഗസ്റ്റ് തിങ്കൾ

### ജന്മദിനാശംസകൾ

ജോത്സന ദേവി പ്രശാന്ത്,
മേശ്രം കൽപന വാൽവി നേതാജി

### നേർവ : ഇമ്മാനുവേൽ ജപ & സംഗീത

പങ്കൽ ഗ്രാമത്തിൽ വിശ്വാസികൾക്കായി നടത്തിയ ഏകദിന സമ്മേളനം അനുഗ്രഹകരമായിരുന്നു. തൈര ഗ്രാമത്തിലെ രുചിയും വിനോദും ക്രിസ്തീയ വിശ്വാസം നിമിത്തം കുടുംബാംഗങ്ങളിൽ നിന്ന് ഉപദ്രവം സഹിക്കുന്നതിൽ മാത്രമല്ല അവരെ രക്ഷയിലേക്കു കൊണ്ടുവരുന്നതിലും വിജയിച്ചു. ശക്തമായ എതിർപ്പിനെ തുടർന്നു വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ രോഷനപാൽ, സൗരാനി എന്നീ ഗ്രാമത്തിലുള്ളവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ബാരാനു സഭയുടെ പരിതാപകരമായ സാഹചര്യത്തിലും പുതിയ കുടുംബങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി.

ബംഗാൾ ഗ്രാമത്തിൽ നിലനിൽക്കുന്ന സുവിശേഷ വിരോധവും ഉപദ്രവവും ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. അതുൾ ഗ്രാമത്തിലെ ലളിത്, ബംഗാൾ ഗ്രാമത്തിലെ സുമൻ എന്നിവർ പീഢനം ഭയന്ന് വിശ്വാസത്തിൽ നിന്നും പിന്മാറി. ഇവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. തൈറ, ഡങ്ഗ്ലീസ്, കോനാൻജാര എന്നീ ഗ്രാമങ്ങളിൽ നിന്നു ക്രിസ്ത്യാനികളെ തുടച്ചു നീക്കുമെന്നുള്ള ഗ്രാമക്കാരുടെ തീരുമാനം പ്രാവർത്തീകമാകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബരാനു ഗ്രാമത്തിലെ പ്രാദേശിക സുവിശേഷകൻ സിക്കൻദുരയെ ഗ്രാമത്തിൽ നിന്നും ഓടിച്ചു വിടുവാൻ ശ്രമിക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### രൊഹ്റു: ജോൺസൺ ശങ്കർ & ജപറാണി

നമ്മുടെ വിശ്വാസിയുടെ മകൾ സോണിയ നീറ്റ് പരീക്ഷയിൽ 577 മാർക്ക് നേടി. സനൽ ഗ്രാമത്തിൽ രണ്ടു പുതിയ വ്യക്തികൾ വിശ്വാസത്തിലേക്കു വന്നു. ആഭിചാരം നിമിത്തം പൈശാചിക ബന്ധനത്തിലായ ശാന്താദേവിയെ വിശ്വാസികൾ ഒത്തു ചേർന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം വിടുവിച്ചു.

റോണാൽ ഗ്രാമത്തിലെ വിശ്വാസികൾക്കു ഗ്രാമത്തിൽ നടക്കുന്ന ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന ഉത്സവം കാരണം ക്രിസ്തീയ യോഗങ്ങളിൽ സംബന്ധിക്കുന്നതിനു സാധിക്കുന്നില്ല. ക്രിസ്തീയ ജീവിതത്തിൽ അവർ നേരിടുന്ന എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് വിശ്വാസ ജീവിതത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. പിതാവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന രേശ്മയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### കർസോങ്

### പവൻ കുമാർ & പ്രഭാഷിണി ദേവി

ഒരു വ്യക്തി പാപ ജീവിതം ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജീപ്പ് ടീം അംഗങ്ങൾ എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. കോട് ഗ്രാമത്തിൽ ഒരു പുതിയ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു.

സ്വദേശ സുവിശേഷകരായി പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള യൗവ്വനക്കാർ മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന കർസോങ് ഗ്രാമത്തിലെ ജയറാം വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പസന്തപൂർ, പ്ലായർ എന്നീ ഗ്രാമങ്ങളിലുള്ള വിശ്വാസികൾ സാമൂഹ്യ ഭയം നിമിത്തം ആരാധനയിൽ സംബന്ധിക്കുന്നില്ല. അവർ ആത്മാവിൽ ബലപ്പെട്ടു ഈ ഭയത്തെ അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




സുധാഹരണി രവി

### തനെദാർ

**ജപർസൺ & ഗായത്രി**

പ്രാദേശിക സുവിശേഷകരുടെ കൂടെ ആറു ഗ്രാമങ്ങളിൽ പ്രാർത്ഥന നടത്തം സംഘടിപ്പിച്ചു. വ്യക്തിഗത സുവിശേഷ വേലയിലൂടെ 153 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. രണ്ടു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. നാലു ദിവസം ഭക്ഷണം കഴിക്കുവാൻ കഴിയാതെ തളർന്നു പോയ വിമലയെ കർത്താവ് സൗഖ്യമാക്കി. പ്രാർത്ഥനയെ തുടർന്നു അവൾക്കു ഭക്ഷണം കഴിക്കുവാൻ സാധിക്കുന്നു. ഏകദിന ആത്മീക കൂട്ടായ്മയിൽ 120 ആളുകൾ സംബന്ധിച്ചു.

സെമ്പാർ, ഗന്ദ, ഡിങ്ഗ്ലി എന്നീ ഗ്രാമങ്ങളിൽ നടത്തുവാനാഗ്രഹിക്കുന്ന പ്രാർത്ഥന നടത്തത്തിലൂടെ അവിടെ സുവിശേഷം പ്രഘോഷിക്കേണ്ടതിനായും പരിശുദ്ധാത്മാവ് അവിടെ പ്രവർത്തിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കിഷ്മി മാമിയെ ദൈവാലയത്തിൽ വിടാതെ തടയുന്ന മകന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ആറു വയസ്സുള്ള അൻമോൾക്കു അജ്ഞാത രോഗം നിമിത്തം വായിലൂടെ ഭക്ഷണം കഴിക്കുവാൻ കഴിയുന്നില്ല. ഇപ്പോൾ ശരീരത്തിൽ ഘടിപ്പിച്ച ട്യൂബിലൂടെയാണ് ഭക്ഷണം നൽകുന്നത്. ഈ പൈതലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### ബുധ്‌ലാട

**സജ്ജീപ് ആനന്ദ് & പ്രസ്തുതബതി;**
**പ്രതാപ് രഹാങ് & രശ്മി പ്രഭ**

അഞ്ചു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു പരസ്യമായി വിശ്വാസം ഏറ്റു പറഞ്ഞു വിശ്വാസികളുടെ സമൂഹത്തിലായി. ധനുക് ജാതിക്കൂട്ടത്തിൽ നിന്ന് 5 കുടുംബങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. കുടുംബ പ്രശ്നങ്ങൾ നിമിത്തം ആത്മഹത്യക്കു ഒരുങ്ങിയ സോമ കൗറിന്റെ ഭവനത്തിൽ സമാധാനവും നിരപ്പും ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമത്തിൽ സംഘടിപ്പിച്ച സത്സാംഗ് പ്രോഗ്രാമിൽ സംബന്ധിച്ചവരുടെ ഇടയിൽ 1450 ലഘുലേഖകൾ വിതരണം ചെയ്തു.

ഭവനത്തിൽ നിന്നും ഓടിപ്പോയ 18 വയസ്സുള്ള ഹർപ്രീത് സിങ് സുരക്ഷിതനായി ഭവനത്തിൽ മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടുത്തെ ശുശ്രൂഷയുടെ വ്യാപനത്തിനായി പ്രാദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ രജ്ഞിത് കൗർ അപസ്മാര രോഗത്തിൽ നിന്നും മുക്തയായി. വിശ്വാസ പ്രഖ്യാപന യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിക്കുന്നതിനു ബത്തിണ്ട, സങ്കാത് മാണി, ഭായ് ബഗത് എന്നീ മേഖലകളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക.

**7**
**ആഗസ്റ്റ്**
**ബുധൻ**

ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

മോസസ് മുരളിധരൻ,
ആരതി, ജോത്സന ജയറാണി

**ജയ്ന്തോ:**

**ചിത്തരഞ്ജൻ താണ്ടി & തേജസ്വിത**

പൈശാചിക ബന്ധനത്തിൽ നിന്നും പൂജയും കരംജിത് കൗറും വിടുതൽ പ്രാപിച്ചു. ജൈതോ, പസക്കാന എന്നീ ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ 66 കുട്ടികൾ പങ്കെടുത്തു ദൈവവചനം പഠിച്ചു. ജൈത്തോ ഗ്രാമത്തിലെ സഭയിൽ നടത്തിയ ആത്മക്കളെ ആദായപ്പെടുത്തുന്നവർക്കായുള്ള പരിശീലന ക്യാമ്പിൽ പങ്കെടുത്ത വിശ്വാസികൾ തങ്ങളുടെ ബന്ധു മിത്രാദികളോടു സുവിശേഷം പങ്കുവെക്കുമെന്നു തീരുമാനമെടുത്തു. പിന്മാറ്റത്തിലായ ആത്താർ കുടുംബം വിശ്വാസത്തിലേക്കു തിരികെ വന്നു.

റോഡപകടത്തിൽ കുടുംബനാഥൻ നഷ്ടപ്പെട്ട ലക്വീന്ദർ സിങിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഭാര്യയെയും മക്കളെയും ആരാധന യോഗത്തിൽ പോകുന്നതിനു അനുവദിക്കാത്ത ഗുരിലാൽ സിങ് ദൈവസ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന ജാക്കി സിങ്, രാജി സിങ്, നിർമ്മൽ സിങ്, മാൻപ്രീത് കൗർ, എന്നീ കുടുംബങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മോഗ: വൈ ജസ്റ്റിൻ & സരൾ ഝാൻസി റാണി**

മദ്യാസക്തനായ ഹർദീപ് സിങ് തന്റെ തിന്മ പ്രവർത്തികൾ എല്ലാം ഉപേക്ഷിച്ച് ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. അപസ്മാര രോഗത്താൽ വലഞ്ഞ സാറ പ്രാർത്ഥനയുടെ ഫലമായി വിടുതൽ പ്രാപിച്ചു. കാലിലുണ്ടായ മുറിവ് പഴുത്ത് അണുബാധയാൽ കഷ്ടപ്പെട്ട കരം ജിത്ത് കൗറിനെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ദൈവം വിടുവിച്ചു.

അജിത്വാൾ, അസലബാദ്, ജാക്സാത്, കോത്ലി എന്നിഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾക്കു നല്ല ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോക്രി ഗ്രാമത്തിലെ കോത്ലിയെ ദൈവാലത്തിൽ വിടാതെ തടയുന്ന ഭർത്താവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

**ബർവാല: മിന്തു കുതും & സുബ്രു ബാഗ്**

ഗ്രാമത്തിലെ സഭകളുടെ നേതൃത്വത്തിൽ നടത്തിയ 5 ഗ്രാമങ്ങളിലെ വിബിഎസിൽ 210 കുട്ടികൾ സംബന്ധിച്ചു ദൈവവചനം പഠിച്ചു. സഭാമൂപ്പൻ സന്തോഷ് ശ്വാസമില്ലാതെ കുഴഞ്ഞു വീണപ്പോൾ അവനെ പരിശോധിച്ച ഡോക്ടറന്മാർ വലിയ ആശുപത്രിയിലേക്കു കൊണ്ടു പോകുവാൻ ആവശ്യപ്പെട്ടു. എന്നാൽ വിശ്വാസികൾ ഒത്തു ചേർന്ന് പ്രാർത്ഥിച്ച വേളയിൽ ദൈവം സന്തോഷിനെ സൗഖ്യമാക്കി.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പ്രത്യേക യോഗങ്ങൾ, യുവജന സമ്മേളനം, ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ പരിശീലനം എന്നിവകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വെള്ളിയാഴ്ചത്തെ മുഴു രാത്രി പ്രാർത്ഥന സജ്ജന, പർവാല എന്നീ മേഖലകളിൽ വജയകരമായി സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ആൻഡ്രൂസ് ജവഹർ,
ഹെപ്സിബ ആൻഡ്രൂസ്,
മഹല ഷീലബൻ പദ്‌വി സോമാലിയ

### കിച്ച

**ബിഭാബ പാനി & ബിത്തിക പാനി**

പുതിയ വിശ്വാസിയായ ബൽവിന്ദർ സിങ് രോഗം നിമിത്തം മരണമടഞ്ഞെങ്കിലും അവന്റെ കുടുംബാംഗങ്ങൾ കർത്താവിൽ ആശ്രയിക്കുകയും വിശ്വാസത്തിൽ തുടരുകയും ചെയ്യുന്നു. ഭാരതപൂർ, സിമ്മാലിയോൺ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിച്ചു. തളർവാതത്താൽ കഷ്ടപ്പെടുന്ന സത്നാം കൗറിനു വേണ്ടി നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി അവളുടെ ആരോഗ്യ നിലയിൽ കാര്യമായ പുരോഗതി കാണുന്നു. അമർസിങ്, റിംഗ് എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

കരളിൽ അണുബാധയുണ്ടായ ജഗവിന്ദർ സിങിനു സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ യോഗം നടത്തുന്നതിനു സജ്ജന ഗ്രാമത്തിലെ നിഷയുടെ ഭവനം തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. കിച്ച താലൂക്കിലുള്ള 95 ഗ്രാമങ്ങളിലുള്ളവരും അവർ ശ്രവിച്ച സുവിശേഷത്തോടു ആനുസരണം കാണിക്കേണ്ടതിനും ഈ ഗ്രാമങ്ങളിലെല്ലാം ആരാധനക്കൂട്ടങ്ങൾ ഉരുവാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ഇവിടെ ഭൂരിപക്ഷമുള്ള ബഹാരി സമുദായത്തിൽ നിന്നും സ്വദേശ സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

**പടപ്പർഗഞ്ച് : ജോൺ ഡേവിഡ്സൺ & എസ്ഥേർ പ്രിസ്കില്ല**

മരണശയ്യയിലായിരുന്ന 11 വയസ്സുള്ള എഗ്ദ എന്ന പെൺകുട്ടിയെ ദൈവം പ്രാർത്ഥന കേട്ടു വിടുവിച്ചു. വൃക്കയിലെ കല്ലു നീക്കുന്നതിനു ശസ്ത്രക്രീയക്കു വിധേയ ആയ ശാരിക എന്ന യുവതിയെ കർത്താവ് സൗഖ്യമാക്കി. അമിതമായ രക്തസമ്മർദ്ദം നിമിത്തം ഡോക്ടറന്മാർ ശസ്ത്രക്രീയ നടത്തുവാൻ തുനിഞ്ഞെങ്കിലും ഈഷ എബനേസറിനു സുഖം പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ വിശ്വാസിയുടെ കൻഹയുടെ മകൾ ഏണിയിൽ നിന്നു താഴെ വീണെങ്കിലും പരുക്കുകളേൽക്കാതെ ദൈവം അവളെ രക്ഷിച്ചു. NSM രോഹിണിയിൽ എയ്ഡ്സ് രോഗ ബാധിതരായ കുട്ടികൾക്കു വേണ്ടി വിബിഎസ് നടത്തി. 25 കുട്ടികൾ അതിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു.

രോഗിയായ മല്ലികയുടെ വേർപാട് നിമിത്തം വിഷാദത്തിലായിരിക്കുന്ന സഹോദരി പിങ്കി സജ്ജയ് കുമാറിന്റെ ആശ്വാസത്തിനും സമാധാനത്തിനുമായി പ്രാർത്ഥിക്കുക. ടൈഫോയ്ഡിനാൽ കഷ്ടപ്പെടുന്ന 13 വയസ്സുള്ള അനിക്ക, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പോൾരാജ്, പവൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ യൗവ്വനക്കാർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായും യൗവ്വനക്കാർ ക്രിസ്തീയ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലെ വിശ്വാസികളുടെയും സുവിശേഷകരുടെയും ക്ഷേമത്തിനായി പ്രാർത്ഥിക്കുക.

9
ആഗസ്റ്റ്
വെള്ളി

ജന്മദിനാശംസകൾ

ജോസഫിൻ ഷീബ

## ഉത്തർഖാണ്ഡ്

**മാൽധചൗർ: ശിശുപാൽ & അനിത**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു ഗ്രാമങ്ങളിൽ സംഘടിപ്പിച്ച വിബിഎസ് മുഖാന്തിരം 250 കുട്ടികൾ ദൈവവചനം പഠിച്ചു. ജോൾഗാപൂർ, ജോത്സാർ എന്നീ മേഖലകളിലെ ശുശ്രൂഷ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

പത്സാം, ദുമാസാസം എന്നീ ഗ്രാമങ്ങളിലുള്ള പ്രാർത്ഥക്കൂട്ടങ്ങൾ ആരാധനക്കൂട്ടങ്ങളാകേണ്ടതിനായി പ്രാർത്ഥിക്കുക. തലയിലുണ്ടായ പരുവിൽ നിന്ന് രാജവാൻ കൗർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കവിദാസ്, സുഗന്ധ, കാന്ത, തുളറാം, ചന്ദ്ര, ഇന്ദർജീത്, സോണിയ, മീനാക്ഷി, ഇന്ദ്രപാൽ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

**തപ്കാര :**

**ജോൺസൺ തമിഴ്സെൽവൻ & രാജമ്മാൾ ജോൺസൺ; ഡേവിഡ് മാർവൽ രാജ് & ജബശീലി**

ഉർമ്മിളയുടെ വൈദ്യുതാഘാതമേറ്റു ഗുരുതരാവസ്ഥയിലായ മകനെ ദൈവം രക്ഷിച്ചു. നമ്മുടെ സഭാമൂപ്പൻ ഹൻസ്രാജിന്റെ സഹായത്തോടെ വാൽമികി സമുദായത്തിലുള്ളവരോടു സുവിശേഷം പ്രഘോഷിച്ചു. യുവതി യുവാക്കളുടെ പരിശീലന പ്രോഗ്രാം ദൈവകൃപയാൽ ഭംഗിയായി നടത്തി. പ്രാർത്ഥനയുടെ ഫലമായി നമ്മുടെ സഭ മൂപ്പൻ ഹർജിത്തിന്റെ മകനു നല്ലൊരു ജോലി ലഭിച്ചു. വിഷത്തേളിന്റെ കുത്തേറ്റ ശ്വേതയെ കർത്താവ് സൗഖ്യമാക്കി.

കാജലിനു സുഖ പ്രസവം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങൾ യേശുവിനെ അറിയുന്നതിനു തടസ്സമായി നിൽക്കുന്ന പൗലോ ഗൗറിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ യൗവ്വനക്കാർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അൽവാർ ബാലഭവനത്തിലെ കുട്ടികൾ തങ്ങളുടെ ഉന്നമനത്തിനായി പഠനം ഉപേക്ഷിക്കാതെ തുടരേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി അപകടത്തിൽ പെടുന്ന സതീഷിന്റെ സുരക്ഷിതത്വത്തിനായും അവനു നല്ല ജോലി ലഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### സൗജന്യ ദാനമായ രക്ഷ!

മഹാരാഷ്ട്രയിലെ സർക്കാന മിഷൻ വയലിലുള്ള ദത്തെവാൽ ഗ്രാമത്തിലെ വസന്ത ബായി പൈശാചിക ബന്ധനത്തിൽ ദീർഘകാലമായി കഷ്ടപ്പെടുന്നു. ഭവനത്തിലുള്ളവർക്കും ഗ്രാമത്തിലുള്ളവർക്കും അവൾ ഉപദ്രവമായിരുന്നു. അവളുടെ വിടുതലിനായി ഭർത്താവ് അവളെ വിവിധയിടങ്ങളിൽ കൊണ്ടുപോയി, ധാരാളം പണം ചിലവഴിച്ചു അടുകളെയും കോഴികളെയും ബലയർപ്പിച്ചു പൂജകൾ നടത്തി. എന്നാൽ എല്ലാം വ്യർത്ഥമായി. അവളുടെ ഉപദ്രവം വർദ്ധിച്ചു വന്നപ്പോൾ അവളെ നമ്മുടെ മിഷനറിയുടെ അടുക്കൽ കൊണ്ടു ചെല്ലുവാൻ സ്വദേശ സുവിശേഷകൻ ഉപദേശിച്ചു. വസന്തയുടെ ഭർത്താവ് അവളെ മിഷനറിയുടെ അടുക്കൽ കൊണ്ടുവന്നു. മിഷനറിക്കു നൽകുന്നതിനായി വലിയൊരു ആടുമായിട്ടാണ് അവർ വന്നത്. വിശ്വസിക്കുന്ന ഏവർക്കും ലഭിക്കുന്ന സൗജന്യ രക്ഷയെ കുറിച്ചു മിഷനറി അവരോടു പറഞ്ഞു. മിഷനറി അവൾക്കു വേണ്ടി പ്രാർത്ഥിച്ച വേളയിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു. ദുരാത്മാവ് അവളെ വിട്ടുമാറി. ഒടുവിൽ അവൾ ബന്ധനത്തിൽ നിന്നും മോചിതയായി. ഇന്ന് അവളുടെ കുടുംബം ഗ്രാമത്തിലുള്ളവരോടു ക്രിസ്തുവിനെ കുറിച്ചുള്ള പങ്കുവെക്കുന്നു. ദൈവത്തിനു മഹത്വം!

**10**
**ആഗസ്റ്റ്**
**ശനി**

## ജന്മദിനാശംസകൾ

സൻമത മനോഹർ തനെ, ഓം പ്രകാശ്

### സങ്കരിയ: അമീർകാന്ത് ഡിഗാൽ & നിരോല

കഠിനമായ താപത്തിൽ നിന്നും ദൈവം മിഷനറിമാരെയും വിശ്വാസികളെയും സുരക്ഷിതമായി പരിപാലിച്ചു. പതിവായി പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്ന രാമന്റെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഏഴു വർഷത്തിനു ശേഷം നാഗരണ ഗ്രാമത്തിലെ സുമനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. സോനുവും അവളുടെ ഭർത്താവും പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

16 വർഷത്തോളമായി കഠിനപ്രമേഹ രോഗത്താൽ കഷ്ടപ്പെടുന്ന അർമാന്റെ വിടുതലിനായി പ്രാർത്ഥിക്കുക. മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും അടിമയായിരിക്കുന്ന ഗർദേവ സിങ്, കുൽദീപ് ജസ്വിർ, മങ്കു, സന്ദീപ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. നാഗരാണ പ്രദേശത്തു ജീവിക്കുന്ന മജ്ബിത് സിക്ക് സമുദായത്തിലുള്ള 90% ആളുകൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു. ഈ സാമൂഹ്യ തിന്മയിൽ നിന്നും ദൈവം അവരെ വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഉദൈപൂർ: ആശീഷ് കുമാർ & സവിത ദേവി

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 170 പേർ സുവിശേഷം ശ്രവിച്ചു. അഞ്ചു പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി ദൈവസഭയിലെ അംഗങ്ങളായി തീർന്നു. ക്ഷയരോഗിയായ ശങ്കറിനെയും വിളർച്ച രോഗത്താലും ഗർഭപാത്രത്തിലുണ്ടായ മുഴയാലും കഷ്ടപ്പെടുന്ന സുമിത്രയെയും കരത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി.

കടഭാരത്തിൽ നിന്നും മയക്കു മരുന്നിന്റെ അടിമത്വത്തിൽ നിന്നും പ്രഭുലാൽ, ജാലാമ്ജി, ലക്ഷ്മൺ, രോഷൻ, ബേരു എന്നിവരും അവരുടെ കുടുംബാംഗങ്ങളും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുന്ന സോണി, കമല, ജാമദു എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു ഗുടിയ, സീമ, ശമ്പുലാൽ എന്നിവരെ കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ആദ്യം കർത്താവിനെ അന്വേഷിക്കുക

ഹരിയാനയിലെ ബാസപൂർ മിഷൻ വയലിലുള്ള ഇട്ടാവ ഗ്രാമത്തിലെ ഉത്തമ വിശ്വാസിയാണ് ഗുരുപ്രീത് സിങ്. തന്റെ ഭവനത്തിലും ഗ്രാമത്തിലും നടക്കുന്ന ഏതു കാര്യത്തിനും അവൻ ദൈവത്തിനു പ്രഥമ സ്ഥാനം നൽകും. കഴിഞ്ഞ മാസത്തിലെ ഒരു ഞായറാഴ്ച അവന്റെ ചന നിറഞ്ഞു നിന്ന പശു പ്രസവ ലക്ഷണം പ്രകടിപ്പിച്ചു. കന്നുകാലി വളർത്തൽ അവന്റെ ഉപജീവന മാർഗ്ഗമായിരുന്നു. അവൻ ആകാംഷയോടെ പശുകിടാവിന്റെ വരവിനെ കാത്തിരുന്നു. എന്നാൽ പശു ജീവനില്ലാത്ത കിടാവിനെയാണ് പ്രസവിച്ചത്. നിർജ്ജീവമായ കിടാവിനെ ഓർത്ത് നിരാശിതനായി എന്ത് ചെയ്യണമെന്നറിയാതെ ഒടുവിൽ ദൈവത്തെ ആരാധിക്കുന്നതിനും ഞായറാഴ്ച ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനും പ്രഥമ സ്ഥാനം നൽകി. അവൻ കർത്താവിനെ ആരാധിച്ചു ജീവനില്ലാത്ത കിടാവിന്റെ കാര്യവും ദൈവ സന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിച്ചു. വിട്ടിൽ തിരികെ വന്ന അവനു തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. ആ പശുകിടാവ് എഴുന്നേറ്റ് നിന്ന് തള്ളയുടെ പാൽ കുടിക്കുന്നു. തള്ള പശു തന്റെ കുട്ടിയെ നക്കി തുടയ്ക്കുന്നു. അവിടെ മുഴങ്കാലിൽ നിന്ന് ഗുരുപ്രീത് കരുണ കാണിച്ച ദൈവത്തിനു നന്ദിയർപ്പിച്ചു. അവൻ ഈ സാക്ഷ്യം ഗ്രാമത്തിലുള്ളവരോടു പങ്കുവെച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

**11**
**ആഗസ്റ്റ്**
**ഞായർ**

## ഉത്തർപ്രദേശ്

### ബർത്താന:എസ് രാജൻ & ജപമലർ

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. റാസിപുര ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. മിലാക് സഭ പത്താം വാർഷികം ബഹുലമായ വിധം ആഘോഷിച്ചു.

മെഹാന സഭയിലെ ആരാധന എത്രയും വേഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭീഷണിയുടെയും ഉപദ്രവത്തിന്റെയും മദ്ധ്യത്തിൽ വിശ്വാസികൾ ധൈര്യസമേതം ആരാധന യോഗങ്ങളിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദിനേശ് - മമത, നീരജ് - അനുരാധ എന്നീ ദമ്പതികൾ തലമുറക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു. 12 വയസ്സായ മകന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ഗാന്ധി നഗറിലുള്ള ധർമ്മേന്ദ്രയുടെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

### സിക്കന്ദ്ര: പച്ചിയബായ് & സവിത ബൻ

അഞ്ചു വ്യക്തികൾ തങ്ങളുടെ പാപ ജീവിതം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു സ്ഥലത്തു നടത്തിയ വിബിഎസിൽ അനേക അക്രൈസ്തവ കുട്ടികൾ പങ്കെടുത്തു ദൈവവചനം പഠിച്ചു അനുഗ്രഹം പ്രാപിച്ചു. സിക്കന്ദ്ര, പൽക്കരുമോ എന്നീ മേഖലകളിൽ വേദപഠന ക്കൂട്ടങ്ങൾ ഉരുവാക്കി. വിശ്വാസികൾ ദൈവവചനം ശരിയായ വിധത്തിൽ പഠിക്കുന്നതിനു ഇതു സഹായകരമാകുന്നു. ഇരുചക്രവാഹനത്തിൽ നിന്നു താഴെ വീണു നട്ടെല്ലിനു ക്ഷതം സംഭവിച്ച താക്കൂർ പ്രസാദിന്റെ ശസ്ത്രക്രീയ വിജയകരമായിരുന്നു.

സെയിനിപൂർ, ലിങ്ങാര, രാജ്പൂർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇന്ത്യൻ നേവിയിൽ ചേരുന്നതിനു ശ്രമിക്കുന്ന കുഷ്ബുവിന്റെ ശ്രമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജിത്തേന്ദ്ര, അകാശ് എന്നീ കുടുംബങ്ങൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനായും യേശുവിലുള്ള വിശ്വാസം ഏറ്റുപറയേണ്ടതിനായും പ്രാർത്ഥിക്കുക. സിക്കന്ദ്ര ദൈവാലയത്തിന്റെ വസ്തു തടസ്സങ്ങളില്ലാതെ രജിസ്ട്രർ ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൂരസ്ഥരുടെയും സമീപസ്ഥരുടെയും ദൈവം!

ഗുജറാത്തിലെ ബോഡേലി മിഷൻ വയലിലുള്ള ഒരു ഗ്രാമത്തിലാണ് വിവാഹിതയായ യുവതി അസിമ്ത ബൻ ജീവിക്കുന്നത്. നല്ല ആരോഗ്യവതിയായിരുന്ന യുവതി പെട്ടെന്നു ഒരു ദിവസം മയങ്ങി വീണു. ഭയന്നു പോയ കുടുംബാംഗങ്ങൾ അവർക്കു സാധ്യമായ മരുന്നുകൾ ഒക്കെ നൽകി എന്നാൽ അവൾ ബോധം വീണ്ടെടുത്തില്ല. ഇതു കേട്ട അവളുടെ ബന്ധുക്കളും സമീപത്തു താമസിക്കുന്ന വിശ്വാസികളും അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. അവർ പ്രാദേശിക സുവിശേഷകനെ ഫോണിലൂടെ വിവരം അറിയിച്ചു. അദ്ദേഹം ഗ്രാമത്തിൽ കടന്നുവരുവാൻ സമയംമെടുക്കുമെന്നതിനാൽ അവർ അസിമ്തയെ സ്വദേശ സുവിശേഷകൻ താമസിക്കുന്ന 20 കിലോമീറ്റർ അകലെയുള്ള സ്ഥലത്തേക്കു കൊണ്ടു ചെന്നു. സ്വദേശ സുവിശേഷകൻ മറ്റു വിശ്വാസികളോടു ചേർന്നു അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ അസിമ്ത ശ്വാസം എടുക്കുവാൻ തുടങ്ങി, അവൾ ഉണർന്നു എഴുന്നേറ്റു നിന്നു. അവിടെ കൂടിവന്നവരെല്ലാം ദൈവത്തെ സ്തുതിച്ചു.




**ജന്മദിനാശംസകൾ**

ജ്യോതി മേരി ജോൺ സ്റ്റീഫൻ,
മത്തിയാസ് മാൾട്ടോ

### ജാലൗൻ

**രാകേഷ് രത്തിലാൽ & രേശ്മ മാരുതി**

നാലു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. കാസിക്കെര, മക്രോസ്, കൊരമ്പാവ എന്നീ ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ 88 കുട്ടികൾ പങ്കെടുത്തു ദൈവവചനം പഠിച്ചു അനുഗ്രഹം പ്രാപിച്ചു. മക്രോസ് ഗ്രാമത്തിൽ മുമ്പു സുവിശേഷത്തിന്റെ വാതിൽ അടഞ്ഞതാണ്. എന്നാൽ ഇപ്പോൾ തടസ്സമില്ലാതെ വിബിഎസ് നടത്തുവാൻ ദൈവം കൃപ ചെയ്തു. അതിനെ തുടർന്നു അവിടെ ഒരു പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. 250 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 15 പുതിയ നിയമങ്ങൾ വിതരണം ചെയ്തു.

നമ്മുടെ സ്വദേശ സുവിശേഷകൻ ബൽവാൻ രോഗസൗഖ്യം പ്രാപിച്ചു ദൈവവേലയിൽ വ്യാപൃതനാകേണ്ടതിനായി പ്രാർത്ഥിക്കുക. വിബിഎസിൽ പങ്കെടുത്ത കുട്ടികളുടെ രക്ഷിതാക്കൾ യേശുവിനെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷീകരണ പ്രവർത്തനത്തിന്റെ വിജയത്തിനായും ലക്ഷ്യം നേടേണ്ടതിനായും പ്രാർത്ഥിക്കുക.

## ബീഹാർ

### ചാട്ടമ്പൂർ

**രവി റത്തോഡ് & സുധ റാണി; പവാർ ദിനേശ് ഭായ് & ഭാരുദെ**

മഹാദീപ് പൂർ ഗ്രാമത്തിലെ അഞ്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മോട്ടർ സൈക്കിൾ അപകടത്തിൽ സാരമായ പരുക്കുകൾ ഏല്ക്കാതെ ദൈവം റാം വിലാസ് തസുമിനെയും ഭാര്യയെയും സുരക്ഷിതമായി പരിപാലിച്ചു. അനേക നാളുകളായി ആഗ്രഹിച്ചതുപോലെ സൂരജിനു ഭവനം പണിയുന്നതിനാവശ്യമായ വസ്തു സ്വന്തമാക്കുവാൻ ദൈവം സഹായിച്ചു. മസ്കാൻ ഗ്രാമത്തിലെ വിശ്വാസികൾ അനേക നാളുകളായി കുടിയേറ്റ തൊഴിലാളികളായിരുന്നു. ഇപ്പോൾ സ്വന്തമായി ബിസിനസ്സ് ചെയ്യുവാൻ ദൈവം അവരെ സഹായിച്ചു.

നമ്മുടെ വിശ്വാസി പോലി ദേവിയുടെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി ഗോപാൽ സാദയെ എതിർക്കുന്ന മസ്കാൻ ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നേപ്പാളിൽ നിന്നും വന്ന കുറച്ചു പേർ വിശ്വാസികളുടെ ഇടയിൽ ദുരുപദേശം പരത്തി അവരെ വഴിതെറ്റിക്കുവാൻ ശ്രമിക്കുന്നു. നമ്മുടെ വിശ്വാസികൾ ദൈവവചനത്തിൽ ആഴമായി വേരൂന്നി വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിഷ്ണു സാദയുടെ ഭാര്യ അപകടത്തിൽ പെട്ടു തലയിൽ മുറിവുണ്ടായി. അതു വേഗത്തിൽ സുഖമാകേണ്ടതിനായി പ്രാർത്ഥിക്കുക. കിഷന്റെ മരുമകൾ ചില കാരണങ്ങളാൽ ഭവനത്തിൽ നിന്നു വേർപെട്ടു താമസിച്ചു. അവൾ മടങ്ങി വന്നു സമാധാന ഐക്യത്തിൽ ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**13 ആഗസ്റ്റ് ചൊവ്വ**

## ജന്മദിനാശംസകൾ

അശോക് നായക്,
ജ്ഞാനശേഖരി ജോൺ ഡേവിഡ് രാജ്

## ജാർഖണ്ഡ്

**അമലഗാച്ചി : ഗജൻ ചമ്പ്രമേരി & റോഷി മോച്ചഹാരി**

കഠിനമായ താപത്തിൽ നിന്നും വിഷപാമ്പിൽ നിന്നും മോട്ടോർ സൈക്കിൾ അപകടത്തിൽ നിന്നും രോഗങ്ങളിൽ നിന്നും നമ്മുടെ വിശ്വാസികളെയും മിഷനറിമാരെയും ദൈവം പരിപാലിച്ചു. മസ്തിഷ്കത്തിലെ ട്യൂമർ നീക്കുന്ന ശസ്ത്രക്രീയക്കു വിധേയനായ കപിൽ ബഹാരിയ സൗഖ്യത്തോടെ ഭവനത്തിൽ വന്നു.

അക്രൈസ്തവരായ മാൾട്ടോ ജനങ്ങളുടെ ഇടയിൽ ഇപ്പോഴും നിലനിൽക്കുന്ന ശൈശവ വിവാഹം, വിവാഹ മോചനം എന്നീ സാമൂഹ്യ തിന്മകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. മഴയില്ലാത്തതിനാൽ കുടിവെള്ളത്തിനു പ്രയാസപ്പെടുകയും കൃഷി നാശം സംഭവിക്കുകയും ചെയ്യുന്നു. ദൈവം ഈ സ്ഥിതിക്കു മാറ്റം വരുത്തി നല്ല മഴ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പുകൾ നിലനിൽക്കുന്ന കോത, കെബോ, സനദങ്ക എന്നീ ഗ്രാമങ്ങളിലുള്ളവർക്കായി പ്രാർത്ഥിക്കുക. തനിയാമര, തരാനി പഹാഡ് എന്നീ ഗ്രാമങ്ങളിലുള്ളവർ ഐക്യത്തോടും സമാധാനത്തോടും കൂടി ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തുടയെല്ലിനു പൊട്ടലുണ്ടായ ശാമുവേൽ ബഹാരിയായുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉദര വേദനയാൽ കഷ്ടപ്പെടുന്ന തുലൈ ബഹറൈന്റെയും രോഗത്താൽ വലയുന്ന ആറു മാസം പ്രായമുള്ള മറിയം ബീഹാരിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ബടിടോള : മിർജിയോ കിസ്കു & സെലീന ഹസ്താക്ക്**

ഏഴു വ്യക്തികൾ അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്കു കടന്നുവന്നു യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. നമ്മുടെ ബാലഭവനത്തിലെ എട്ടു വയസ്സുള്ള സരിത സൊറൻ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയായി. ജീപ്പ് ടീമിന്റെ സഹായത്തോടെ പത്തു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു സ്ഥലത്തു സംഘടിപ്പിച്ച വിബിഎസിൽ 176 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പാലാർപൂർ ഗ്രാമത്തിലെ സഭയുടെ അറ്റകുറ്റപണികൾ ഭംഗിയായി പൂർത്തീകരിച്ചു.

ഹിരൺപൂർ സഭയുടെ മൂപ്പന്റെ മരുമകൾ ഹേമലതയെ തളർവാതത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. ലോക്കൈ ഗ്രാമത്തിലെ ഹെബ്രോണിന്റെ സമ്പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തിഗിർ ലാങ്കി ഗ്രാമത്തിലെ വിശ്വാസികൾ സുവിശേഷം പങ്കുവെക്കുന്നതിനു ഭയപ്പെടുന്നു. ഭയത്തെ മറികടന്നു ധൈര്യത്തോടെ സുവിശേഷം മറ്റുള്ളവരോടു പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗോപാൽജി ഗ്രാമത്തിലെ സഭാമൂപ്പൻ സർക്കാർ വ്യാജക്കേസിൽ ജുഡിഷ്യൻ കസ്റ്റഡിയിൽ കഴിയുന്നു. അവൻ വേഗത്തിൽ മോചിതനാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളിൽ ആശയകുഴപ്പം ഉരുവാക്കുന്ന റാപ്പാൽ മുർമ്മു, ദൈവാലയ വസ്തുവിന്റെ ഉടമസ്ഥൻ ദാനിയേൽ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## 14 ആഗസ്റ്റ് ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

ചാൾസ് ചെല്ലകുമാർ,
ധ്രുബരാജ് ബബർത്ത
സോഫിയ ദാനിയേൽ രാജാമണി

### ലാൽമട്ടിയ: അമരേന്ദ്രൻ & ഗൗരിയമ്മ

18 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 10 ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 1262 സുവിശേഷ പ്രതികളും 80 പുതിയനിയമങ്ങളും ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്തു. മരത്തിൽ നിന്നു വീണ സോനലാൽ സൊറനു ദിവ്യ പരിപാലനം നൽകി ദൈവം രക്ഷിച്ചു. അടുക്കളയിലെ പാചക എണ്ണക്കു തീപിടിച്ചുണ്ടായ അപകടത്തിൽ സുമന്തയെയും ഭവനത്തിലുള്ളവരെയും വലിയ നാശം സംഭവിക്കാതെ ദൈവം സുരക്ഷിതമായി പരിപാലിച്ചു. ഒരു രാത്രി മുഴുവൻ അബോധാവവസ്ഥയിൽ റോഡിൽ കിടന്ന പൽഗാമി ഗ്രാമത്തിലെ രാജേഷിനെ വിശ്വാസികൾ കണ്ടെത്തി. അവനു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം രാജേഷിനെ സൗഖ്യമാക്കി.

ജറിജാരി, അമർപൂർ, ലിയാത്തരി, മാധർരാജ് എന്നീ പ്രദേശങ്ങളിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തെറ്റായ ഇഞ്ചക്ഷൻ നിമിത്തം കാഴ്ച നഷ്ടപ്പെട്ട പാൽപിട ഗ്രാമത്തിലെ പരീതിനു കാഴ്ച ശക്തി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞ് ആറു മാസത്തിനുള്ളിൽ തെറ്റദ്ധാരണ മൂലം വേർപിരിഞ്ഞു ജീവിക്കുന്ന നിസുകുമാറിന്റെ കുടുംബം നിരപ്പു പ്രാപിച്ചു ഒരുമിച്ചു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കമൽത്താരി ഗ്രാമത്തിലെ എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. സഭയിലെ എല്ലാ പ്രവർത്തനങ്ങളിലും രാമക്കൽ ഗ്രാമത്തിലെ വിശ്വാസികൾ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മൺട്രോ : ഹിജാം കെന്നടി സിങ് & തൊയ്ബി ചാനു

28 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. രാമ്പാരി, പർടോള എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കേറ്റു കഷ്ടപ്പെടുന്ന റോബർട്ട് സൊറന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പൻ കജീറികയുടെ ഭാര്യയുടെ ശസ്ത്രക്രീയ വിജയകരമായിരുന്നു.

ഉടനെ നടത്തുവാൻ പോകുന്ന സഭാമൂപ്പന്മാരുടെ പരിശീലനം, യുവജന ക്യാമ്പ്, ജീസസ് ഫിലിം പ്രദർശനം, സുവിശേഷീകരണ യജ്ഞം എന്നിവകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പാലജാർ, മാഹി എന്നി ഗ്രാമങ്ങളിൽ നടക്കുന്ന ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന തെരെസയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദുരുപദേശത്തിൽ നിന്നും വിശ്വാസികൾ സുരക്ഷിതരായിരിക്കേണ്ടതിനും കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസം മുറുകെ പിടിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

## 15 ആഗസ്റ്റ് വ്യാഴം

### ജന്മദിനാശംസകൾ

ഹെബ്സിബ ശാമുവേൽ,
ജാൻസി റോബിൻസൺ,
മഗ്ദലിൻ ഗ്രേസ് ഐസക്, ദുലാന്തി റീയാങ്

### OTC & LTI കീരബാനി
**വേദകർ ദിലീപ് ബായി & ഭാരതി ബൻ**

ചെറിയ പ്രാർത്ഥനക്കൂട്ട നേതാക്കന്മാർക്കു നാലു ദിവസത്തെ പരിശീലന ക്യാമ്പ് നടത്തി. 65 നേതാക്കന്മാർ പരിശീലനത്തിൽ ഏർപ്പെട്ടു. പരിശീലനത്തിനായി 2023 ൽ രജിസ്ട്രർ ചെയ്ത 25 വിദ്യാർത്ഥികൾ തങ്ങളുടെ രണ്ടാം വർഷ പരിശീലനം തുടരുന്നു. ഇവരുടെ പരിശീലനം 2025 ൽ പൂർത്തീകരിക്കും. ഈ ടീം മിഷൻവയലിൽ പോയി ക്രിസ്തുവിനായി ആത്മാക്കളെ നേടുന്ന ശുശ്രൂഷ നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ചെറിയ പ്രാർത്ഥനക്കൂട്ടങ്ങൾ എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് ഗ്രാമങ്ങളിൽ കടന്നു ചെന്നു എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചു ജനത്തെ സുവിശേഷീകരിക്കേണ്ടതിനു ആവശ്യമായ ദൈവകൃപ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥനക്കൂട്ട നേതാക്കന്മാർക്കു ആവശ്യമായ പരിശീലനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഔട്ട് റീച്ച് ട്രെയിനിംഗ് സെന്ററിൽ ഈ വർഷം പുതിയ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.. ഈ പരിശീലന പ്രോഗ്രാമിനു നേതൃത്വം നൽകുന്ന സീനിയർ മിഷനറിമാർ അഭിഷേകത്തോടെ ശുശ്രൂഷ നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കദുവ & LTI : സുന്ദർ ദുറൈ & മെൽബിൻ റെജിനി

32 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജോർഡിക ആരാധനക്കൂട്ടം സംഘടിപ്പിച്ച സുവ ശേഷീകരണ യജ്ഞത്തിലൂടെ 5000 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു 150 സണ്ടേസ്കൂൾ അദ്ധ്യാപകർക്കു പരിശീലനം നൽകി. ദൈവകൃപയാൽ ബോണാല ദൈവാലയത്തിന്റെ നിർമ്മാണം വിജയകരമായി പൂർത്തീകരിച്ചു. ഇവിടുത്തെ ജലദൗർല്ലഭ്യം പരിഹരിക്കുന്നതിനു ദൈവം സമൃദ്ധിയായ മഴ നൽകിയനുഗ്രഹിച്ചു.

വിവാഹം കഴിഞ്ഞു 12 വർഷം ആയിട്ടും മക്കളില്ലാതെ നിരാശയിലായിരിക്കുന്ന ഏബ്രഹാം സൊറന്റെ പ്രാർത്ഥന കേട്ടു അവനു തലമുറയെ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ഛോട്ടാ ഗഗരി, സൂച്ചി എന്നീ ഗ്രാമങ്ങളിലുള്ള വിശ്വാസികൾക്കു ആത്മാക്കളെ സുവിശേഷത്താൽ നേടണമെന്ന ഹൃദയ ഭാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം മറ്റുള്ളവരുമായി നിരന്തരം പങ്കു വെക്കുന്ന ജോർദിഗ ആരാധനക്കൂട്ടത്തിലുള്ളവരുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### പത്തന & ബർഹർവ
**പീറ്റർ പ്രഭാകരൻ & വിമല, അരുണബൻ, ചിങ്നെയ് സിയാൻ**

13 വ്യക്തികൾ പാപ ജീവിതം ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ചു വിശ്വാസികളുടെ ഗണത്തിലായി. 14 സ്ഥലങ്ങളിൽ തടസ്സങ്ങളില്ലാതെ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. സോക്കാൽ ഗ്രാമത്തിൽ നടത്തിയ വിബിഎസിലൂടെ 35 കുട്ടികൾ വേദപുസ്തക കഥാപാത്രങ്ങളെ കുറിച്ചു പഠിച്ചു.

തൊക്കജീർ സഭയിലെ ആശയ കുഴപ്പം പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഈ സഭയിലെ ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സില്ലമാപ് ഗ്രാമത്തിൽ ആരാധന യോഗം നടത്തുന്നതിന് ഒരു വലിയ വീട് വാടകക്കെടുത്തിരുന്നു. മൺസൂൺ മഴ നിമിത്തം അവിടെ ചില പ്രയാസങ്ങൾ നേരിടുന്നു. ക്ഷയ രോഗത്തിൽ നിന്നും മിരു ഹസ്ത വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 16 ആഗസ്റ്റ് വെള്ളി

### ജന്മദിനാശംസകൾ

മേരി സെബാസ്റ്റ്യൻ

**ലിട്ടിപാട : എബനേസർ ശാമുവേൽ & മെയ്ബൽ**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. മൂന്നിടങ്ങളിലായി നടത്തിയ വിബിഎസിൽ 120 കുട്ടികൾ പങ്കെടുത്തു ദൈവവചനം പഠിച്ചു. പൈശാചിക ബന്ധനത്തിൽ മറ്റുള്ളവരെ ഉപദ്രവിച്ചിരുന്ന മൻജിൽ ഹെബ്രത്തെ അവളുടെ സഹോദരൻ ദൈവാലയത്തിൽ കൂട്ടിക്കൊണ്ടു വന്നു. വിശ്വാസികൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിച്ചപ്പോൾ പൈശാചിക ബന്ധനത്തിൽ നിന്നും അവൾ വിടുതൽ പ്രാപിച്ചു.

അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന പണ്ടോല ഗ്രാമത്തിലെ യോവേൽ എന്ന ബാലന്റെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുമാർപാജ ഗ്രാമത്തിൽ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ സ്ഥിരീകരണ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**തേലോ: അരുളാനന്ദം & ലിസ അരുൾ**

19 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി. ബിഷപ്പിന്റെ നേതൃത്വത്തിൽ നടത്തിയ സ്ഥിരീകരണ ശുശ്രൂഷയിൽ 77 യുവതീയുവാക്കൾ രക്ഷാനിർണ്ണയം പ്രാപിച്ചു. സഭാമൂപ്പന്മാരുടെ കുടുംബസംഗമത്തിൽ 140 പേർ പങ്കെടുത്തു ക്രിസ്തുവിന്റെ സാക്ഷികളാകുന്നതിനും ക്രിസ്തുവിനായി ആത്മാക്കളെ നേടുന്നതിനുമായി തങ്ങളെത്തന്നെ സമർപ്പിച്ചു.

ഒർപതാൽ, സിറിയ, സാരസ, മജ്ജിവ എന്നീ മേഖലയിൽ പൊട്ടിപുറപ്പെട്ട കോളറ ബാധ വേഗത്തിൽ നിയന്ത്രണ വിധേയമാകേണ്ടതിനായി പ്രാർത്ഥിക്കുക. വെള്ളത്തിന്റെ അപര്യാപ്തത കൊണ്ടു താൽക്കാലികമായി നിർത്തിവെച്ച സിറിയ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയത്തിന്റെ വസ്തു സംബന്ധമായ തർക്കം ശാശ്വതമായി പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയരോഗികളായ സുമി ഹെബ്രം, സന്തോ മുർമ്മു, ഗുപ്പാജെ എന്നിവർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പരമ്പരാഗത പഠിപ്പിക്കലുകളിൽ പിടിച്ചു നിൽക്കാതെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പ്രാർത്ഥനക്കായുള്ള ആഹ്വാനം

പശ്ചിമ ബംഗാളിലുള്ള ഗംഗാപൂർ മിഷൻ വയലിലെ ഡോൾപാരി ഗ്രാമത്തിൽ താമസിക്കുന്ന സോനാത്താൻ ഹെബ്രം നല്ലൊരു വിശ്വാസിയാകുന്നു. തന്റെ ഗ്രാമത്തിലുള്ളവരുടെ മുമ്പിൽ അവൻ സാക്ഷ്യമുള്ള ജീവിതം നയിക്കുന്നു. ആവശ്യത്തിലിരിക്കുന്നവർക്കു വേണ്ടി അവൻ പ്രാർത്ഥിക്കുമായിരുന്നു. ഇതു നിമിത്തം ആ ഗ്രാമത്തിലെ സുവിശേഷ വിരോധികൾ അവനെ ശത്രുവായി കാണുന്നു. സോനാത്താന്റെ ഭാര്യ ദീർഘനാളുകൾ രോഗത്തോടു മല്ലടിച്ചു ഒടുവിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ഗ്രാമത്തിലുള്ളവരും വിശ്വാസികളും ചേർന്നു ക്രൈസ്തവ ആചാരപ്രകാരം അവളുടെ ഭൗതിക ശരീരം സംസ്കരിച്ചു. സുവിശേഷ വിരോധികൾ അവന്റെ ഭാര്യയുടെ ബന്ധുക്കളെ സ്വാധീനിച്ചു സോനാത്താം ഭാര്യയെ കുലപ്പെടുത്തിയെന്നു പരാതി കൊടുപ്പിച്ചു. ഈ വ്യാജ പരാതിയുടെ പേരിൽ സോനാത്താം ഇപ്പോൾ ജുഡിഷ്യൽ കസ്റ്റഡിയിൽ കഴിയുകയാണ്. സത്യം തെളിയേണ്ടതിനും സോനാത്തനു നീതി ലഭിക്കേണ്ടതിനും ഈ കേസ് ഇല്ലാതാകേണ്ടതിനും അവൻ ജയിൽ മോചിതനാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

**17**
**ആഗസ്റ്റ്**
**ശനി**

**ജന്മദിനാശംസകൾ**

നഗൈ തിയാങ്ചിങ് ജങ്കോലുൻ

## പശ്ചിമ ബംഗാൾ

### പക്കുഹാട്

**രാമകൃഷ്ണ എലിയ & അഞ്ചലി ദേവി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പുതുജീവിതം ആരംഭിച്ചു. സുവിശേഷത്തോടു ഇപ്പോഴും എതിർപ്പു നിലിനൽക്കുന്ന നിംത്താഗ ഗ്രാമത്തിൽ ഒരു താൽക്കാലിക പ്രാർത്ഥനാലയം നിർമ്മിച്ചു. ബോടുവ, സിത്തിലിനി എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. സാജൻ ഹസ്തയുടെ കുടുംബം ക്രിസ്തീയ വിശ്വാസത്തിൽ തുടരുവാൻ തങ്ങളെ വീണ്ടും ദൈവസന്നിധിയിൽ സമർപ്പിച്ചു. സജീത് മുർമ്മു, രാജടുഡു എന്നിവർക്കു സ്വന്തമായി വീടു പണിയുവാൻ ദൈവം കൃപ നൽകി.

രണ്ടു വർഷം മുമ്പ് നമ്മുടെ മിഷനറിയെ ആക്രമിച്ച നമധ ഗ്രാമത്തിലുള്ളവർ യേശുക്രിസ്തുവിലൂടെയുള്ള രക്ഷ കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു മാസത്തിൽ തന്നെ തന്റെ രണ്ടു മരുമക്കളെയും കൊച്ചുമകളെയും നഷ്ടപ്പെട്ട ജപ ഹെമ്പ്രത്തിന്റെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഉത്തർ കർമ്മ, ഉലാത്തൂർ, സൽപന എന്നീ സഭകളുടെ ആത്മീക ഉണർവ്വിനായി പ്രാർത്ഥിക്കുക. മങ്കോൽ ബസ്ര, ബാസന്തി ഹസ്ത എന്നീ കുടുംബങ്ങൾ തമ്മിലുള്ള തെറ്റിദ്ധാരണകൾ മാറി അവർ തമ്മിൽ സമാധാനം പുലർത്തേണ്ടതിനായി പ്രാർത്ഥിക്കുക. മസ്തിഷ്കത്തിൽ ട്യൂമർ ബാധിച്ച സുപ്പോൾ ഹെമ്പ്രവും കരൾ സംബന്ധമായ രോഗത്തിൽ നിന്നും സുജിത് കിസ്കുവും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഇത്തഹാർ

**അഷ്ടബൻ ആദിത്യകുമാർ ലിമ്മ & മാനിനി**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പാക്കൂർ കുട്ടു ഗ്രാമത്തിൽ സംഘടിപ്പിച്ച മൂന്നു ദിവസത്തെ 'ധരം സഭ' ക്യാമ്പിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. മുഴുരാത്രിയിൽ പ്രാർത്ഥനയിൽ 25 പേർ പങ്കെടുത്തു തങ്ങളുടെ അയൽക്കാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു. സ്റ്റെയർകേസിൽ നിന്നും താഴെ വീണു കൈ ഒടിഞ്ഞ ദുസ്മി ടുഡുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ഇലദുക്കാട്ട്, ഉദൈപൂർ, നെക്കൽകാട്, ജോക്കൊകാട്ടു എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകർ സുജൻ ഹെമ്പ്രം, താക്കുർ ബസ്ര, സോനാലി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗവും സഭാ മൂപ്പന്മാരുടെ യോഗവും അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഗീതാ കെന്നത്, മെൽബിൻ റെജിനി സുന്ദർ, അഖിലേശ് കുമാർ, മേരി നെങ്നെയ്കിം ചൊങ്സായ്

### കരൻദിഹി

**കൈതെയ്ഗിൻവായ്ഫെയ് & മെലഡി**

17 ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 250 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. സുവിശേഷം ശ്രവിച്ചവരുടെ മദ്ധ്യേ സുവിശേഷ ലഘുലേഖകൾ വിതരണം ചെയ്തു. ഗുണ്ടർകോവ മേഖലയിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു.

സത്നിക്കാട്ടു ഗ്രാമത്തിലുള്ളവർ മദ്യം, മയക്കു മരുന്ന് എന്നിവയുടെ ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന സോരിക്കുട്ടു, സത്നിക്കുട്ടു, ബൽപാരി എന്നീ ഗ്രാമത്തിലുള്ളവർ അനുതാപത്തോടു മടങ്ങി വന്നു വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം സ്വന്തം സഹോദരൻ തള്ളിക്കളഞ്ഞ ലൈക്കൻ മാരാണ്ടിയും ഭാര്യയും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അസം

**ലക്കിപൂർ: ആരോൺസിങ് നർസാരി & റീന**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആരാധന യോഗങ്ങൾ നടത്തുന്നതിനു രണ്ടു ഭവനം തുറന്നു. ഏഴു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ സുവിശേഷം ശ്രവിച്ചവരുടെ ഇടയിൽ 1000 ലഘുലേഖകളും അഞ്ചു പുതിയ നിയമങ്ങളും വിതരണം ചെയ്തു.

നാമിനി, ഡോർജി എന്നീ ഗ്രാമങ്ങളിൽ സുവിശേഷ പ്രഘോഷണത്തിനു ലഭിച്ച അവസരം നിലനിൽക്കേണ്ടതിനായും ഇവിടെ ആരംഭിച്ച പ്രാർത്ഥനക്കൂട്ടം ഒരു ആരാധനക്കൂട്ടമായി രൂപപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. പർപന്ദ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാ ആരാധനയും കുട്ടികളുടെ ക്ലാസ്സുകളും തടസ്സങ്ങളില്ലാതെ മുന്നേറുന്നു. ആറു സ്ഥലത്തു സംഘടിപ്പിച്ച വേദപഠനക്കൂട്ടങ്ങളിൽ കൂടുതൽ ആളുകൾ സംബന്ധിക്കുന്നു.

**ജോനൈ: സുനിൽ പ്രസാദ് & ജോയ്ബല്ല**

കരൾ രോഗത്താലും മഞ്ഞപിത്തത്താലും കഷ്ടപ്പെട്ട റീമ ഡോവലിനെ കർത്താവ് സൗഖ്യമാക്കി. അപൂർവ്വ രോഗത്താൽ വലഞ്ഞ ബിജയ് ഡോലെ ആശുപത്രി ചിലവു വഹിക്കുവാൻ കഴിയാത്തതിനാൽ ദൈവാലയത്തിൽ കടന്നു വന്നു പ്രാർത്ഥിച്ചു. ദൈവം അവനു അത്ഭുത സൗഖ്യം നൽകി. രണ്ടു ഗ്രാമങ്ങളിൽ സംഘടിപ്പിച്ച വിബിഎസിൽ 80 കുട്ടികൾ പങ്കെടുത്തു. പത്തു ആരാധനക്കൂട്ടങ്ങളിലെ മൂപ്പന്മാർക്കായി നടത്തിയ പരിശീലന പ്രോഗ്രാം അനുഗ്രഹകരമായിരുന്നു.

സൺറോങ്, മാമോർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം സ്ഥാപിക്കുന്നതിനുള്ള ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം അടച്ച ബലിജോൺ ഗ്രാമത്തിലെ ദൈവാലയം തുറന്നു ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ വശ്വാസികളെ ഭയമില്ലാതെ നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ആത്മീക കാര്യങ്ങളിലെല്ലാം സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 19 ആഗസ്റ്റ് തിങ്കൾ

**ജന്മദിനാശംസകൾ**

സൂസമ ഹരമോഹൻ,
സുസ്മിത സമരേന്ദ്ര സിങ്

### ഗോഹ്പൂർ

**നാഥൻ കുമാർ ബബർത്ത & നിരുപമ**

600 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു ലഘുലേഖകൾ വിതരണം ചെയ്തു. ജോരിഗുരി ഗ്രാമത്തിലെ വിശ്വാസികൾക്കായി ഒരു ഏകദിന സമ്മേളനം ക്രമീകരിച്ചു നടത്തി. നമ്മുടെ സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ മിഷൻ വയൽ സന്ദർശിച്ച് എല്ലാവരെയും ഉത്സാഹപ്പെടുത്തി.

ജലപ്രളയമുണ്ടായ പാലിഗൻ, സോഗഹുരി, പർമദാലി, അന്തഗുരി, കോകിയ, സാമ്പമാരി, ജപഗുരി എന്നീ ഗ്രാമങ്ങളിൽ ജനജീവിതം സാധാരണ ഗതിയിലാകേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹിതരായ രാമൻ – നാനു, നിരഞ്ജൻ – ബോണി, സിബിസൻ – നാനു, രാജ – നുർസിമ്മ, സോനാൽ – ജീരി എന്നീ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ക്യാമ്പുകൾ, സുവിശേഷീകരണ പ്രവർത്തനം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്ട്

**ബലോദ ബസാർ: രാമേശ്വർ ദയാൽ & മധുകല**

രണ്ടു ഗ്രാമങ്ങളിലുള്ള 500 പേരോടു സുവിശേഷം പങ്കുവെച്ചു. മൂന്നു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഒരാൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗമായി. കുടുംബപ്രശ്നങ്ങൾ നിമിത്തം ആത്മഹത്യക്കു ശ്രമിച്ച കവിസ സുൽത്താനെ നമ്മുടെ മിഷനറി സന്ധിച്ചു ആലോചന നൽകി. അവൾ ഇപ്പോൾ പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. മഞ്ജു ശിവായുടെ വിവാഹ നിശ്ചയ നാളിൽ അവളെ വേണ്ടെന്നു പറഞ്ഞതിനാൽ ഏറെ നിരാശയിലായെങ്കിലും ഇപ്പോൾ അവളുടെ വിവാഹം മറ്റൊരാളുമായി ക്രമീകരിച്ചിരിക്കുന്നു. വിവാഹം തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടിയേറ്റ തൊഴിലാളിയായ അജേന്ദ്രക്കു വേണ്ടി നമ്മുടെ മിഷനറി ഫോണിലൂടെ പ്രാർത്ഥിച്ച വേളയിൽ പൈശാചിക ബന്ധനത്തിൽ നിന്നും അവൻ വിടുതൽ പ്രാപിച്ചു. ഇരുചക്ര വാഹന അപകടത്തിൽ പെട്ട നമ്മുടെ മിഷനറിയെ ദൈവം അത്ഭുതകരമായി സംരക്ഷിച്ചു.

ഓം പ്രകാശിന്റെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശാന്തനുഗുരെ കുടുംബം ആവേശത്തോടെ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. കാം ഹരിയ ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മസ്കാൻ & തരുൺ, പത്രിക്ക & ദുർഗേശ് എന്നിവരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു അവർ ഒരുമിച്ചു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 17 വർഷത്തിലധികമായി അപസ്മാര രോഗത്താൽ വലയുന്ന പ്രവീൺ കുമാറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**20**

**ആഗസ്റ്റ്**

**ചൊവ്വ**

**ജന്മദിനാശംസകൾ**

യിസ്രായേൽ ദാനിയേൽ പി,
ഇമ്മാനുവേൽ മുർമ്മു,
നീരു ബൻ സോമാ ബായി

### സീതാപൂർ

**മുത്തുകുമാർ & നേത്രാവതി**

28 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷ വേല തുടരുവാൻ ദൈവം കൃപ നൽകി. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അനവധി തവണ ഗർഭം അലസിപ്പോയ വിശ്വാസിയായ പൗലൊസിന്റെ ഭാര്യക്കു ദൈവം അനേകരുടെ പ്രാർത്ഥനയുടെ ഫലമായി ആരോഗ്യമുള്ള ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു.

സുവിശേഷം പ്രഘോഷിച്ച ഗ്രാമങ്ങളിലെല്ലാം ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പ്രമീള കുദുദി പരിപൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലിനു ബാധിച്ച കാൻസറിനാൽ ഭാരപ്പെടുന്ന ആറു വയസ്സുകാരി ഖീല ടോപ്പോയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### രഘുനാഥപൂർ ബാലഭവനം

**ലൗലിൻ ഭുനിയ & കിരൺ ഭങ്കേര**

വേനൽക്കാല കെടുതികളിൽ നിന്നും നമ്മുടെ ബാലഭവനത്തിലെ കുട്ടികളെ ദൈവം സുരക്ഷിതമായി പരിപാലിച്ചു. ബാലിക ഭവനത്തിൽ ഭക്ഷണം പാചകം ചെയ്യുന്നതിനു ഒരു പാചകക്കാരനെ ലഭിച്ചു. മേൽക്കൂരയുടെ അറ്റകുറ്റ പണി വിജയകരമായി പൂർത്തീകരിച്ചു.

ബാലഭവനത്തെയും കുട്ടികളെയും ശരിയാവണ്ണം പരിപാലിക്കുവവാൻ ദൈവം മിഷനറി കുടുംബത്തിനു ജ്ഞാനവും ബലവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിനു നല്ല പാചകക്കാരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികൾ സ്കൂളിൽ പോയി വരുമ്പോൾ അവർക്കാവശ്യമായ സുരക്ഷിതത്വം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ കുട്ടികൾ പഠനത്തിൽ മുന്നേറേണ്ടതിനായി പ്രാർത്ഥിക്കുക. അവരുടെ ഭൗതിക ക്ഷേമത്തിനായും ആത്മീക വളർച്ചക്കായും പ്രാർത്ഥിക്കുക.

## ഒടിഷ

### ജാഷിപൂർ

**ശമുവേൽ ജെ & ഹവീല പ്രേമാനന്ദ്**

എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിതഗണത്തിലായി. തഹസിൽ കലിൻ, സുകന്തി ഹെബ്രം എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. മിൻജാരിയുടെ ആത്മീക ആരോഗ്യം പ്രാർത്ഥനയാൽ വീണ്ടെടുത്തു. കന്ദിപിൽ ഗ്രാമത്തിലെ വിശ്വാസിയുടെ പൈതലിനെ വിഷപാമ്പിൽ നിന്നും ദൈവം രക്ഷിച്ചു.

കരടിയുടെ ആക്രമണത്തിൽ കരത്തിലെ എല്ലു പൊട്ടിയ ശിവ പെറുവയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ ക്രിസ്തേശുവിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മെൻജ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ശാരീരിക അവശതകൾ അനുഭവിക്കുന്ന വിശ്വാസികളായ പാലെമ, ജനദപ്ന, അർജുൻ പൂർത്തി, ഒമ്ഡി പൂർത്തി, മുക്ത ഹെബ്രം, ഗുരുവാരി പൂർത്തി, ഗോപിനാഥ് ഹസ്ത എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**21 ആഗസ്റ്റ് ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

എമി ആനന്ദി

## ഗുജറാത്ത്

### സൂറത്ത്

**മധാവറായ് & ജപതങ്കം**

130 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. സോണ ജോലിയില്ലാതെ ഭാരപ്പെട്ടപ്പോൾ അവളുടെ ഭർത്താവിനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവൾക്കു സ്വന്തമായി ഒരു ബിസിനസ്സ് ആരംഭിക്കുവാൻ കൃപ നൽകി. വിശ്വാസിയായ ആശ ബൻ നല്ലൊരു വീടു ലഭിക്കേണ്ടതിനായി ദീർഘനാളുകളായി പ്രാർത്ഥിച്ചു വരികയായിരുന്നു. പ്രാർത്ഥനയുടെ ഫലമായി ദൈവം അവൾക്കു ഒരു വാടക വീടു നൽകി. നല്ല അയൽക്കാരെയും നൽകി. ദൈവം നിഥിനു നല്ലൊരു ജോലി നൽകി അനുഗ്രഹിച്ചു. അപകടത്തിൽ നിന്നു ദൈവം ലക്ഷ്മി പ്രേമിനെയും ഭർത്താവിനെയും അത്ഭുതകരമായി വിടുവിച്ചു. രാത്രി യോഗം കഴിഞ്ഞു തിരികെ വരുന്ന വേളയിൽ ഓട്ടോയിൽ നിന്നും താഴെ വീണ മിഷനറിയെ ദൈവം അതിശയകരമായി പരിപാലിച്ചു.

ലക്ഷ്മിയുടെ ഭർത്താവ് അവളെ വേദപുസ്തകം വായിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അനുവദിക്കുന്നില്ല. അയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുരേന്ദ്രബായിയുടെ മകൻ പെട്ടെന്നു ഭവനത്തിൽ നിന്നും കാണാതെ പോയി വേഗത്തിൽ അവനെ തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനുള്ള തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. പിങ്കിയുടെ കർത്താവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു വർഷത്തിലധികമായി ഗർഭപാത്ര സംബന്ധമായ പ്രയാസത്തിൽ വലയുന്ന വിദ്യയുടെ ശരീരത്തിലാകമാനം ചൊറിച്ചിൽ അനുഭവപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗൗദം നഗർ ദൈവാലയം തകർക്കപ്പെട്ടതിനെ തുടർന്നു പിന്മാറ്റത്തിലായി വിശ്വാസികൾ തിരികെ വിശ്വാസത്തിലേക്കു വരേണ്ടതിനായി പ്രാർത്ഥിക്കുക.

### സെളമ്പ

**യുവനേശ് & ഝാൻസി റാണി**

രണ്ടു സ്ഥലത്തു സ്ത്രീകളുടെ യോഗം നടത്തി. രണ്ടു പുതിയ പ്രാർത്ഥനക്കൂട്ടങ്ങൾ രൂപീകരിച്ചു. ബലഹീനനായ ബത്തുബായിയെ കർത്താവ് സൗഖ്യമാക്കി. അയാൾ ഇപ്പോൾ ആവേശത്തോടെ ദൈവവേല ചെയ്യുന്നു. പാലിവാച്ചു ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. കഠിനമായ ചൂടിൽ നിന്നും നമ്മുടെ മിഷനറിമാരെയും വിശ്വാസികളെയും കാത്തു പരിപാലിച്ച ദൈവത്തെ സ്തുതിക്കാം.

വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയവർ വീണ്ടും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഞരമ്പു സംബന്ധമായ പ്രയാസത്തിൽ ഇരിക്കുവാനോ നിൽക്കുവാനോ പ്രയാസപ്പെടുന്ന പവിത്ര ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉൽപ്രദേശത്തെ ബാലഭവനത്തിൽ പഠിക്കുന്ന കുട്ടികൾ പഠനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതിനായി പ്രാർത്ഥിക്കുക. കൃഷി ചെയ്യുന്നതിനാവശ്യമായ മഴ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

**22**

**ആഗസ്റ്റ്**

**വ്യാഴം**

### ബോഡോലി

### യേശു ബാബു & ഉഷ എസ്

അസ്മിത പെട്ടെന്നു അബോധാവസ്ഥയിൽ താഴെ വീണു മരിച്ചതു പോലെയായി. 20 കിലോമീറ്റർ അകലെയുള്ള പ്രാദേശിക സുവിശേഷകനെ വിളിച്ചു പ്രാർത്ഥിപ്പിച്ചു. നമ്മുടെ മിഷനറി പ്രാർത്ഥിച്ച വേളയിൽ ദൈവം അസ്മിതയെ സൗഖ്യമാക്കി. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിഷപാമ്പിന്റെ കടിയേറ്റതിനാൽ പ്രതീക്ഷയില്ലാതെ ആശുപത്രി തള്ളിക്കളഞ്ഞ ജാലി ബന്നിനെ വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചപ്പോൾ ദൈവം അത്ഭുതകരമായ വിടുതൽ നൽകി.

ഞരമ്പു സംബന്ധമായ ശസ്ത്രക്രീയക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ച രമേശിൻെറ മകൻ ആശിഷിന്റെ കഴുത്തിലെ ഒരു ഞരമ്പ് അബദ്ധവശാൽ മുറിഞ്ഞു. വീണ്ടും ശസ്ത്രക്രീയക്കു വിധേയനാകുന്ന അവന്റെ ശസ്ത്രക്രീയ വിജയിക്കേണ്ടതിനും അവനു വീണ്ടും ജോലിക്കു പോകുവാൻ കഴിയേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകൻ അമർ സിങിനും റീനക്കും ശാരീരിക അവശതകളോടു കൂടെ ജനിച്ച നവജാത ശിശുവിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നസ്വാടി: ഹെന്റി സോളമൻ & എയ്ഞ്ചൽ ജപ

ഗോണ്ട, കെന്നാരിപാരി, ജീബിലി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചപ്പോൾ അനേക ഗ്രാമവാസികൾ കൂടിവന്നു സുവിശേഷം ശ്രവിച്ചു. കൈകാലുകളിലെ അസഹനീയമായ വേദന നിമിത്തം ദൈവാലയത്തിൽ കടന്നു വന്നു പ്രാർത്ഥിച്ച കുമാർ, സീതിഷ് എന്നിവരെ കർത്താവ് സൗഖ്യമാക്കി. അജ്ഞാത കാരണത്താൽ ഉദരത്തിലുണ്ടായ വേദന നിമിത്തം ഒരു ജോലിയും ചെയ്യുവാൻ കഴിയാത്ത ജീബിലി ഗ്രാമത്തിലെ വികാശ് ദൈവാലയത്തിൽ വന്നു വിശ്വാസത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അവനെ സൗഖ്യമാക്കി. പ്രാദേശിക സുവിശേഷകർ സംഘടിപ്പിച്ച കുടുംബ സംഗമം അനുഗ്രഹകരമായി നടത്തി.

കാദി ഗ്രാമത്തിൽ പിന്മാറ്റത്തിൽ പോയ വിശ്വാസികൾ തിരികെ വന്നു വിശ്വാസത്തിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഇതര സംസ്ഥാനങ്ങളിൽ ജോലി തേടി പോയ വിശ്വാസികൾ മഴക്കാലത്തു സുരക്ഷിതരായി ഭവനത്തിൽ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന കെമ്മാജിയുടെ ഭാര്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അജ്ഞാത കാരണത്താൽ അടിക്കടി മയങ്ങി വീഴുന്ന അബ്ദുളിന്റെ മകന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കാവന്ത്: അഖിലേശ് കുമാർ & കിരൺ ദേവി

ശരീരമാസകലം പരുക്കൾ ബാധിച്ചു ഉറങ്ങുവാൻ പോലും കഴിയാതെ കഷ്ടപ്പെട്ട ഉസിബൻ നിരന്തരമായി ദൈവസന്നിധിയിൽ വിശ്വാസത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം അവളെ സൗഖ്യമാക്കി. വിവാഹം കഴിഞ്ഞ് അനവധി വർഷങ്ങൾക്കു ശേഷവും മക്കൾ ജനിക്കാത്തതിനാൽ ഭാരപ്പെട്ടു പാറു ബന്നും ഷെക്കീനയും പ്രാർത്ഥിച്ചു ദൈവം അവർക്കു മക്കളെ നൽകി അനുഗ്രഹിച്ചു.

സിലക്കന്ദ ഗ്രാമത്തിൽ വിശ്വാസ പ്രഖ്യാപന പ്രോഗ്രാം തടസ്സങ്ങളില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. റീയ ബൻ ശർദ്ദിലിൽ നിന്നുള്ള വിടുതലിനായി ആശുപത്രി പോയി ചികിത്സിച്ചെങ്കിലും പ്രയോജനപ്പെട്ടില്ല. അവളുടെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന വിനയ ബായി, നനകിബായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 23 ആഗസ്റ്റ് വെള്ളി

### ജന്മദിനാശംസകൾ

രാമമുനി ജെബിവി പ്രസാദ്,
വെങ്കിടേശ് വഡ്ലാർ, ആശീഷ് കുമാർ,
സുബാശിനി മുർമ്മു

### അഹവ

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ**

25 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസം ഏറ്റു പറഞ്ഞു രക്ഷിതഗണത്തിലായി. വിഷ പാമ്പിന്റെ ദംശനമേറ്റ രാവ്ജി ബായി പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. വിശ്വാസികൾ പുതുതായി നിർമ്മിച്ച ഭവനത്തിന്റെ പ്രതിഷ്ഠ ശുശ്രൂഷ നിർവഹിക്കുവാൻ ദൈവം കൃപ നൽകി. സമർപ്പണ ശുശ്രൂഷയിൽ പങ്കെടുത്ത എല്ലാവരോടും ദൈവം നല്ലവനെന്ന സാക്ഷ്യം വിശ്വാസികൾ പങ്കുവെച്ചു ദൈവനാമത്തെ മഹത്വപ്പെടുത്തി.

പ്രാദേശിക അങ്കണവാടിയിൽ ജോലി ലഭിച്ച വിശ്വാസിയായ മാനിഷ ക്രിസ്തീയ വിശ്വാസം നിമിത്തം എതിർപ്പുകൾ നേരിടുന്നു. അവളുടെ ജോലിക്കു യാതൊരു തടസ്സവും വരാതിരിക്കേണ്ടതിനും അവൾ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഏഴു വർഷമായി നടക്കുവാൻ കഴിയാത്ത വാദിയാവൻ ഗ്രാമത്തിലെ അതുൽ, നാലു വർഷത്തിലധികമായി നടക്കുവാൻ കഴിയാത്ത സിൻജിനിഗാവുട ഗ്രാമത്തിലെ ബ്ലസ്സി, രൻജിത്, അജിത്, ജയ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗ്രാമത്തിൽ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനത്തിനു പകരം അമ്പലം പണിയുവാൻ ശ്രമിക്കുന്ന സർക്കാരിന്റെ പദ്ധതിയെ ഗ്രാമവാസികൾ ശക്തമായി എതിർക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾ വിദ്യാഭ്യാസത്തിനു ഊന്നൽ നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദർ നഗർ ഹാവേലി

### ഖാൻവേൽ

**അരുൾ ആശീർ & സുഗുണ എൽ**

നാക്കിൽ നിന്നും രക്തം പ്രവഹിക്കുന്നതിനു ചികിത്സകൾ ചെയ്തു പരാജയപ്പെട്ട തപുലാന ഗ്രാമത്തിലെ കൃഷ്ണയെ ദൈവം പ്രാർത്ഥനയാൽ സൗഖ്യമാക്കി. ചെകിടയായ ജാനിയെന്ന പെൺകുട്ടിക്കായി വിശ്വാസികൾ കൂടിവന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്കു സൗഖ്യം നൽകി. വിശ്വാസിയായ മനോജ് ബേബിയുടെ പ്രസവം വളരെ പ്രശ്ന സങ്കീർണ്ണമായിരുന്നു. മരണം വരെ സംഭവിക്കാവുന്ന സാഹചര്യത്തിൽ വിശ്വാസികൾ ചേർന്നു വന്നു പ്രാർത്ഥിച്ചു ദൈവം അത്ഭുതകരമായി അമ്മയെയും കുഞ്ഞിനെയും രക്ഷിച്ചു.തലച്ചോറിൽ രക്തസ്രാവമുണ്ടായ കിരൺ ശസ്ത്രക്രീയ കൂടാതെ സൗഖ്യം പ്രാപിച്ചു.

12 വയസ്സുള്ള പെൺകുട്ടി എലിഷ ജ്വരത്തിൽ നിന്നും രാമൻ ബായി അൾസറിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വീഴ്ചയിൽ കൈക്കു പൊട്ടലുണ്ടായ ഈശ്വർ ബായിയുടെയും പെട്ടെന്നു അന്ധത ബാധിച്ച രോഗിയായ സിപർ ഭായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ വിശ്വാസിയായ ലക്ഷ്മിയും അവളുടെ കുടുംബാംഗങ്ങളും സാത്താന്റെ കെണിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

**24**
**ആഗസ്റ്റ്**
**ശനി**

### രാഞ്ചി ബാലഭവനം

**മർക്കൂസ് മാൾട്ടോ & സാറ;**
**ചന്ദ്രിക ബൻ, മനിഷ ലക്ര**

പത്താം ക്ലാസ്സിലെ പരീക്ഷ എഴുതിയ എല്ലാ കുട്ടികളും നല്ല വിജയം കരസ്ഥമാക്കി. എല്ലാവർക്കും +2 പഠനത്തിനു അവസരം ലഭിച്ചു. നമ്മുടെ ബാലഭവനത്തിൽ 23 കുട്ടികൾക്കു കൂടി പ്രവേശനം നൽകി. അവധിക്കാലത്തു നാട്ടിൽ പോയ കുട്ടികൾ സുരക്ഷിതരായി മടങ്ങി വന്നു പഠനം തുടരേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ ജലദൗർല്ലഭ്യം പരിഹരിക്കപ്പെടുവാൻ ദൈവം ഇവിടെ സമൃദ്ധിയായ മഴ നൽകി അനുഗ്രഹിച്ചു.

10, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു പഠിക്കുന്നതിനുള്ള ജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി ബാലഭവനത്തിൽ വന്ന കുട്ടികൾ ഗൃഹാതുരതയിൽ നിന്നും മുക്തരായി മറ്റു കുട്ടികളുമായി ഇടപഴകേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ ഇടയിൽ ആരംഭിച്ച വേദപുസ്തക പഠന കൂട്ടം ശരിയായ രീതിയിൽ പ്രവർത്തിക്കേണ്ടതിനും കുട്ടികൾ ആത്മീക സമർപ്പണമുള്ളവരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മഴക്കാലത്തു കുട്ടികൾ ആരോഗ്യമുള്ളവരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### കപ്രദ/ പെയിന്റ്

**ബിദുഷ് കുമാർ നായക് &**
**പ്രീതിബല പ്രധാൻ**

ലികാത് ഗ്രാമത്തിൽ നിർമ്മിച്ച ദൈവാലയം ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു. കസ്ടവാരി ഗ്രാമത്തിലെ മലമുകളിലുള്ള ദൈവാലയത്തിൽ വെള്ളത്തിനു ബുദ്ധിമുട്ടു വന്നപ്പോൾ വിശ്വാസികൾ ചേർന്നു വന്നു പ്രാർത്ഥിച്ചു ഒരു കുഴൽ കിണർ കുഴിച്ചു. അധികം ആഴത്തിൽ കുഴിക്കുന്നതിനു മുമ്പു തന്നെ ദൈവം സമൃദ്ധിയായ ശുദ്ധ ജലം നൽകി അനുഗ്രഹിച്ചു. സഗുഡ ഗ്രാമത്തിൽ മൂന്നു പുതിയ കുടുംബം വിശ്വാസത്തിലേക്കു വന്നു. പ്രാർത്ഥനയുടെ ഫലമായി മലയിടിഞ്ഞു വീണ അപകടത്തിൽ ഗോപിജി ബായി തന്റെ വാഹനവുമായി അത്ഭുതകരമായി രക്ഷപ്പെട്ടു.

കാലിൽ ബാധിച്ച കുഷ്ഠ രോഗത്തിൽ നിന്നും ഗുണ ഗ്രാമത്തിലെ ഉമരേഷ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്ഥലത്തുവെച്ചു ഇഷ്ടിക തലയിൽ വീണു പരുക്കു പറ്റിയ ജുങ്ങിഹിർ ഗ്രാമത്തിലെ ജിഘ്നേശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അനേക വർഷങ്ങളായി തളർവാതത്താൽ കഷ്ടപ്പെടുന്ന ബോറിപാട ഗ്രാമത്തിലെ മനസുബായിയുടെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വീടിന്റെ മേൽക്കൂരയിൽ നിന്നും താഴെ വീണതിനാൽ നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന അസലോൺ ഗ്രാമത്തിലെ ബന്ധുബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 25 ആഗസ്റ്റ് ഞായർ

### ദിന്തോറി/ ഭരെ/ സർഗണ

**മയിൽസ്വാമി & യേശുമണി**

അനേക വർഷങ്ങളായി പൈശാചിക ബന്ധനത്തിലായിരുന്ന വസന്ത പ്രാർത്ഥനയിലൂടെ വിടുതൽ പ്രാപിച്ചു. ദൈവകൃപയാൽ സിക്കാടി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. റാൻപാട, റാൻജിരി എന്നീ ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ ആരംഭിച്ചു.

പുതുതായി രൂപീകരിച്ച സ്ത്രീകളുടെ പ്രാർത്ഥന യോഗം ഭംഗിയായി നടക്കേണ്ടതിനും നടത്തുവാൻ നേതാക്കന്മാർ എഴുന്നേൽക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പുതിയ ആത്മാക്കളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോറിപാട, ദേവിപാട, ഹമപതസപാട എന്നീ ഗ്രാമങ്ങളിൽ സംഘടിപ്പിക്കുന്ന വിശ്വാസ പ്രഖ്യാപന യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ചാലിസ്ഗൗൺ

**യേശു പ്രഭു & സുനന്ത ബല്ലി**

നമ്മുടെ മിഷനറിമാർ ഭവന സന്ദർശനം നടത്തിയപ്പോൾ പൈശാചിക ബന്ധനത്തിൽ കഴിയുന്ന ഒരു പെൺകുട്ടിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ക്ഷണിച്ചു. അവർ പ്രാർത്ഥിച്ച വേളയിൽ തന്നെ ദൈവം അവൾക്കു സമ്പൂർണ്ണ വിടുതൽ നൽകി. സരളക്കു പൂർണ്ണ സൗഖ്യം ലഭിച്ചു. അവളുടെ കുടുംബാംഗങ്ങളും അയൽക്കാരും അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനു അവരുടെ ഭവനങ്ങളിലേക്കു നമ്മെ ക്ഷണിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും സുമൻ യാദവ് വിടുതൽ പ്രാപിച്ചു.

തളർവാതത്തിൽ നിന്നും നാരയണൻ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തലച്ചോറിലുണ്ടായ ഞരമ്പു സംബന്ധമായ പ്രയാസത്താൽ ഭാരപ്പെടുന്ന കികിതയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഇന്ദു ക്ഷയരോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന വാൽമികിയെ ദൈവം അത്ഭുതകരമായി വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരത്തിൽ മുഴവൻ പുകച്ചിൽ അനുഭവപ്പെട്ട ആശയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അക്കൽകുവ

**ജഗമോഹൻസിങ് & സ്വാതി**

ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. 41 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ആത്മീക വളർച്ചക്കും ജഡീക മോഹങ്ങളിൽ നിന്നുള്ള വിടുതലിനുമായി അഞ്ചു ഗ്രാമങ്ങളിൽ ഏകദിന ഉപവാസ പ്രാർത്ഥനകൾ നടത്തി. അനേക വിശ്വാസികൾ പ്രാർത്ഥനയിൽ പങ്കെടുത്തു. ഏകദിന സുവിശേഷ യോഗത്തിൽ 200 വിശ്വാസികൾ പങ്കെടുത്തു ദൈവവചനം ശ്രവിച്ചു.

രോഗം നിമിത്തം ആരാധനയിൽ സംബന്ധിക്കുന്നതിനു ബുദ്ധിമുട്ടുന്ന വിനീത് ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വരദപാട ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേലയിൽ നമ്മെ സഹായിക്കുന്ന സുനിൽ ദത്ത, ഉഷ ബൻ എന്നിവരെ കർത്താവ് അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശാരദ ബന്നിന്റെ ഭർത്താവ് മദ്യാസക്തിയിൽ അവളെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു അനുവദിക്കുന്നില്ല. ഇയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




ചിന്തു കോര എഡ്വിൻ

**ചോപട്**

**വാസാവ ഭാൻസിങ് & യമെൻബൻ**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സോൻജപാട, ജൻജപാട എന്നീ ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. സംങ്‌വി ബാല ഭവനത്തിലെ പത്താം ക്ലാസ് പരീക്ഷ എഴുതിയ കുട്ടികൾ എല്ലാവർക്കും നല്ല വിജയം ലഭിച്ചു. ഈ അദ്ധ്യായന വർഷത്തിൽ 23 കുട്ടികൾക്കു പ്രവേശനം നൽകി.

ക്രിസ്തീയ വിശ്വാസം നിമിത്തം സ്വഗ്രാമത്തിൽ എതിർപ്പുകൾ നേരിടുന്ന നാസിബായി എന്ന വിശ്വാസിക്കായി പ്രാർത്ഥിക്കുക. സാംങ്‌വി ബാലഭവനത്തിനു നല്ല വാർഡനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാലത്തു കുട്ടികൾ ആരോഗ്യമുള്ളവരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ കുട്ടികൾ ബാലഭവനത്തിന്റെ ആത്മീക അച്ചടക്കവുമായി ഇണങ്ങി പഠനത്തിൽ മുന്നേറേണ്ടതിനായി പ്രാർത്ഥിക്കുക.

**മഷവാദ്**

**ഭരണീധരൻ & സെൽവറാണി**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവസഭയിലെ അംഗങ്ങളായി. രണ്ടു വർഷത്തിലധികം ഉദര വേദനയാൽ കഷ്ടപ്പെട്ട പതെൽപാട ഗ്രാമത്തിലെ രേവതി ദൈവാലയത്തിൽ വന്നു വിടുതലിനായി പ്രാർത്ഥിച്ചപ്പോൾ ദൈവം സൗഖ്യമാക്കി. മൂന്നു സ്ഥലത്തു സ്ത്രീകളുടെ യോഗവും ആറു സ്ഥലത്തു കുട്ടികളുടെ വേദപഠന ക്ലാസ്സും വിജയകരമായി സംഘടിപ്പിച്ചു.

വർസിൽ ഗ്രാമത്തിൽ പദ്ധതിയിട്ട സുവിശേഷീകരണ പ്രവർത്തനം വിജയകരമാകേണ്ടതിനും സുവിശേഷ വേലക്കു തുറന്ന അവസരം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ കൃഷിയിടങ്ങളിൽ സമൃദ്ധിയായ മഴയും നല്ല കൊയ്ത്തും നൽകി ദൈവം അനുഗ്രഹിച്ചു. ഉദരവീക്കത്താൽ കഷ്ടപ്പെടുന്ന മാൽ സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മോൾഗി**

**ബിദ്യുത് കുമാർ സിങ്**

സക്കാരിപള്ളി ഗ്രാമത്തിൽ പൈശാചിക ബന്ധനത്താൽ കഷ്ടപ്പെട്ട ധർമ്മയെ പ്രാദേശിക സുവിശേഷകന്റെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ദൈവം വിടുവിച്ചു. 5 പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 37 സ്ഥലത്തു രാത്രി യോഗങ്ങൾ നടത്തിയതിലൂടെ അനേകർക്കു സുവിശേഷം ശ്രവിക്കുന്നതിനു അവസരം ലഭിച്ചു.

നേഴ്സിംങ് പഠനത്തിനു കോമളിനു പ്രവേശനം ലഭിച്ചു. തെറ്റിദ്ധാരണ നിമിത്തം ഭർത്താവിൽ നിന്നും വേർപിരിഞ്ഞു ജീവിക്കുന്ന ഗീതയും ഭർത്താവും പിണക്കങ്ങൾ മാറ്റി രമ്യപ്പെട്ടു ഒരുമിച്ചു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന യോഗം, സുവിശേഷീകരണ പ്രവർത്തനം, സ്ത്രീകളുടെ യോഗം, കുട്ടികളുടെ ക്ലാസ്സുകൾ, വേദപഠനക്കൂട്ടങ്ങൾ ഇവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഷീല വിക്ടർ

### എട്ടപ്പള്ളി: അരവിന്ദ് വസാവെ & എജു അരവിന്ദ്

11 വ്യക്തികൾ പാപ സ്വഭാവം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രെച്ചപള്ളിയിൽ സംഘടിപ്പിച്ച യുവജന സമ്മേളനത്തിലും ആലപ്പള്ളിയിൽ സംഘടിപ്പിച്ച ഗിദയോന്യ ക്യാമ്പിലും പങ്കെടുത്തവർ ക്രിസ്തുവിനു വേണ്ടി സാക്ഷ്യമുള്ള ജീവിതം നയിക്കുവാൻ തങ്ങളെ സമർപ്പിച്ചു. നമ്മുടെ വിശ്വാസി ധനു സിദ്ധാമിനെ നെക്സലൈറ്റ് ആണെന്നു തെറ്റിദ്ധരിച്ച് പോലിസ് അറസറ്റു ചെയ്തെങ്കിലും പിന്നീട് സത്യം മനസ്സാലാക്കി അവനെ സ്വതന്ത്രനാക്കി. രോഗം നിമിത്തം അനേക നാളുകളായി ആശുപത്രിയിൽ കഴിഞ്ഞ സമീർ പുങ്കാട്ടിക്കു വേണ്ടി നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവകൃപയാൽ സൗഖ്യം ലഭിച്ചു.

ഇരുപ്പന്നൂർ, സങ്കം എന്നീ പ്രദേശങ്ങളിൽ സുവിശേഷ വേല ചെയ്യുവാൻ സമർപ്പിതരായ പ്രാദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കട്സത്തുർ ഗ്രാമത്തിലെ സത്തു അത്മാരനെ ക്രസ്തീയ വിശ്വാസം നിമിത്തം സ്വന്ത ഭവനത്തിൽ നിന്നും മൂത്ത സഹോദരൻ ഓടിച്ചു വിട്ടു. വിശ്വാസിയായ സാത്തു അത്മരനു ഉപജീവനമാർഗ്ഗം നൽകി ദൈവം പരിപോഷിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയം നിർമ്മിക്കുന്നതിനെതിരെ ശക്തമായ എതിർപ്പു നേരിടുന്ന കൊട്സൂർ ഗ്രാമത്തിൽ സമാധാന സാഹചര്യം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. കട്സന്തൂർ ആരാധനക്കൂട്ടത്തിലെ പിന്മാറ്റക്കാരായ സന്തോഷ്, ഗണേഷ്, പത്തുക്കേട്ട, മോദിമർക്ക ഗോസാമിയുടെ കുടുംബം എന്നിവർ കർത്താവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

### തലസാരി

### ഗദ്ദാം ശ്രീനിവാസറാവു & രാജലക്ഷ്മി

ജറി ഗ്രാമത്തിൽ സംഘടിപ്പിച്ച ഉപവാസ പ്രാർത്ഥനയിൽ അനേക വിശ്വാസികൾ പങ്കെടുത്തു അവരുടെ ബന്ധുമിത്രാദികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു. ഉത്തവ് ഗ്രാമത്തിലെ സഭയിൽ സഭാമൂപ്പന്മാർക്കു രണ്ടു ദിവസത്തെ പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. വിശ്വാസികളുടെ കുടുംബ സംഗമം സൈവാൻ ഒപ്വീറ, സാന്ദ്ര എന്നീ ഗ്രാമങ്ങളിൽ നടത്തി. ഉല്പാത്ത്, വേലുഗാം എന്നീ ഗ്രാമങ്ങളിൽ സ്ത്രീകളുടെ യോഗം സംഘടിപ്പിച്ചു.

മരുമകന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന സഭാമൂപ്പന്റെ സമാധാനത്തിനും ആശ്വാസത്തിനായി പ്രാർത്ഥിക്കുക പന്ത്രണ്ടാം ക്ലാസ്സിലെ പഠനം കഴിഞ്ഞ് ഈ മേഖലയിലുള്ള ചെറുപ്പക്കാർ വെറുതെ വീട്ടിൽ ഇരിക്കുകയാണ്. അവർ ഉത്സാഹിതരായി തങ്ങളുടെ ഉപജീവന മാർഗ്ഗം കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പ്രാർത്ഥനക്കൂട്ടങ്ങൾ ശക്തിപ്പെടേണ്ടതിനും എല്ലാ സഭകളിലും പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ അവരുടെ ആരാധനക്കൂട്ടങ്ങളെ പരിശുദ്ധാത്മ നിറവിൽ നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**28 ആഗസ്റ്റ് ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

എഡ്വേർഡ് ജപസിങ്. ജെ,
സുനിത വെച്ചിയ വസാവെ

## കർണ്ണാടക

### നിദാഗുണ്ടി : സമുവേൽ ബബർത്ത

ഹൻസിയാലയ, ഗംഗത്താർ എന്നീ ഗ്രാമങ്ങളിലുള്ള 210 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജ്ഞാനമ്മയുടെ ഭർത്താവ് രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ദേവിയമ്മ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ 15 ദിവസമായി ഉദരവേദനയാൽ കഷ്ടപ്പെട്ട സങ്കരാമിനെ ദൈവം സൗഖ്യമാക്കി. എല്ലാ ഞായറാഴ്ചയും പുതിയ വിശ്വാസികൾ ആരാധനയോഗത്തിൽ സംബന്ധിക്കുന്നു.

നിദാഗുണ്ടിയിലെ എല്ലാ മേഖലയിലും സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബന്ദാര ജനങ്ങളുടെ ആത്മീക ഉണർവ്വിനായി പ്രാർത്ഥിക്കുക. ഏഴു വർഷമായി പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന ഹിൻജാലിയ ഗ്രാമത്തിലെ രാമന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നീല ഭായി, സുനന്ത ഭായി എന്നിവർ പരീക്ഷ എഴുതി നല്ല വിജയം നേടേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നും നമ്മുടെ മിഷനറി ബബർത്ത സൗഖ്യം പ്രാപിച്ചു.

### ഷിരഹട്ടി
### അഷപ്രാപ്ത പാൽ & ദീന ബബർത്ത

ദീർഘകാലമായി രോഗാവസ്ഥയിൽ കഴിഞ്ഞ മഹേഷിനു വേണ്ടി വിശ്വാസികൾ ഉപവസിച്ചു പ്രാർത്ഥിച്ചപ്പോൾ ദൈവം സൗഖ്യം നൽകി. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 600 കുട്ടികൾ പഠിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂൾ നടത്തുന്ന സമ്രാട് നമ്മുടെ ശുശ്രൂഷക്കു ഏറിയ സഹായം നൽകുന്നു. നമ്മുടെ ശുശ്രൂഷയെ സഹായിക്കുന്ന സന്നദ്ധ പ്രവർത്തകർ സ്കൂൾ പഠനം പൂർത്തീകരിക്കുന്നതിനു മുമ്പ് ക്രിസ്തുവിനെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കൾക്കു തുടർ പഠനത്തിനു സർക്കാർ ഹോസ്റ്റലുകളിൽ പ്രവേശനം ലഭിച്ചു. ഇരുചക്ര വാഹനത്തിൽ നിന്നും താഴെ വീണ അഭിഷേക്, രാജേഷ് എന്നിവരെ കർത്താവ് അത്ഭുതകരമായി വിടുവിച്ചു.

കൃഷ്ണ ജോലി തേടി വിവിധയിടങ്ങളിൽ അലഞ്ഞു. അവനു ഒരു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാർക്കുവാൻ ഭവനമില്ലാതെ ഭാരപ്പെടുന്ന അഷോളിനു സർക്കാർ പദ്ധതിയിൽ ഒരു ഭവനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ മൈനമ്പയുടെ മാതാവ് ചാരായ കച്ചവടം നടത്തുന്നു. ഈ തിന്മ പ്രവർത്തി അവർ ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലമ്മയുടെ ഭർത്താവ് മദ്യാസക്തിയിൽ കുടുംബത്തിൽ കലഹമുണ്ടാക്കുന്നു മദ്യത്തിന്റെ പിടിയിൽ നിന്നും ഇയാൾക്കു വിടുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക വിശ്വാസികൾ കടഭാരത്താൽ കഷ്ടപ്പെടുന്നു അവരുടെ വിടുതലിനായി പ്രാർത്ഥിക്കുക.




## ആന്ധ്ര പ്രദേശ്

### ഡാമലച്ചെരിവ്

**ജോൺ ഡേവിഡ് രാജ് & ജ്ഞാനശേഖരി**

ഒരു കൂട്ടം വിശ്വാസികൾ ഒന്നു ചേർന്നു പ്രാർത്ഥിച്ചതിന്റെ ഫലമായി രാമമൂർത്തിയും അയാളുടെ മകൻ യാഗമ്പരവും മദ്യാസക്തിയിൽ നിന്നും മുക്തരായി. നമ്മുടെ വിശ്വാസി ജോസഫ് ശ്രീറാമിന്റെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത എല്ലാവരോടും സുവിശേഷം പങ്കുവെക്കുവാൻ ദൈവം കൃപ നൽകി. പെരുമ്പാമ്പിന്റെ ആക്രമണത്തിൽ നിന്നു നമ്മുടെ വിശ്വാസി ശാന്തയ്യായെയും കുടുംബത്തെയും ദൈവം സംരക്ഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ഗോവിന്ദ് വിടുതൽ പ്രാപിച്ചു.

ജോസഫ് ശ്രീറാമിന്റെ കുടുംബത്തിന്റെ ആശ്വാസത്തിനും മക്കളുടെ പഠന ആവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനും അവരുടെ ഭാവി അനുഗ്രഹിക്കപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. കലാവതി & ഈശ്വർ, സുമൻ & സുമാത്തര, നാഗേന്ദ്ര & മാലിശ്വരി, സുഭാഷിനി & ഗുരുവായ എന്നീ കുടുംബങ്ങളിൽ സമാധാനം ഉരുവാകേണ്ടതിനും അവർ ഒരുമിച്ചു ജീവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും പാവൻ മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും സുമൻ, രാജേഷ്, മുകേഷ്, ജയറാം, ചിന്നപാപമ്മ, സുബ്രമണി, ഗുരുവായ, ശിവ, പ്രശാന്ത്, സുബ്രമണി എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു വൃക്കകളും പ്രവർത്തന ക്ഷമമല്ലാത്ത വിക്ടർ വീരസ്വാമിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ച നിദാമുനിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. എഡ്രേർഡ്, സുബ്രമണി എന്നിവർക്കു ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റെഡ്ഡി ഷ്രീയുടെ രണ്ടു മക്കളും ഊമരും ചെകിടരുമാകുന്നു ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കലക്കദ : റൗട്ട് സുഭാഷ് & തുമ്പാട രാസിലബൻ

പ്രശ്നങ്ങളില്ലാതെ അന്വേഷക ക്യാമ്പ് സംഘടിപ്പിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും രാധമ്മ വിടുതൽ പ്രാപിച്ചു. രാജുവിന്റെ കണ്ണിന്റെ ശസ്ത്രക്രീയ വിജയകരമായിരുന്നു. പരിശുത്താമ്മയെ വൈദ്യുതാഘാതത്തിൽ നിന്നും ദൈവം വിടുവിച്ചു. ഭയത്തിൽ നിന്നും ബലഹീനതയിൽ നിന്നും എബ്രഹാം മോചിതനാകേണ്ടതിനായി പ്രാർത്ഥിക്കുക. രാജേഷിനു ഡെൽ കമ്പനിയിൽ സ്ഥിര ജോലി ലഭിച്ചു. മിഷനറി ഗുജറാത്തിലുള്ള കുടുംബാംഗങ്ങളെ സന്ധിച്ചിട്ടു സുരക്ഷിതരായി മിഷൻ വയലിൽ തിരികെ വന്നു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുക്കുന്ന അഞ്ചു വ്യക്തികളെ കുടുംബാംഗങ്ങളോ സമൂഹമോ ആശയകുഴപ്പത്തിലാക്കാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന രൂത്ത്, രത്തനമ്മ, ജയാമ്മ, പത്മാവതി, ചന്ദ്രമ്മ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നയോമിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

**30**
**ആഗസ്റ്റ്**
**വെള്ളി**

## കൊത്തച്ചെരിവ്

**ദേശായ് ദിലീപ് ഭായി &**
**രാധെ ലക്ഷ്മിബെൻ**

മൂന്നു ഗ്രാമങ്ങളിലെ 288 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവസഭയിലെ അംഗങ്ങളായി. കഠിനമായ കാലു വേദന നിമിത്തം നടക്കുവാൻ പ്രയാസപ്പെട്ട ലക്ഷ്മദേവമ്മ ദൈവാലയത്തിൽ വന്നു വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ സൗഖ്യമാക്കി.

ഹാരീഷിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന അമ്മയുടെയും സഹോദരിയുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മാതാവിന്റെ വേർപാടിനാൽ ഭാരപ്പെടുന്ന 12 വയസ്സുള്ള മുത്തയല്ലപ്പയുടെയും അവന്റെ രണ്ടു വയസ്സുള്ള സഹോദരിയുടെയും സുരക്ഷിതത്വത്തിനും ഭാവിക്കുമായി പ്രാർത്ഥിക്കുക. അപകടത്തിൽ കാലിനു പരിക്കു പറ്റിയ സതീഷ്, ശയ്യവലംബനായ നാരായണമ്മ, ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുന്ന വിജയലക്ഷ്മി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## പാല്മെനർ

**പോൾ കുപ്പുസ്വാമി & ഷൈല**

കന്ദരിഗ, സെവരപ്പള്ളി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. കജവരപള്ളി ഗ്രാമത്തിലെ സഭയിൽ രണ്ടു പുതിയ വ്യക്തികൾ കൂടി സംബന്ധിക്കുന്നു. കൊലമാസനപ്പള്ളി ഗ്രാമത്തിലെ ആരാധന യോഗത്തിൽ ധാരാളം പുതിയ ആളുകൾ സംബന്ധിക്കുന്നു. ഡോക്ടറന്മാർ സിസേറിയനു നിർദ്ദേശിച്ച ഹേമലത വിശ്വാസികളോടു ചേർന്നു വിശ്വാസത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി അവൾ സുഖ പ്രസവത്തിലൂടെ ഒരു പൈതലിനു ജന്മം നൽകി. ക്ഷയരോഗത്താൽ കഷ്ടപ്പെട്ട വെങ്കിട്ടരാമയെ നിരന്തരമായ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭാമൂപ്പന്മാരുടെയും യുവജനങ്ങളുടെയും വനിതകളുടെയും യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ദൈവാലയം നിർമ്മിക്കുന്നതിനാവശ്യമായ വസ്തു ദാനമായി നൽകിയ രാമണപ്പയെ കർത്താവ് അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയ വസ്തുവിന്റെ ആധാരം രജിസ്ട്രർ ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

### നിരന്തരമായ പ്രാർത്ഥന വിജയം കൊണ്ടുവരും!

പശ്ചിമ ബംഗാളിൽ, പഗുഗാട് മിഷൻ വയലിലെ നീംധാക്ക ഗ്രാമത്തിൽ ജീസസ് ഫിലം പ്രദർശിപ്പിക്കുന്നതിനും സുവിശേഷം പ്രഘോഷിക്കുന്നതിനുമായി നമ്മുടെ മിഷനറി രാമകൃഷ്ണയും പ്രാദേശിക സുവിശേഷകനും പോയി. രാത്രി യോഗത്തിനു ശേഷം മതതീവ്രവാദികൾ അവരുടെ വാഹനം തടഞ്ഞ് അവരെ നിന്ദിച്ച് വാഹനത്തിലുണ്ടായിരുന്ന എല്ലാ സാധന സാമഗ്രികളും അപഹകരിച്ചു കൊണ്ടു പോയി. അന്നു മുതൽ ആ ഗ്രാമത്തിനു വേണ്ടി നാം പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവം ഈ പ്രാർത്ഥനക്കു മറുപടി നൽകി. ആ ഗ്രാമത്തിലെ അനേക ആളുകൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കഴിഞ്ഞ ജൂണിൽ പട്ടണത്തിൽ ഒരു ആരാധന സ്ഥലം ക്രമീകരിച്ചു ഇതു സാധ്യമാക്കിത്തന്ന ദൈവത്തെ സ്തുതിച്ചു. ദൈവത്തിനു മഹത്വം!




## ജന്മദിനാശംസകൾ

ക്രിസ്റ്റോഫർ പി. ജി,
ബാലാജി യേശുദാസൻ

### കുഴം

**വെങ്കിടേശൻ ക്രെസന്റ് & ശശികല**

കൊന്താദിമാനപ്പള്ളിയിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. 9 വ്യക്തികൾ പാപ ജീവിതം ഉപേക്ഷിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഭവന കൂദാശ വേളയിൽ സുപ്പു - അനിത ദമ്പതികൾക്കു തങ്ങളുടെ ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെക്കുന്നതിനുള്ള അവസരം ലഭിച്ചു. നമ്മുടെ വിശ്വാസികളുടെ മക്കൾ തുടർ പഠനത്തിനായി സർക്കാർ സ്ഥാപനങ്ങളിൽ ചേർന്നു.

ജാസ്മിൻ - യാസ്ബിൻ കുടുംബം നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിൽ നിന്നു അവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. കുമാർ - രാധിക ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന ക്യാമ്പ്, പുതിയ വിശ്വാസികളുടെ പരിശീലന പ്രോഗ്രാം, സഭാമൂപ്പന്മാരുടെ പരിശീലനം, അന്വേഷക ക്യാമ്പ് എന്നിവകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ശങ്കരമാന രോഗങ്ങളിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രവർത്തനം വിസ്തൃതമാക്കുന്നതിനു സമർപ്പണമുള്ള സ്വദേശ സുവിശേഷകരെ കർത്താവ് എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### ഡെങ്കണി കോട്ടൈ

**എസ്ഥേർ തങ്കം & എസ് ജപരാജ്**

അന്തനവാനപ്പള്ളി ഗ്രാമത്തിലെ സുഗന്യ, സിന്ധു എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. വനപാലകൻ ലൂക്ക് മുനുസ്വാമി കാട്ടിൽ ആനയുടെ മുമ്പിൽ അകപ്പെട്ടു. ആന അവനെ വിരട്ടി ഓടിച്ചു. അവൻ ഭയന്നു ഓടിയപ്പോൾ ഉറക്കെ കർത്താവിനോടു പ്രാർത്ഥിച്ചു. ദൈവം അവനെ സകല ആപത്തുകളിൽ നിന്നും വിടുവിച്ചു. വൃക്ക പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഡയാലിസിസിനു വിധേയനാകുന്ന ജോർജിന്റെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി വൃക്ക പ്രവർത്തിക്കുവാൻ തുടങ്ങിതിനാൽ ഇനിയും ഡയാലിസിസത്തിന്റെ ആവശ്യമില്ലെന്നു ഡോക്ടറന്മാർ നിർദ്ദേശിച്ചു. കർത്താവിൽ നിദ്ര പ്രാപിച്ച 90 വയസ്സുള്ള റബേക്കമ്മയുടെ സംസ്കാര വേളയിൽ കൂടിവന്നവരോടു ജീവനുള്ള സുവിശേഷ സത്യം പങ്കുവെച്ചു.

ഈയടുത്ത കാലത്തു ഭർത്താവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ആരതിയുടെയും മക്കളുടെയും ഉപജീവന മാർഗ്ഗത്തിനായി പ്രാർത്ഥിക്കുക. മാരക്കാത്ത ഗ്രാമത്തിലെ ദൈവാലയത്തോടു ചേർന്നു സണ്ടേ സ്കൂൾ നടത്തുന്നതിനായി ഒരു മുറി കൂടി പണിയേണ്ടതിനായി പ്രാർത്ഥിക്കുക. സഭാഹാളിൽ 25 കുട്ടികൾക്കു ട്യൂഷൻ എടുക്കുന്നതിനു പദ്ധതിയിടുന്നു. ഈ പദ്ധതി വിജയകരമായി യാഥാർത്ഥ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## We want to help you to be in touch with…
## Friends Missionary Prayer Band

**ZONAL ADVISOR :** **Bro. C.S. Isaiah,** F.M.P.B, Messiah Sadan, Thirumala P.O,
................................ Thiruvanathapuram -695006. Mob. 9447 000 899

**ZONAL OFFICE :** **Rev. Thomas Mathew,** Zonal Secretary, FMPB, Choorakuzhiyil House,
..................................Makkapuzha P.O, Ranni - 689 676.Mob. 9495 309 335,
..................................E - Mail. thomasmatthew@fmpb.org, sajifmpb@gmail.com

**REGION ADVISOR :** **Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION :** **Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala:** ................**Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Thiruvanathapuram:****Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Neyyattinkara East :****Mr.K. Thankappan,** Hon. Pro. secretary, FMPB, "Prabhath",
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:****Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram :** **Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada :** ......... **Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**Kollam :** .............. **Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**CENTER KERALA REGION :** **Rev. Abraham Thomas,** Regional Secretary, FMPB,
..................................Madhavanpady, Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**Thiruvalla:**............. **Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :****Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 :** ..... **Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 :** ..... **Mr. W.H. George,** Hon.Prom.sec. FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**Munnar :** ............. **Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION :** **Rev. Vavachen.M.P,** Regional Secretary, FMPB, Ararat,
..................................Narayananasan Road, Vittila P.O- 682 019; Mob. 9847 575 416;

**East Kerala :**....... **Rev. Babu P,** Prom.Sec. Mob.8809 936 270

**Thripunithura :**... **Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor**........ **Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu**............ **Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION :** **Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode :** ........ **Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu :** ........ **Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad :** .......... **Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

## 396 മിഷനറി ആൽബം

മിഷനറി എസ് ജോൺ അരുൾരാജ്, തിരുനെൽവേലി ജില്ലയിലെ ശ്രീ. സെൽവരാജിന്റെയും ശ്രീമതി സെൽവ മണിയുടെയും ഇളയ മകനായി 1981 മാർച്ച് ഏഴാം തീയതി ജനിച്ചു. അവന് ഒരു സഹോദരനും രണ്ടു സഹോദരിമാരും ഉണ്ട്. മാതാപിതാക്കളുടെ ജോലിയോ ടുള്ള ബന്ധത്തിലും മക്കളുടെ വിദ്യാഭ്യാസത്തിനുമായി ഈ കുടുംബം തൂത്തുക്കുടിയിലാണ് താമസിച്ചത്. ഈ മാതാപിതാക്കൾ അവരുടെ മക്കളെ ക്രിസ്തീയ മൂല്യങ്ങൾക്കധിഷ്ഠിത മായിട്ടാണ് മക്കളെ വളർത്തിയത്. തൂത്തുക്കുടിയിലെ കാമരാജ് കോളജിൽ മൂന്നാം വർഷ B.Com പഠിക്കുന്ന വേളയിൽ അവരുടെ സഭയിൽ നടത്തിയ യുവജനസമ്മേളനത്തിൽ വെച്ചു ആർതർ അരുൾരാജ് യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. അതിലുപരി യിരെമ്യാവ് 1:5 ലൂടെ അവനു പൂർണ്ണ സമയ സുവിശേഷ വേലക്കായുള്ള ദൈവവിളിയും ലഭിച്ചു. വടാഫോൺ കമ്പനിയിൽ ജോലി ചെയ്യുന്ന വേളയിൽ ലഭിക്കുന്ന അവധി ദിവസങ്ങളിൽ സുവിശേഷ വേലയിൽ ഏർപ്പെട്ടിരുന്നു.

തൂത്തുക്കുടി ജില്ലയിലെ ശ്രീ. വേദമാണിക്യത്തിന്റെയും ശ്രീമതി. തമിഴരസി യുടെയും മൂത്തമകളായി 1982 ഫെബ്രുവരി ഏഴിനു സഹോദരി ധന പുഷ്പം ജനിച്ചു. അവൾക്കു ഒരു സഹോദരി ഉണ്ട്. സഹോദരി ധനപുഷ്പം പത്താം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ സെയാർപുരത്തു ഇവാൻജലിക്കൽ യൂണിയൻ നടത്തിയ യോഗത്തിലൂടെ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് നസ്രേത്തിൽ നടത്തിയ യുവജന സമ്മേ ളനത്തിലൂടെ അവൾ പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പി ച്ചു. 2001 മുതൽ 2009 വരെ തൂത്തുക്കുടി മൊബലൈസേഷൻ ആഫീസിൽ സന്നദ്ധ പ്രവർത്തകയായി പ്രവർത്തിച്ചു. 2009 ജനുവരി ഏഴിന് ശ്രീ. എസ് ജോൺ അരുൾരാജുമായുള്ള വിവാഹം നടന്നു. 2013 ജൂൺ 21 ന് അവർ കുടുംബമായി FMPB യിൽ ചേർന്നു. ഒരു വർഷത്തെ മിഷനറി പരിശീലനത്തിനു ശേഷം അവർ ഹിമാചൽ പ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ മിഷൻ വയ ലുകളിൽ മിഷനറിമാരായി പ്രവർത്തിച്ചു. 2019 മുതൽ ഇവർ മഹാരാഷ്ട്രയിലെ നവി മുംബയിൽ മൊബലൈസേഷൻ മിഷ നറിമാരായി പ്രവർത്തിക്കുന്നു.



ശ്രീ. ജോൺ അരുൾരാജ് & ശ്രീമതി. ധനപുഷ്പം കുടുംബം

ദൈവം ഇവർക്കു ഒരു മകനെയും ഒരു മക ളെയും നൽകി അനുഗ്രഹിച്ചു. അവരുടെ മകൻ അസറിയ ശമുവേൽ രാജ് (12.10.2009) പത്താം ക്ലാസ്സിലും മകൾ മഹിമ (19.2.2015) അഞ്ചാം ക്ലാസ്സിലും ഡോണാവൂരിലുള്ള സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു. ഈ മിഷനറി കുടുംബത്തെ നമ്മുടെ പ്രാർ ത്ഥനയിൽ ഓർക്കാം.

GO OR SEND

## ഫ്രണ്ട്സ് മിഷനറി പ്രെയർ ബാൻഡ്

# ദേശീയ ഉപവാസ പ്രാർത്ഥന 2024

നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിനും സഭകളുടെ ഉണർവ്വിനുമായി മിഷൻ വയലുകളിലും മൊബലൈസേഷൻ കേന്ദ്രങ്ങളിലും ആസ്ഥാന മന്ദിരത്തിലും ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥന യോഗങ്ങളിൽ പങ്കെടുക്കുന്നതിനു നിങ്ങളേവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

ദൈവമക്കളാകുന്ന നമുക്ക് നമ്മുടെ ദേശത്തിനു വേണ്ടി ദൈവമുമ്പാകെ ഇടിവിൽ നിന്നു പ്രാർത്ഥിക്കാം.

**ആഗസ്റ്റ്**
**9 മുതൽ**
**11 വരെ**



**കൂടുതൽ വിവരങ്ങൾക്ക്:**

നിങ്ങളുടെ സമീപത്തുള്ള മൊബലൈസേഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***